മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

മലങ്കരസഭ

നവംബർ
2000

മാസിക











- പരുമലപ്പള്ളി കൂദാശ - പെരുന്നാൾ ജനസഹസ്രങ്ങളുടെ അണിചേരൽ
- പരുമലയ്ക്കൊരു മാസ്റ്റർ പ്ലാൻ
- ആദ്ധ്യാത്മികശക്തിയിൽ നിറഞ്ഞ മഹായോഗി - ഗവർണ്ണർ പി.സി. അലക്സാണ്ടർ
- വൈദിക ക്ഷേമനിധി - ചില വിചിന്തനങ്ങൾ

Welcome to His All Holiness BARTHOLOMEW I Ecumenical Patriarch of Constantinople Who Visits Kerala from 17th to 20th November, 2000

മലങ്കരസഭ

മാസിക
ദേവലോകം, കോട്ടയം–686 038
ഫോൺ: 0481–573234
ലക്കം: 11 പുസ്തകം 56
നവംബർ 2000



PATRON SAINT

ഡി.റ്റി.പി.
എം.എസ്. ഗ്രാഫിക്സ്, ദേവലോകം.

ഉൾത്തുടിപ്പുകൾ

എഡിറ്റോറിയൽ

വൈദികക്ഷേമനിധി

ഫാ. ഡോ. ജേക്കബ് കുര്യൻ

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസും, മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയും കാലോചിതമായി എടുത്ത ഒരു തീരുമാനമാണ് മലങ്കരസഭയിലെ വൈദികർക്കായി ഒരു ക്ഷേമനിധി ഉണ്ടാകണമെന്ന്. തികച്ചും അഭിനന്ദാർഹവും, ആശ്വാസകരവുമാണ് ഈ തീരുമാനം. ഒരു കോടിരൂപയോളം ലക്ഷ്യം വച്ച് ഈ പദ്ധതി, അത്രയുമൊന്നും സ്വരൂപിക്കുവാൻ കഴിഞ്ഞില്ലെങ്കിലും കുറെയൊക്കെ വിജയകരമായിത്തീർന്നുവെന്നു പറയുവാൻ കഴിയും. ഇനിയും രണ്ടുതലങ്ങളിലാണ്, ഇതിന്റെ പൂർത്തീകരണം നടക്കേണ്ടത് ഒന്ന്, വൈദികരുടെ മുഴുവൻ സാമ്പത്തിക സഹകരണം രണ്ട്, സഹായവിതരണത്തിന് സുതാര്യമായ ഒരു സംവിധാനം.

വൈദികർ മുഴുവൻ ഈ ക്ഷേമനിധിയിലേക്ക് തങ്ങളുടെ ഒരു മാസത്തെ ശമ്പളം നൽകുകയെന്നത് തികച്ചും അഭിലഷണീയം തന്നെ. എന്നാൽ പലരും അതു നൽകാതിരിക്കുന്നത് പ്രസ്തുത ക്ഷേമനിധിയെക്കുറിച്ച് അവരുടെയിടയിൽ നിലനിൽക്കുന്ന സംശയങ്ങൾ മൂലമാണെന്നറിയുന്നു. വൈദികരുടെ നിയമനം, സ്ഥലമാറ്റം, സേവനവേതന ക്രമീകരണം, റിട്ടയർമെന്റ്, മുതലായ കാര്യങ്ങളിൽ അതാതു ഭദ്രാസന കേന്ദ്രങ്ങളാണ് ഇപ്പോൾ ചുമതലയായിട്ടിരിക്കുന്നത്. സഭയ്ക്കു മുഴുവൻ പൊതുവായ ഒരു വൈദികസേവന-വേതന ക്രമീകരണം ഇല്ലാത്തിടത്തോളം, ക്ഷേമനിധിമാത്രം സഭാ കേന്ദ്രത്തിൽ നിന്ന് കൈകാര്യം ചെയ്യുന്നതിന്റെ യുക്തിയും പ്രായോഗികതയും കൂടുതൽ വ്യക്തമാക്കേണ്ടിയിരിക്കുന്നു എന്ന് പലരും പറയുന്നു. ബാഹ്യ കേരളത്തിൽ സേവനം കഴിഞ്ഞ്, നാട്ടിൽ തിരിച്ചെത്തുന്ന വൈദികരെയോ, നാട്ടിലെ തന്നെ ഒരു ഭദ്രാസനത്തിൽ നിന്ന് മറ്റൊരു ഭദ്രാസനത്തിലേക്ക് മാറുന്ന വൈദികരെയോ സ്വീകരിക്കുന്നത് പ്രസ്തുത വൈദികരുടെ ഇതഃപര്യന്തമുള്ള സേവനചരിത്രത്തെ വേണ്ടവിധം ഉൾക്കൊണ്ടുകൊണ്ടല്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

സഭയിലെ വൈദികർക്കെല്ലാം പൊതുവായി ഒരേ റിട്ടയർമെന്റ് വ്യവസ്ഥകളും, സേവനകാലാവധിയുടെ തുടർച്ച ഉറപ്പുവരുത്തുന്ന കേന്ദ്രീകൃത പേഴ്സണൽ ഫയൽ സിസ്റ്റവും ഉണ്ടാകുമ്പോൾ, വൈദികർക്ക് കേന്ദ്രീകൃത ക്ഷേമനിധിയെക്കുറിച്ച് കൂടുതൽ മതിപ്പുളവാകും.

ക്ഷേമനിധിയിൽ നിന്ന് സഹായം ലഭിക്കുവാൻ അർഹത ആർക്കൊക്കെയെന്നും, അതു ലഭ്യമാക്കുവാൻ എന്താണ് നടപടിയെന്നും വ്യക്തമാക്കേണ്ടത് ആവശ്യമാണ്. ഔദാര്യത്തിൽ മാത്രം അടിസ്ഥാനപ്പെട്ട ഒരു സഹായപദ്ധതിയോട് സമീപിക്കുവാൻ പലർക്കും ബുദ്ധിമുട്ടുകാണും. അതുകൊണ്ട് അർഹതപ്പെട്ടവർക്ക് ലഭിക്കാതെയും, അനർഹർ നേടിയെടുക്കുന്നതും, ആയ പരാതികൾ ഉണ്ടാകാം. സർക്കാരിന്റെ ബഫർസ്റ്റോക്കുപോലെ ഒരു നിക്ഷേപമായി, വൈദിക ക്ഷേമനിധിമാറിപ്പോകും എന്ന ആശങ്കയെയും അതിജീവിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ സഹായവിതരണത്തിന് സുതാര്യമായ ഒരു സംവിധാനം ഉറപ്പുവരുത്തേണ്ടതാവശ്യമാണ് സഹായവിതരണത്തിന് ഒരു കേന്ദ്രീകൃത സംവിധാനത്തേക്കാൾ, സുതാര്യമായ ഒരു ഭദ്രാസനാധിഷ്ഠിത സംവിധാനമായിരിക്കും കൂടുതൽ ഫലപ്രദം എന്ന നിർദ്ദേശത്തെയും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

ഇത്രയും സൂചിപ്പിച്ചത്, സഭയിലെ എല്ലാ വൈദികരും വൈദിക ക്ഷേമനിധിയുമായുള്ള സഹകരണം ഉറപ്പുവരുത്തുവാനാണ്. ഈ കാര്യത്തിൽ എല്ലാ വൈദികരും ആത്മാർത്ഥമായി സഹകരിച്ച് എല്ലാ സഭകൾക്കും മാതൃകാപരമായ ഒരു പദ്ധതിയായി വൈദികക്ഷേമിനധിയെ എടുത്തുകാണിക്കുവാൻ നമുക്കു സാധിക്കട്ടെ.



പരുമല എന്നും സഭാംഗങ്ങളുടെ പുണ്യതീർത്ഥാടനകേന്ദ്രം

കർത്താവിൽ പ്രിയരേ,

വിശുദ്ധരിൽ വിശുദ്ധനും ഒരു മഹാമഹർഷിയുമായിരുന്ന പ. പരുമല കൊച്ചുതിരുമേനിയുടെ ആത്മീയ പ്രഭാവലയത്താൽ പരിസേവിതമായ അന്തരീക്ഷത്തിൽ നിന്നുകൊണ്ടു പ്രസംഗിക്കുമ്പോൾ ഞാൻ എത്ര മാത്രം നിസ്സാരനായ ഒരു വ്യക്തിയാണെന്നു ചിന്തിച്ചു പോകുകയാണ്. ദൈവമേ എന്നോടു കരുണ തോന്നണമെന്നും പരിശുദ്ധന്റെ പ്രാർത്ഥനാശക്തി എന്നിൽ ആവാഹിക്കണമെന്നും ഞാൻ അർത്ഥിക്കുന്നു.

പരിശുദ്ധനായ പരുമലത്തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല എന്നും ഒരു പുണ്യസ്ഥലമാണ്. ഒരതുല്യതീർത്ഥാടന കേന്ദ്രമാണ്. സംശയമില്ല പല അവസരത്തിലും ഇവിടെ വന്നു പ. പിതാവിന്റെ കബറിങ്കൽ പ്രാർത്ഥിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ആ അവസരങ്ങളിലെല്ലാം നിറയുന്ന കണ്ണുകളോടും നീറുന്ന ഹൃദയങ്ങളോടും കൂടി അധികം ആളുകൾ ജാതിമതഭേദചിന്തയെന്യേ കബറിങ്കൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാഴ്ച എന്നെ വിസ്മയഭരിതനാക്കിയിട്ടുണ്ട്.

ഒരിക്കൽ ഞാൻ നേരിട്ടു കണ്ട ഒരു സംഭവം എന്റെ മനസ്സിൽ ഇന്നും മായാതെ നിലകൊള്ളുന്നു. വേഷഭൂഷാദികൾ കൊണ്ട് അക്രൈസ്തവയെന്നു തോന്നിയ ഉന്നതകുലജാതയായ ഒരു തരുണീ രത്നം കൂപ്പു കയ്യിൽ ഒരു കത്തിച്ച മെഴുകുതിരി പിടിച്ചുകൊണ്ടു കബറിങ്കൽ ഏകാഗ്രതയോടെ മിതസ്വരത്തിൽ എന്റെ പിതാവേ എന്നെ അനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിക്കുന്നതു ഞാൻ കേട്ടു അവരുടെ നേത്രങ്ങളിൽ നിന്നു അശ്രുധാര ഒഴുകുന്നുണ്ടായിരുന്നു. ഞാൻ അവിടെ ചെന്നു സാധാരണ രീതിയിലുള്ള പ്രാർത്ഥന അല്പം സ്വരം ഉയർത്തി ചൊല്ലിയിട്ടും ആ സ്ത്രീ ഭാവവ്യത്യാസമെന്യേ ധ്യാനപ്രാർത്ഥനയിൽ മുഴുകി തന്നെയായിരുന്നു. എന്നെ അവർ കാണുകയോ എന്റെ പ്രാർത്ഥന കേൾക്കുകയോ ചെയ്തില്ലെന്നാണു എന്റെ ധാരണ. കാരണം അവരുടെ ഹൃദയവും നേത്രങ്ങളും ആ മഹാപരിശുദ്ധനിൽ അത്രക്ക് കേന്ദ്രീകരിച്ചിരുന്നു. എന്റെ പ്രാർത്ഥനയ്ക്കു ശേഷം അല്പനേരം ഞാൻ ആ മഹതിയെ ശ്രദ്ധിച്ചു. ദൈവമേ ഇതുപോലെയുള്ള ഏകാഗ്രത എനിക്കും തരണമെന്ന് എന്റെ അന്തരംഗം മന്ത്രിച്ചു. ആ സ്ത്രീ, ഗുരുതരമായ എന്തോ മാനസിക വ്യഥ അനുഭവിക്കുകയാണെന്ന് എനിക്കു തോന്നി. എന്തായാലും അവർ അനുഗ്രഹീതയായി എന്നു ഞാൻ വിശ്വസിക്കുകയാണ്. ഇതുപോലെ അനേകശതം സ്ത്രീ പുരുഷന്മാർ കബറിങ്കൽ വന്നു സ്വർഗ്ഗീയ സമാധാനവും അനുഗ്രഹവും പ്രാപിച്ചു കൊണ്ടിരിക്കുന്നു.

മുളന്തുരുത്തിയിലുള്ള ചാത്തുരുത്തിൽ കുടുംബത്തിലെ കൊച്ചു മത്തായിയുടെയും കുഞ്ഞു മറിയാമ്മയുടെയും ഏറ്റവും ഇളയ പുത്രനായി 1848 ജൂൺ 15-നു പരുമലത്തിരുമേനി ജനിച്ചു. കൊച്ചയ്പ്പോര എന്ന ഓമനപ്പേരു ലഭിച്ച ഗീവറുഗീസ്, പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു സുറിയാനിഭാഷ പഠനത്തിലേക്കും, 1858-ൽ വൈദിക സരണിയിലേക്കും പ്രവേശിച്ച ഗീവറുഗീസ് റമ്പാൻ 1876-ൽ വടക്കൻ പറവൂർ പള്ളിയിൽ വച്ചു. പ. പത്രോസ് ത്രിതീയൻ പാത്രയർക്കീസിനാൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ ചുമതലയും ലഭിച്ചു.

സംഭവബഹുലമായ അദ്ദേഹത്തിന്റെ ജീവിതയാത്രയിൽ മലബാർ, ഗോവ, സിലോൺ എന്നിവടങ്ങളിലെ ക്രൈസ്തവരിൽ വരെ വലിയ പരിവർത്തനം ഉണ്ടായി. അവിടെയുള്ള പലരും ഓർത്തഡോക്സ് സഭയിൽ ചേർന്നു. ഗോവയിൽ നേതൃത്വം നൽകിയ അൽവാറീസ് അച്ചനെ മെത്രാനായി വാഴിച്ചു. കൂടാതെ റിനിവിലാത്തി എന്ന വൈദികനെയും മെത്രാനഭിഷേകം ചെയ്തു. പുറജാതിക്കാരുടെ ഇടയിലെ മിഷൻ പ്രവർത്തനം ഇംഗ്ലീഷ് സ്ക്കൂളുകളുടെ സ്ഥാപനം, ഊർശ്ലേം യാത്ര എന്നിവയും അവിസ്മരണീയമാണ് ഈ ഭക്തശിരോമണിയായ പിതാവ് 1902 നവംബർ രണ്ടിനു കാലം ചെയ്തു.

ഒരു യഥാർത്ഥ സംഭവം ഓർപ്പിക്കട്ടെ. ഒരിക്കൽ ഒരു പള്ളി സന്ദർശനം കഴിഞ്ഞ് വള്ളത്തിൽ പരുമലയിലേക്കു മടങ്ങി വരികയായിരുന്നു കൊച്ചു തിരുമേനി. മാർഗ്ഗമദ്ധ്യേ ആറ്ററികിലുള്ള ഒരു ചെറ്റക്കുടിലിൽ അവിടത്തെ ഗൃഹനായകൻ പാതിരാപ്രാർത്ഥന നടത്തുന്നതുകേട്ടും ഈ പ്രാർത്ഥന കേട്ട് ആകൃഷ്ടനായി വള്ളക്കാരനോട് കുഞ്ഞേ ആ വീടിന്റെ അടുക്കലേക്ക് വള്ളം അടുപ്പിക്കുക എന്നു തിരുമേനി പറഞ്ഞു. പ്രാർത്ഥന കഴിയും വരെ തിരുമേനിയുടെ വള്ളം കാത്തുകിടന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ശെമ്മാശ്ശൻമാരുടെ സഹായത്തോടെ വള്ളത്തിൽ നിന്ന് ഇറങ്ങി വീടിനടുത്തു ചെന്ന് വാതിലിൽ മുട്ടി. ഗൃഹനായകൻ അകത്തു നിന്നു ചോദിച്ചു ആരാണ് വാതിലിൽ മുട്ടുന്നത് എന്ന്. 'ഞാനാണ് കുഞ്ഞേ നീ വാതിൽ തുറക്ക്' ആരാണ് എന്ന് അറിയാനാവാതെ ഗൃഹനാഥൻ വീണ്ടും ചോദിച്ചു ആരാണ് വാതിലിൽ മുട്ടുന്നത് പേരു പറയാമോ? തിരുമേനി പേര് പറഞ്ഞില്ല. 'ഞാനാണ് എന്നു മാത്രം പറഞ്ഞു' പിന്നെയും ഒന്നു രണ്ടു തവണ ഇപ്രകാരം ആവർത്തിച്ചു. അയാൾ വാതിൽ തുറന്നു. രാത്രിയിൽ ഈ കുപ്പായവും ദീക്ഷയും എല്ലാം കണ്ട് അയാൾ പേടിച്ചുപോയി തിരുമേനി കല്പിച്ചു മക്കളേ ഞാനാണ് പേടിക്കേണ്ട അപ്രതീക്ഷിതമാണെങ്കിലും പരുമലകൊച്ചുതിരുമേനി എന്നു മനസ്സിലാക്കിയ ഗൃഹനായകൻ പാദത്തിൽ വീണു ചുംബിച്ചു. തിരുമേനി അദ്ദേഹത്തെ പൊക്കി എടുത്ത് കല്പിച്ചു; മക്കളേ നിന്റെ പ്രാർത്ഥന കേട്ട് ഞാൻ വരികയായിരുന്നു അടുത്ത വാചകം വളരെ ശ്രദ്ധേയമാണ് "ഇങ്ങനെയുള്ള ഭവനങ്ങളാണല്ലോ, ഈ സഭയെ നിലനിർത്തിയിരിക്കുന്നത്". ഇത് നാമെല്ലാം ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യമാണ് സഭയിലെ വിശ്വാസികൾ പ്രാർത്ഥിക്കുന്നവരാകണം. ഒരു ചൊല്ല് കേട്ടിട്ടുണ്ട്. നന്നായി പ്രാർത്ഥിക്കുന്നവർ നന്നായി ജീവിക്കും. നന്നായി ജീവിക്കുന്നവർക്ക് മാത്രമേ നന്നായി പ്രാർത്ഥിക്കുവാൻ കഴിയൂ.

ദൈവാനുഗ്രഹങ്ങളെ പിടിച്ചിറക്കുന്ന പ്രാർത്ഥനാ ജീവിതം ഉണ്ടാകണം. ഈ മഹത്തായ മാതൃക പിന്തുടരണം. ദൈവ തിരുനാമം മഹത്വപ്പെടട്ടെ.

അദ്ധ്യാപക അവാർഡ്



കിഴവള്ളൂർ സെന്റ് ജോർജ്ജ്സ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സൂസൻ പണിക്കർ സംസ്ഥാനത്തെ മികച്ച അദ്ധ്യാപകർക്കുള്ള അവാർഡ് കരസ്ഥമാക്കി. പി. ജി. ടി. എ. വനിതാ ഫോറം സംസ്ഥാന കൺവീനർ, സംസ്ഥാന വൈസ് പ്രസിഡണ്ട്, ഓർത്തഡോക്സ് സ്കൂൾ റ്റീച്ചേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി, എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഇരവിപേരൂർ ശങ്കരമംഗലം കുടുംബാംഗമായ സൂസൻ തിരുവല്ല പാലവിള ദീപാഞ്ജലിയിൽ റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ അലക്സാണ്ടർ പണിക്കരുടെ ഭാര്യയാണ്.

സൗഖ്യം ആന്തരികമാവണം

– മാർ എപ്പിഫാനിയോസ്

കൊട്ടാരക്കര: ബാഹ്യമായ സൗന്ദര്യത്തിന് മനുഷ്യൻ ഓടി നടക്കുമ്പോൾ ആന്തരിക സൗഖ്യം മറന്നു പോകുന്നു. ആന്തരിക സൗഖ്യമാണ് പ്രധാനമെന്ന് മാർ എപ്പിഫാനിയോസ് പ്രസ്താവിച്ചു. കൊട്ടാരക്കര ഓർത്തഡോക്സ് കൺവൻഷൻ സെന്ററിലാരംഭിച്ച ചൈതന്യ ഹീലിംഗ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഡയറക്ടർ റവ. ഡീക്കൻ ജേക്കബ് ജോൺ ഇളമ്പൽ പ്രാണിക് ഹീലിംഗിനെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. പ്രൊഫ. തോമസ് ലൂക്കോസ് ആശംസകൾ അർപ്പിച്ചു. സെന്ററിൽ പ്രാണിക് ഹീലിംഗ്, അക്യുപ്രഷർ, മെഡിറ്റേഷൻ, ഹിപ്നോതെറാപ്പി, കൗൺസലിംഗ് തുടങ്ങി നിരവധി ചികിത്സാരീതികൾ നടത്തപ്പെടുന്നു. തിങ്കൾ, ബുധൻ, വെള്ളിയാണ് പ്രവർത്തന ദിവസങ്ങൾ.

നിയമനം ലഭിച്ചു



നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ യൂണിറ്റായ യൂണിറ്റി ഫെലോഷിപ്പ് & ഡയലോഗിൽ ഇൻന്റേണായി നിയമനം ലഭിച്ച റവ. ഡീ. എസ്. വി. മാത്യു തുവയൂർ കൊല്ലം ഭദ്രാസനത്തിൽപെട്ട തുവയൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

ജി. സാംകുട്ടി ഭദ്രാസന സെക്രട്ടറി



അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ തിരുവനന്തപുരം ഭദ്രാസന ജനറൽ സെക്രട്ടറിയായി ചൊവ്വള്ളൂർ പ്ലാവിള പുത്തൻവീട്ടിൽ ജി. സാം കുട്ടിയെ ഭദ്രാസന അസിസ്റ്റന്റ് മെത്രാപ്പോലീത്ത മാത്യൂസ് മാർ എപ്പിഫാനിയോസ് നിയമിച്ചു.

ഉപ്പാണ്ടിമാപ്ല

റോണി, കോടുകുളഞ്ഞി



വാർത്തകൾ മലങ്കരസഭ വാർത്തകൾ



അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ മുൻ വൈസ് പ്രസിഡന്റും വാഴമുട്ടം മാർ ബഹനാൻ ഓർത്തഡോക്സ് വലിയ പള്ളിയുടെ വികാരിയും ആയ ഫാദർ. കെ. വി. പോൾ പത്തനാപുരം സെന്റ് സ്റ്റീഫൻ കോളേജിന്റെ പ്രിൻസിപ്പളായി നിയമിതനായി.

യൂത്ത് കോൺഫറൻസ്

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, ഭുവനേശ്വർ ഇടവകയുടെ അഭിമുഖ്യത്തിൽ ഒക്ടോ. 5 മുതൽ ഒക്ടോ. 8, വരെ ഭുവനേശ്വർ ഇടവക പള്ളിയിൽ വച്ച് സ്റ്റുഡന്റസ് കോൺഫറൻസ് നടത്തി. പ്രസ്തുത കോൺഫറൻസിൽ വെരി. റവ. യൂഹാനോൻ റമ്പാൻ, വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ, റെവ. ഫാ. കെ. എസ്. ജോർജ്ജ്, അബിലാഷ് കെ. ഐസ്സക്, അജി ചാക്കോ എന്നിവർ നേതൃത്വം നൽകി.



കോട്ടയം മുനിസിപ്പൽ ചെയർമാനും കൗൺസിൽ അംഗങ്ങൾക്കും ദേവലോകം അരമനയിൽ നൽകിയ സ്വീകരണത്തിൽ പ. ബാവാ അദ്ധ്യക്ഷപ്രസംഗം ചെയ്യുന്നു. ചെയർമാൻ സണ്ണി കല്ലൂർ തെയോഫോറോസ് റമ്പാൻ എന്നിവരെയും കാണാം.

ദേവലോകം അരമന ഫോൺ നമ്പരുകൾ

കോഡ് 0481	Fax :	570569
പ. ബാവാതിരുമേനി	:	570569
നിയുക്തകാതോലിക്കാ	:	578500
അരമന മാനേജർ	:	578234
കാതോലിക്കേറ്റ് ഓഫീസ്	:	578499
,,	:	578392
മലങ്കരസഭ ഓഫീസ്	:	573234
സൺഡേസ്ക്കൂൾ ഓഫീസ്	:	572890
കോളജ് ഓഫീസ്	:	573533
സ്ക്കൂൾ ഓഫീസ്	:	571485

സഹായധനം വിതരണം ചെയ്തു

സൗത്ത് ഫ്ളോറിഡാ സെന്റ് തോമസ് ഇൻഡ്യൻ ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സെന്റ് തോമസ് കമ്മ്യൂണിറ്റിസർവീസിൽ നിന്നു ഈ വർഷം ധനസഹായം നൽകി വർദ്ധിച്ചു വന്നിരുന്ന അപേക്ഷകൾ കാരണം എല്ലാ അപേക്ഷകരെയും പരിഗണിക്കുവാൻ സാധിക്കാതെ വന്നതിൽ വളരെ ഖേദം ഉണ്ട്. എന്നാൽ പല ദിവസങ്ങളിലെ പരിശോധനകൾക്ക് ശേഷം കമ്മറ്റിയുടെ നിർദ്ദേശാനുസരണം ഏറ്റവും അർഹരായവരെയും മാത്രമേ ഈ വർഷം സഹായിക്കുവാൻ കഴിഞ്ഞുള്ളൂ. ഭവനനിർമ്മാണത്തിനും വിവാഹ സഹായത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റുമാണ് ഈ പ്രസ്ഥാനം മുൻതൂക്കം കൊടുക്കുന്നത്.

എന്നാൽ അടുത്തവർഷം മുതൽ, ഏതെങ്കിലും ഒരു കാര്യത്തിന് മുൻതൂക്കം കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം 21- പെൺകുട്ടികളുടെ വിവാഹ സഹായം നല്കണമെന്നുദ്ദേശിച്ചിരുന്നെങ്കിലും വേണ്ടത്ര അപേക്ഷകൾ ലഭിക്കാത്തതുകൊണ്ട്, 21-ൽ പരം പേരെ എല്ലാ വിഭാഗത്തിലുമായി സഹായിക്കുകയായിരുന്നു.

തെരഞ്ഞെടുത്തു

ഓർത്തഡോക്സ് യുവജന പ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഏറ്റവും നല്ലയൂണിറ്റായി, ഇടവങ്കാട് എം. പി. എം. യുവജനപ്രസ്ഥാനത്തേയും, മികച്ച രണ്ടാമത്തെ യൂണിറ്റായി കുടശ്ശനാട് പള്ളിഭാഗം യുവജനപ്രസ്ഥാനത്തേയും തെരഞ്ഞെടുത്തു.

ഡിസ്ട്രിക്റ്റിലെ മികച്ച യൂണിറ്റുകളായി പന്തളത്തു നിന്നു കുടശ്ശനാട് പടിഞ്ഞാറുഭാഗം യുവജനപ്രസ്ഥാനവും, ചെങ്ങന്നൂരിൽ നിന്നും കോടുകളഞ്ഞി സെന്റ്. ജോർജ്ജ് യുവജനപ്രസ്ഥാനവും, പുത്തൻകാവിൽ നിന്നും സെന്റ്. ജോർജ്ജ് ആറാട്ടുപുഴയും, ഉമയാറ്റുകര നിന്നും സെന്റ് തോമസ് ഉമയാറ്റുകരയും, ഇടവങ്കാട്ടു നിന്നും സെന്റ്. ഏലിയാസ് ബുധനൂരും തെരഞ്ഞെടുക്കപ്പെട്ടു.

അഞ്ഞൂറു ഭവനങ്ങളിൽ ദുരിതാശ്വാസം എത്തിച്ചു.

കരിപ്പുഴ:- കരിപ്പുഴ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ യുവജനപ്രസ്ഥാനത്തിന്റെ അഭിമുഖ്യത്തിൽ, കാലവർഷക്കെടുതി മൂലം ദുരിതമനുഭവിച്ച അഞ്ഞൂറു കുടുംബങ്ങളിലും മൂന്നു ക്യാമ്പുകളിലും ദുരിതാശ്വാസമായി അരിയും പയറും എത്തിച്ചു കൊടുത്തു.

ഇടവക വികാരി റവ. ഫാദർ. വി. തോമസിന്റെ നേതൃത്വത്തിൽ യുവജന പ്രസ്ഥാന പ്രവർത്തകർ പ്രളയ ബാധിത പ്രദേശങ്ങളിൽ വള്ളത്തിൽ യാത്ര ചെയ്തു ചെന്നു ഓരോ ഭവനത്തിലും ഭക്ഷണസാധനങ്ങൾ എത്തിക്കുകയായിരുന്നു. കൂടാതെ ആഞ്ഞിലിപ്രസ്ക്കൂൾ, ഉർവ്വരസ്ക്കൂൾ, കടവൂർ തെക്കേടത്ത് സ്ക്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിലും അരിയും പയറും വിതരണം ചെയ്തു.

ഭക്തസഹസ്രങ്ങളെ മുൻനിർത്തി പരുമല പള്ളി കൂദാശ ചെയ്തു

പരുമല: മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പ. പരുമല തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമലയിൽ പുതുക്കിപണിത ദേവാലയത്തിന്റെ കൂദാശ ഒക്ടോ. 27,28 തീയതികളിലായി നടന്നു. പമ്പാതീരത്തെ പരുമല മണ്ണിൽ വിശ്വാസി സഹസ്രങ്ങളെ സാക്ഷി നിർത്തിയായിരുന്നു കൂദാശാ ചടങ്ങുകൾ.

28-ന് വൈകിട്ട് സന്ധ്യാനമസ്ക്കാരത്തിനു ശേഷം കൂദാശയുടെ ആദ്യഘട്ടം ആരംഭിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. വെട്ടിക്കൽ ദയറായിൽ നിന്നും കൊണ്ടുവന്ന ദീപശിഖ ബാവാ ഏറ്റുവാങ്ങി, പ്രധാന മദ്ബഹായിലെ മെഴുകുതിരിയിലേക്കു ദീപം പകർന്നു. പള്ളിയുടെ മധ്യത്തിലുള്ള ഏഴുനില വിളക്കിലും പ. ബാവാ ദീപം തെളിയിച്ചു. തുടർന്നു പരുമല തിരുമേനിയുടെ കബറിങ്കൽ പ്രതിഷ്ഠിച്ചു. കൂദാശാചടങ്ങുകൾ ആരംഭിക്കുന്നതിനു മുമ്പു സെമിനാരി മാനേജർ പി. എം. ഗീവർഗീസ് റമ്പാനും എൻജിനീയർ എ. എം. മാത്യുവും ചേർന്നു പള്ളിയുടെ താക്കോൽ പരിശുദ്ധ കാതോലിക്കാ ബാവായെ ഏൽപ്പിച്ചു.

ഒന്നാം ഘട്ട ശുശ്രൂഷ രാത്രി 9.30 ന് സമാപിച്ചു. രണ്ടാംഭാഗം ശുശ്രൂഷ 29-നു രാവിലെ പ്രഭാതനമസ്ക്കാരത്തോടെ ആരംഭിച്ചു. 10.30 നു സമാപിച്ചു.

പ്രഭാതനമസ്ക്കാരത്തെ തുടർന്നു ബലിപീഠം പ. മൂറോൻ ഉപയോഗിച്ചു കുരിശടയാളം വരച്ചു മുദ്രയിട്ടാണു രണ്ടാം ഭാഗം ശുശ്രൂഷകൾ ആരംഭിച്ചത്. പരിശുദ്ധ കാതോലിക്കാ ബാവാ പ്രധാന ത്രോണോസിലും നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് വടക്കേ ത്രോണോസിലും ഏബ്രഹാം മാർ സേവേറിയോസ് തെക്കേ ത്രോണോസിലും ശുശ്രൂഷയ്ക്കു കാർമികത്വം വഹിച്ചു. മൂന്നു ത്രോണോസുകളിൽ പ്രതിഷ്ഠിക്കേണ്ട കുരിശുകൾ നാലു ദിക്കിലേക്കും ആഘോഷിച്ചതിനു ശേഷം പ്രത്യേക പ്രാർത്ഥന നടത്തി പ്രതിഷ്ഠിച്ചതോടെ കൂദാശ ചടങ്ങുകൾ പൂർത്തിയായി.

ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, പൗലോസ് മാർ മിലിത്തിയോസ്, കുര്യാക്കോസ് മാർ ക്ലീമ്മീസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഇയ്യോബ് മാർ പീലക്സീനോസ്, സഖറിയാസ് മാർ അന്തോനിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, പൗലോസ് മാർ പക്കോമിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നീ മെത്രാപ്പോലീത്താമാർ അംശവസ്ത്രം ധരിച്ച സഹകാർമികരായിരുന്നു.

വിദേശ ബിഷപ്പന്മാരായ ഹോങ്കോങ്ങ് ആർച്ച് ബിഷപ്പ് നികിതാസ്, ഓസ്ട്രേലിയൻ ആർച്ച ബിഷപ്പ് ബലിയോസിയൻ, ബിഷപ്പ് ഡർക്കീസിയാൻ എന്നിവരും സംബന്ധിച്ചു.

കൂദാശയെ തുടർന്നു പരിശുദ്ധ കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടന്നു. നിയുക്ത കാതോലിക്കാ തോമസ് തീമോത്തിയോസ്, ഏബ്രഹാം മാർ സേവേറിയോസ് എന്നിവർ സഹകാർമികരായിരുന്നു. □

പരുമലയ്ക്കൊരു മാസ്റ്റർപ്ലാൻ


ഫാ. ഡോ. ജേക്കബ് കുര്യൻ

പുണ്യജീവിതത്തിന്റെ പരിമളം പരത്തുന്ന പരുമലതിരുമേനി ആത്മാവിലാനന്ദിക്കുന്ന നിമിഷമാണിത്. ലക്ഷക്കണക്കിന് ആത്മീയമക്കൾ ആ പരിശുദ്ധന്റെ ആശീർവാദത്തിനായി തലവണക്കുന്ന നിമിഷം. വാസ്തു ശില്പ വിസ്മയമായി വാഴ്ത്തപ്പെടുന്ന പുതിയ ദേവാലയത്തിന്റെ കൂദാശ ഒരു ചരിത്രസംഭവമായി മാറുന്ന മഹനീയ നിമിഷം.

ഈ നിമിഷം നന്ദിസ്മരണകളുടെയും, ഭാവിക്കുവേണ്ടി വ്യക്തമായൊരു ദർശനത്തിന്റെയും, നിമിഷമായി മാറട്ടെ.

സ്വർഗ്ഗീയാനന്ദത്തിന്റെ വാതായനമായി പരിണമിച്ച പരുമലതിരുമേനിയെ നമുക്കു ദാനം ചെയ്ത ദൈവം തമ്പുരാന് നന്ദി പറയുവാനല്ലെങ്കിൽ ഈ നിമിഷം അപ്രസക്തം. ദൈവിക കൃപാപ്രവാഹത്തിന് സ്വന്തം ജീവിതത്തെ നീർത്തോടാക്കി സമർപ്പിച്ച മലങ്കരയുടെ മഹാപരിശുദ്ധനെ നന്ദിയോടെ സ്മരിക്കുവാനല്ലെങ്കിൽ ഈ സംഗമം വെറും മാമാങ്കം മാത്രം. ഈ പുണ്യതീർത്ഥാടനത്തിലിറങ്ങി നമ്മെ കോരിക്കുടിപ്പിച്ച പിതൃഗണത്തെയും ഗുരുജനങ്ങളെയും നന്ദിസ്മരണകളോടെ നമുക്കിവിടെ കാണുവാൻ കഴിഞ്ഞില്ലെങ്കിൽ നാമൊരു ശൂന്യാരണ്യത്തിലെന്നേ വരൂ.

രണ്ടായിരാമാണ്ടിലെ ഈ ഓർമ്മപ്പെരുന്നാളും, ദേവാലയ കൂദാശയും പരുമലയെന്ന തീർത്ഥാടനകേന്ദ്രത്തിന്റെ ഭാവിയെകണ്ടു കൊണ്ടുള്ള ഒരു വിശാലദർശനത്തിന് മുഖാന്തിരമാകണം. അത്, പരുമല തിരുമേനിയുടെ വിശ്വദർശനത്തെയും, സഭാ ദർശനത്തെയും വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്ന ഒരു കർമ്മപദ്ധതിയുടെ മാസ്റ്റർപ്ലാൻ വിഭാവന ചെയ്തു യാഥാർത്ഥ്യമാകുന്ന വിധത്തിലായിരിക്കണം.



"മാസ്റ്റർ പ്ലാൻ" എന്നു കേട്ടാൽ പലപ്പോഴും ധരിച്ചു പോകുന്നത് ഒരു കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതിയെന്നു മാത്രമാണ്. എന്നാൽ മാസ്റ്റർപ്ലാൻ എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്, കോടികൾ ഒഴുകിപ്പോകുന്ന കെട്ടിടനിർമ്മാണ പദ്ധതിയല്ല, പകരം മനുഷ്യജീവിതങ്ങളെ പണിയുവാനുതകുന്ന ഒരു ആത്മീയ സാമൂഹ്യ പ്രവർത്തന പദ്ധതിയെയാണ്.



ഒരു നൂറ്റാണ്ടുമുമ്പ്, പരിശുദ്ധനായ പരുമല തിരുമേനി ആത്മാവിൽ നൊമ്പരപ്പെട്ട് എഴുതിയ ഒരിടയലേഖനത്തിൽ സഭയ്ക്കു സംഭവിച്ചിരിക്കുന്ന നിർജ്ജീവാവസ്ഥയെക്കുറിച്ച് ഇങ്ങനെ പറയുന്നു.

"...അപ്പോസ്തോലസ്ഥാനത്തിനടുത്ത യാതൊരു വേലയും ഉപദേശവും നടത്താതെയും അതിനു അറിവും ശേഷിയുമില്ലാതെയും തീർന്നിരിക്കകൊണ്ട് നിർജ്ജീവാവസ്ഥയിൽ നാം ആയിരിക്കുന്നതുമാത്രമല്ല, എല്ലാ പള്ളികളിലും തമ്മിൽ തമ്മിൽ സമാധാനമില്ലാതെ ജന്തുക്കളെപോലെ കടിപിടികൂട്ടി നശിച്ച് നശിച്ച് അശേഷം മേൽഗതിയില്ലാതെയും ഇതരസഭക്കാർക്കും മറ്റുള്ളവർക്കും ആക്ഷേപത്തിനും നിന്ദയ്ക്കും പാത്രീഭവിച്ചുമിരിക്കുന്നു." (1892 കുംഭം 29-ാം തീയതിയിലെ ഇടയലേഖനം).

"വേലയും, ഉപദേശവും, അറിവും, ശേഷിയും" ഉള്ള അവസ്ഥയിലേക്ക് രൂപാന്തരപ്പെടാൻ നമ്മെ സഹായിക്കുന്ന ഒരു പരുമല മാസ്റ്റർ പ്ലാനിലേക്ക് അഞ്ച് ലക്ഷ്യങ്ങൾ സമർപ്പിക്കട്ടെ.

1) പരുമലതിരുമേനിയുടെ അന്ത്യവിശ്രമസ്ഥലം ഒരു ദേശീയ തീർത്ഥാടനകേന്ദ്രമായി രൂപാന്തരപ്പെടുവാൻ ഉതകുന്നവിധം പരുമല ടൗൺഷിപ്പ് സംവിധാനം ചെയ്യുക. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംവിധാനം ചെയ്യപ്പെടേണ്ട പ്രസ്തുത ടൗൺഷിപ്പിൽ താഴെപ്പറയുന്നവയ്ക്ക് പ്രത്യേക പരിഗണന ഉണ്ടാകണം: സുരക്ഷിതമായി താമസിക്കുവാനുതകുന്ന വിവിധ നിരക്കിൽ ലഭ്യമാകുന്ന താമസ സൗകര്യം; തീർത്ഥാടകർ ഏതാനും മണിക്കൂറുകൾ ചെലവിടുന്നിടത്ത് ആവശ്യമായ, ബാത്ത്റൂം, കാന്റീൻ, പാർക്കിങ്ങ്, ഇൻഫർമേഷൻ, കമ്മ്യൂണിക്കേഷൻ, ഫുൾടൈം കൗൺസിലിംഗ്, ഡിവോഷണൽ ലൈബ്രറി മുതലായവ; കാസറ്റുകളും, പുസ്തകങ്ങളും മറ്റും ലഭ്യമാക്കുന്ന സൗകര്യപ്രദമായ മറ്റൊരു സ്ഥലം ക്രമീകരിച്ചാൽ കബറിന് തൊട്ടടുത്തുള്ള കച്ചവട സന്നാഹങ്ങളുടെ തിരക്ക് ഒഴിവാക്കാൻ കഴിയും; മലങ്കരസഭയ്ക്ക് അതിന്റെ പൗരാണികത്വ

വും, തദ്ദേശീയ സംസ്ക്കാരവും വ്യക്തമാക്കാൻ സാധിക്കുന്ന ഒരു സഭാമ്യൂസിയം അത്യാധുനിക സംവിധാനങ്ങളോടെ ഈ ടൗൺഷിപ്പിൽ ക്രമീകരിക്കപ്പെടണം.

2)പരുമല തിരുമേനി പാവങ്ങളുടെ കണ്ണീരൊപ്പുന്ന തിരുമേനിയാണ്. അതുകൊണ്ട് പരുമലതിരുമേനിയുടെ നാമത്തിൽ, പരുമല കേന്ദ്രമാക്കിയും വിവിധ സ്ഥലങ്ങളിലേക്ക് വ്യാപിക്കപ്പെടുന്നതുമായ ഒരു സാമൂഹ്യസേവന ശൃംഖല ആസൂത്രണം ചെയ്യപ്പെടണം. ഇതിന്റെ സ്വയം സേവകരായി പ്രവർത്തിക്കുവാൻ അനേകം യുവതീയുവാക്കളും, റിട്ടയർചെയ്ത വ്യക്തികളും ഉണ്ടാകുമെന്നതിന് സംശയമില്ല.

3) പരുമല തിരുമേനി നിരന്തര പ്രാർത്ഥനയുടെ ശക്തി അറിഞ്ഞ് ആ ശക്തി വിതരണം ചെയ്യുന്ന പരിശുദ്ധനാണ്. അതുകൊണ്ട് പ്രാർത്ഥനയുടെ ശക്തി ലോകത്തിനു വെളിപ്പെടുത്തുന്ന ഒരു ഗ്രീഗോറിയൻ കമ്മ്യൂണിറ്റി പരുമലയിലുണ്ടാകണം. ലാളിത്യവും, വിശുദ്ധിയും, സ്വീകരിക്കുവാൻ സന്നദ്ധരായി സമർപ്പണ ജീവിതത്തിലേക്കു വരുന്ന അനേകരെ തെയ്സെ പോലുള്ള സമൂഹങ്ങളിൽ ഇന്നും കാണാമെങ്കിൽ, പരുമലയിൽ ഒരു ഗ്രീഗോറിയൻ സമൂഹവും അപ്രായോഗികം ആവുകയില്ല.

4) പരുമലതിരുമേനി വൈദിക പരിശീലനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. ആ സമർപ്പണത്തിന്റെ ഊഷ്മളത തുടർന്നും ഉൾക്കൊള്ളുവാൻ വൈദിക പരിശീലന സംവിധാനത്തിന് ഒരവസരം ലഭിക്കണം വൈദിക സെമിനാരി പഠനത്തിനു മുമ്പോ പിമ്പോ വൈദിക വിദ്യാർത്ഥികൾക്ക് പരുമല തിരുമേനിയുടെ കർമ്മ ചൈതന്യം ഉൾക്കൊള്ളുവാൻ ഒരു വർഷത്തെ പ്രായോഗിക പരിശീലനപരിപാടി പരുമല കബറിടം കേന്ദ്രമാക്കി ആവിഷ്ക്കരിക്കപ്പെടണം.

5) പരുമല തിരുമേനിയാണ് മലങ്കരസഭയിൽ മിഷൻ പ്രവർത്തനത്തിന് പുതിയ വെളിച്ചം പകർന്നത്. ആ മിഷൻ പ്രവർത്തനത്തിന്റെ തുടർച്ചയ്ക്ക് ഇന്നും സഭയിൽ നിലനിൽക്കുന്ന ഒരു പ്രസ്ഥാനമാണ് സ്ലീബാദാസ സമൂഹം. ഈ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ട്, പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ട് ഒരു പുതിയ പ്രവർത്തന സംവിധാനം രൂപപ്പെടണം. മുളന്തുരുത്തി – പരുമല ബന്ധത്തിന് ഒരു പുതിയ പ്രതീകമായി ഈ മിഷൻ നവീകരണ സംവിധാനത്തിന് മാറുവാൻ ഇടയാകും.

ഇതുപോലുള്ള പല പ്രവർത്തനങ്ങളെയും ഏകോപിക്കുന്ന ഒരു 'മാസ്റ്റർ പ്ലാൻ' സജ്ജമാകുമ്പോൾ പരുമലയിൽ വീഴുന്ന കണ്ണുനീരിന്റെ കാണിക്കയ്ക്ക് ആത്മീയ വെളിച്ചം അന്വേഷിക്കുന്ന അനേകരുടെ കണ്ണുകളിലെ തിളക്കമായി മാറുവാൻ കഴിയും. കണ്ണുനീരിന്റെ കാണിക്ക, കണ്ണീരൊപ്പുവാനാണ്, അതിനുമാത്രമായിട്ടാണ്, ഉപയോഗിക്കപ്പെടേണ്ടത്. അതിനു ധൈര്യമുണ്ടാകുമെങ്കിൽ മേല്പറഞ്ഞതൊക്കെ യഥാർത്ഥ്യമാകും. മനുഷ്യന് അസാധ്യമെന്നു തോന്നുന്നതിനെ സുസാധ്യമാക്കുന്ന ദൈവം തമ്പുരാൻ കർത്താവേശുമിശിഹായിൽ കൂടി നമ്മോടരുളിച്ചെയ്യുന്നു, "വിശ്വസിച്ചാൽ നീ ദൈവത്തന്റെ മഹത്വം കാണും" എന്ന് (യോഹ. 11:40).േ ആ മഹത്വം കാണുവാൻ, ചില കല്ലുകൾ മാറ്റുവാൻ നാം സന്നദ്ധരാകണം. കല്ലേറുകൊണ്ടിട്ടാണെങ്കിലും കല്ലുമാറ്റാൻ ധൈര്യപ്പെടുന്നവർക്കായി പരുമല തിരുമേനിയും കാത്തിരിക്കുന്നു. ◆

41-ാം ചരമദിനം

8-11-2000



റേച്ചൽ മത്തായി

ശങ്കരത്തിൽ, ഫിലാദൽഫിയ

Inserted by സന്തപ്ത കുടുംബാംഗങ്ങൾ

ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

ചോദ്യം

1) സത്യത്തിന് നമ്മിലുള്ള സ്ഥാനം എന്ത്?

2) പിതാവിൽ നിന്നും പുത്രനായ യേശുക്രിസ്തുവിൽ നിന്നും എന്തെല്ലാം ഗുണങ്ങളാണ് നാം പ്രാപിക്കേണ്ടത്?

3) വി. യോഹന്നാൻ ശ്ലീഹാ അത്യന്തം സന്തോഷിക്കുവാൻ കാരണം എന്തു?

4) സ്നേഹത്തിന് യോഹന്നാൻ നല്കുന്ന പുതിയ നിർവചനം?

5) വഞ്ചകനും എതിർ ക്രിസ്തുവും എങ്ങനെയുള്ളവരാണു?

6) സഭയിൽ ചിലരെ ദൈവമില്ലാത്തവർ എന്ന് ശ്ലീഹാ ഭത്സിക്കുന്നത് ആരെക്കുറിച്ചാണ്?

7) സത്യവിശ്വാസത്തിന് എതിർ നില്ക്കുന്നവരോടുള്ള മനോഭാവം എന്തായിരിക്കണമെന്നാണ് ശ്ലീഹാ പറയുന്നത്?

8) കർത്താവ് ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുകയും ചെയ്തു. (മത്താ. 9:11) എന്നാൽ ശ്ലീഹാ ഇവിടെ പറയുന്നു. (വാക്യം:10) അവരെ വീട്ടിൽ കയറ്റരുത്, കുശലം പറയരുത്. ഇത് ഒന്നു വിശദീകരിക്കാമോ?

9) മാന്യസഹോദരിയുടെ മകൾ ഈ പ്രയോഗം ഒന്നു വ്യാഖ്യാനിച്ച് തരാമോ?

വി. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം (അദ്ധ്യായം 4,5,)

ഉത്തരം

1) യേശുക്രിസ്തു ജഢത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്ന് ആകുന്നു. (4:2).

2) സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. (4:7)

3) ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് അയച്ചതിനാൽ (4:9)

4) നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നറിയുന്നു. (4:13)

5) താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയില്ല. (4:20)

6) യേശു ദൈവ പുത്രൻ എന്നു വിശ്വസിക്കുന്നവൻ (5:5)

7) ആത്മാവ്, ജലം, രക്തം (5:8)

8) നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നതിനാൽ (5:15)

9) ദൈവത്തിൽ നിന്നും ജനിച്ചവൻ പാപം ചെയ്യാതെ തന്നത്താൻ സൂക്ഷിക്കണം (5:18)

10) സർവ്വലോകവും (5:19)









ALEYAMMA THOMAS

പരിസ്ഥിതിയുടെ ആത്മീയത - V

പരിസ്ഥിതിയുടെ ആത്മീയത

പ്രൊഫ. കെ. പി. ജോയി

പരിസ്ഥിതിയെ സംബന്ധിച്ച് പുത്തൻ ആത്മീയ മൂല്യങ്ങളെക്കുറിച്ചുള്ള ചിന്ത എവിടെ നിന്നാണ് ആരംഭിക്കേണ്ടത്? "ഈശാവാസ്യം ഇദം സർവ്വം" (പ്രകൃതിയിലുള്ള എല്ലാറ്റിലും ഈശ്വര സാന്നിദ്ധ്യം നിറഞ്ഞു നില്ക്കുന്നു.) എന്ന ഉപനിഷദ്സൂക്തം ഇതിന് ഉൾപ്രേരണ നൽകുന്നു. പ്രകൃതി വസ്തുക്കളിലൂടെയും സംഭവങ്ങളിലൂടെയും ദൈവസാന്നിദ്ധ്യം അടുത്തറിയാനും അനുഭവിക്കാനുമുള്ള ദിവ്യജ്ഞാനമാണ് പരിസ്ഥിതിയുടെ ആത്മീയത നൽകുന്നത്. സൃഷ്ടിയിൽ തന്നെ ഈശ്വരനെ കണ്ടെത്താനുള്ള ഉൽകൃഷ്ടശ്രമം, പ്രാർത്ഥനയും, ധ്യാനവും, അനുഷ്ഠാനങ്ങളും, ദിവ്യകർമ്മങ്ങളും, വിശുദ്ധ ഗ്രന്ഥങ്ങളും, വിശ്വാസപ്രമാണങ്ങളും മാത്രമല്ല, നാം ജീവിക്കുകയും, ചലിക്കുകയും ചെയ്യുന്ന ഈ പ്രപഞ്ചത്തിലെ ചെറുതും വലുതും, കാണപ്പെടുന്നതും, കാണപ്പെടാത്തതുമായ എല്ലാ ജീവജാലങ്ങളിലും, ഋതുഭേദങ്ങൾ ഉൾപ്പെടെ ഉദയാസ്തമനങ്ങൾ വരെയുള്ള എല്ലാ പ്രകൃതിസംഭവങ്ങളിലും പലരൂപത്തിലും ഭാവത്തിലും ഈശ്വരചൈതന്യം വെളിവാകുന്നു. നമ്മുടെ വേദാന്തികൾക്കും ഋഷിമാർക്കും ഉണ്ടായിരുന്ന ഈ ആത്മജ്ഞാനം ഗ്രഹിക്കാനുള്ള ഇന്ദ്രിയങ്ങളും മനസ്സുമാണ് ആധുനിക മനുഷ്യനിന്നാവശ്യം. അതുകൊണ്ട് തന്നെ പരിസ്ഥിതിനാശത്തെക്കുറിച്ചുള്ള ഉൽക്കണ്ഠയ്ക്ക് ഒരു ആത്മീയ പ്രതലമുണ്ട്. അങ്ങനെ പരിസ്ഥിതി ജ്ഞാനികൾ അവരറിയാതെ തന്നെ ഏറ്റവും വലിയ ഈശ്വരഭക്തൻമാരായിത്തീരുന്നു. മതങ്ങളാവട്ടെ, പല പ്രതീകങ്ങളും, മാതൃകകളും, രൂപകഥകളും, വേദഗ്രന്ഥ സാക്ഷ്യങ്ങളും ഉപയോഗിച്ചാണ് ഈ ആത്മീയ പ്രതലം വെളിപ്പെടുത്തുന്നത്.

പ്രകൃതി ഈശ്വരന്റെ ശരീരം

പ്രപഞ്ചത്തിലെ ഈശ്വര സാന്നിദ്ധ്യം എല്ലാ മതങ്ങളും പ്രകീർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പ്രകൃതിയ്ക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണവും മതങ്ങളുടെ അജൻഡയിലില്ല. സൃഷ്ടികൾ മാത്രമല്ല, പ്രപഞ്ചശക്തികളെ നിലനിർത്തുകയും നിയന്ത്രിക്കുകയും, ചെയ്യുന്ന ആ ദിവ്യശക്തിയുടെ, അറിവും, കാരുണ്യവും, നന്മയുമാണ് ദൈവിക സാന്നിദ്ധ്യം സ്വയം വെളിപ്പെടുത്തുന്ന പ്രതലങ്ങൾ. ഈശ്വരൻ എല്ലാറ്റിലും ഉണ്ടെന്നും, പ്രപഞ്ചത്തിന്റെ സ്രഷ്ടാവുമാത്രമല്ല എല്ലാം ഈശ്വരൻ തന്നെയാണെന്ന് വിശ്വദേവതാവാദികൾ (Panthiests) വിശ്വസിക്കുമ്പോൾ ഈ പ്രപഞ്ചം ഈശ്വരസത്തയുടെ വ്യാപനമാണെന്ന് സത്താമീമാംസകർ (Ontologists) വിശ്വസിക്കുന്നു. "സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനം, ഭൂമി അവന്റെ പാദപീഠം." (മത്തായി: 5: 34-35). പ്രകൃതി ഈശ്വരന്റെ ശരീരമാണത്രെ. വെള്ളം, വായു, തീയ്, പുഴുക്കൾ, പർവ്വതങ്ങൾ, മരങ്ങൾ - എല്ലാറ്റിലും അവർ ദൈവത്തെ ദർശിക്കുകയും ആരാധനകളിൽ അവയെ എല്ലാം വിശുദ്ധ പ്രതീകങ്ങളായും, ഈശ്വരന്റെ ഏറ്റം പ്രിയപ്പെട്ട വസ്തുക്കളായും അവതരിപ്പിക്കുന്നു. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കരവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ: 19:1). പ്രകൃതിയിലൂടെ പൊതുവെയും, വിശുദ്ധ ഗ്രന്ഥങ്ങളിലൂടെ പ്രത്യേകമായും ഈശ്വരന്റെ മഹത്വത്തെയും, അളവറ്റ സ്നേഹത്തെയും, കരുതലിനെയും, ശക്തിയെയും, അവർണ്ണനീയമായ ശില്പവൈദഗ്ധ്യത്തെയും മനുഷ്യന്റെ വ്യക്തിപരമായ പരിമിതികളെയും കുറിച്ച് പഠിപ്പിക്കുമ്പോൾ മതങ്ങളാവട്ടെ ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചും, പാപത്തിന് വശംവദമാകുന്ന ബുദ്ധിയെക്കുറിച്ചും, മോക്ഷത്തിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും നമ്മെ ബോധവാൻമാരാക്കുന്നു. പ്രപഞ്ചം ഒരു ആകസ്മിക സംഭവത്തിന്റെ പരിണത ഫലമാണെന്നു കൊട്ടിഘോഷിക്കുന്ന സിദ്ധാന്തം അങ്ങനെ യുക്തിക്ക് നിരക്കാത്തതായിത്തീരുന്നു. പ്രകൃതിയുടെ അതുല്യമായ രൂപകല്പനയും, സങ്കീർണതയും, ചിട്ടയും, ക്രമവും എല്ലാം സ്രഷ്ടാവിന്റെ ദൃശ്യവും ദൈവികവുമായ നിർവ്വഹണത്തെയാണ് സംശയാതീതമായി ഉദ്ഘോഷിക്കുന്നത്. "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ, ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു" (റോമർ: 1:19-20)

ജീവനുള്ള ദൈവത്തെ അറിയാൻ സാഹചര്യം ലഭിക്കാത്ത ഒരുവനെ എങ്ങനെ നരകശിക്ഷക്കു വിധിക്കാനാവും? നിരീശ്വരവാദികൾ പൊതുവെ ഉന്നയിക്കുന്ന ഈ പ്രശ്നത്തിന് ശക്തമായ മറുപടിയാണ് വി. പൗലോസ് ഇവിടെ നൽകുന്നത്. ആർക്കെങ്കിലും ദൈവത്തെ അറിയാതിരിക്കുന്നതിനു നീക്കുപോക്കുണ്ടോ? 'ഇല്ല' എന്ന് സുനിശ്ചിതമായി വേദപുസ്തകം സമർത്ഥിക്കുന്നു. കാരണം സൃഷ്ടിയിലൂടെ ദൈവം എല്ലാവർക്കും വെളിപ്പെട്ടിരുന്നു. പരിസ്ഥിതിയുടെ ആത്മീയത പഠിപ്പിക്കുന്ന പുതിയ സുവിശേഷവും ഇതാണ്. ഏതുതരം ദൈവത്തെയാണ് സൃഷ്ടി വെളിപ്പെടുത്തുന്നത്? അനുപമായ ശക്തിയും, ബുദ്ധിയും, ചിട്ടയും ക്രമവും, സൗന്ദര്യവും, സ്നേഹവും, പ്രകൃതി ശക്തികളെ മുഴുവൻ നിയന്ത്രിക്കാൻ കഴിവുള്ള ദൈവത്തെ തന്നെ. വിശുദ്ധമായ ഈ പ്രപഞ്ചസൃഷ്ടിയെയും, ജീവനുള്ളതും ഇല്ലാത്തതുമായ എല്ല സഹസൃഷ്ടികളെയും സംരക്ഷിക്കാനുള്ള കടമയും ധാർമികതയും, വിശിഷ്ട കഴിവുകളും ഇതുവഴി ദൈവം മനുഷ്യനു നൽകിയിരിക്കുന്നു.

"ഏറ്റവും മഹാനായ ഗുരുവായ ദൈവം നമ്മെ സംപൂർണ്ണമായി പഠിപ്പിക്കുന്നതിന് രണ്ട് ഉൽകൃഷ്ട പുസ്തകങ്ങൾ രചിച്ചു. പ്രപഞ്ചസൃഷ്ടികളും, വിശുദ്ധ ഗ്രന്ഥങ്ങളും. ആദ്യത്തേതിൽ, ഈ പ്രപഞ്ചത്തിൽ എത്ര മാത്രം ജീവജാലങ്ങളുണ്ടോ അത്രയും തന്നെ അദ്ധ്യായങ്ങളും ഉണ്ട്. അവ നമ്മെ സംപൂർണ്ണ സത്യത്തെ കുറിച്ച് പഠിപ്പിക്കുന്നു. ഒരിക്കൽ അരിസ്റ്റോട്ടലിനോട്, നിങ്ങൾ എവിടെ നിന്നാണ് ഈ സനാതന സത്യങ്ങൾ ഒക്കെ പഠിച്ചതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ ഉത്തരം നൽകി" "ഈ പ്രപഞ്ച സൃഷ്ടികളിൽ നിന്നുതന്നെ. കാരണം അവയ്ക്ക് കളവു പറയാൽ സാധിക്കുകയില്ലല്ലോ" (വി. തോമസ് അകിനാസ്)

പ്രകൃതി വിശുദ്ധമായ പാഠപുസ്തകം

അങ്ങനെ, വിശുദ്ധഗ്രന്ഥങ്ങളിലൂടെ ഈശ്വരൻ മനുഷ്യജാതിക്കു വെളിപ്പെട്ടതിനെത്രയോ മുൻപുതന്നെ ഭൂമി എന്ന കാൻവാസിൽ പ്രകൃതി എന്ന വർണ്ണചിത്രം, സ്വന്തം കൈയാൽ ആ ദിവ്യശക്തി നമുക്കു വേണ്ടി വരച്ചു വച്ചു. എപ്പോഴും, എവിടെയും, എന്നും വായിക്കാനും, പഠിക്കാനും അതുവഴി ഈശ്വരനെ കാണാനും ആചിത്രം സദാ നമ്മുടെ കൺമുൻപിൽ തുറന്നു വച്ചിരിക്കുന്നു. ഉല്ലംഘിക്കാൻ പാടില്ലാത്ത നിയമങ്ങളും അതിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ആദാമിന്റെ പാപം ഈ നിയമനിഷേധമായിരുന്നു. മലിനീകരണവും, വന നശീകരണവും, വിഭവചൂഷണവും ഒക്കെ ആദാമിന്റെ പാപത്തിന്റെ ആവർത്തനങ്ങൾ മാത്രം. നക്ഷത്രങ്ങളും, മണ്ണും, മലയും, മഴയും, പുഴയും അടങ്ങുന്ന നിരവധി ഭൗതിക സംവിധാനങ്ങളോടൊപ്പം നമുക്കു കാണാവുന്നതും, അല്ലാത്തതുമായ കോടാനുകോടി ജീവജാലങ്ങൾ, പരസ്പരാശ്രിതത്തോടും, പരസ്പരബന്ധത്തോടും ഇഴുകി ചേർന്നിരിക്കുന്ന ജീവന്റെ വല നെയ്ത ആ ദിവ്യശക്തിയെ നേരിൽ കാണാനുള്ള വർണ്ണചിത്രമാണ് പ്രകൃതി. മനുഷ്യന്റെയും, മറ്റു ജീവികളുടെയും, ആരോഗ്യകരമായ നിലനില്പിനും സന്തോഷത്തിനും, സമൃദ്ധിക്കുമുള്ള ഉൾക്കാഴ്ചയും പ്രചോദനവും ഇതു വഴി നമുക്കു ലഭിക്കുന്നു. ജീവന്റെ തുടിപ്പും പ്രസരിപ്പും കൊണ്ട് വിശുദ്ധമായ ഈ പരിസ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് രക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾ ചെയ്യാനുള്ള സന്നദ്ധത നാം ഏറ്റെടുക്കണം. പ്രകൃതിയിലെ സമസ്ത പദാർത്ഥങ്ങളും ജീവൻ വഹിക്കുന്ന ജൈവഘടനയുമെല്ലാം ആത്മാവിന്റെ പവിത്രീകരണത്തിനാവശ്യമായ ഉപാധികൾ മാത്രം. ആത്മീയതയുടെ പാതയിലൂടെ ചലിക്കുന്നവർക്ക് ഈ ജൈവ അജൈവഘടന ദൈവീകത്വത്തിലെത്താനുള്ള പ്രചോദന കേന്ദ്രങ്ങളാണ്. നശ്വരമെങ്കിലും സൃഷ്ടിക്കപ്പെട്ട ഈ ലോകമാണ് ആത്യന്തികനന്മയിലേക്ക് അവനെ നയിക്കേണ്ടതും പൂർണ്ണതയിലേക്കുള്ള വഴി കാണിച്ചു കൊടുക്കേണ്ടതും. അതുകൊണ്ട് തന്നെ നന്ദിയോടും സ്നേഹത്തോടും വേണം മനുഷ്യൻ അവനു ചുറ്റുമുള്ള ഭൗതികലോകത്തെ നോക്കിക്കാണേണ്ടത്. സൃഷ്ടിയിലൂടെ അത്ര വ്യക്തമായി ദൈവം വെളിപ്പെട്ടിട്ടും ആ സത്യം മനസ്സിലാക്കാത്ത മൂഢനായിപ്പോയി മനുഷ്യൻ എന്ന് വി. പൗലോസ് വിലപിക്കുന്നു. പാരിസ്ഥിതികാധഃപതനത്തിന്റെ പ്രധാന കാരണം സൃഷ്ടിയിലൂടെ വെളിപ്പെട്ട സൃഷ്ടിച്ചവനെ കാണാനുള്ള കണ്ണുകൾ നഷ്ടപ്പെട്ടതാണ്.

"അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്ത് മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട്



അവർ മൂഢന്മാരായിപ്പോയി" (റോമർ 1:21-22). പക്ഷേ ഇൻഡ്യയിലും ചൈനയും ഉൾപ്പെടയുള്ള പൗരസ്ത്യ പാരമ്പര്യത്തിലും സംസ്ക്കാരത്തിലും ആചാരങ്ങളിലും പ്രകടമായ, പ്രകൃതിയുടെ പാഠപുസ്തകത്തിലൂടെ ഈശ്വരനെ ദർശിക്കുന്നതിനുള്ള ദാർശനീക സമീപനം, ക്രിസ്ത്യൻ ആത്മീയതയുടെ പ്രധാന ശ്രദ്ധാകേന്ദ്രമായിരുന്നില്ല. മാത്രമല്ല, ക്രിസ്ത്യാനികളിൽ തന്നെ ഒരു നൂനപക്ഷത്തെമാത്രമേ ഈ ചിന്താഗതി ആകർഷിച്ചിരുന്നുള്ളു. പരിസ്ഥിതിയുടെ ആത്മീയതെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ വ്യാപകമായതോടെ പ്രകൃതി എന്നത് ഈശ്വരന്റെ അളവുറ്റ സ്നേഹമാണ് എന്ന ഉൾക്കാഴ്ച ശക്തമാകുന്നുണ്ട്. ഒരു പുഷ്പത്തിന്റെ മനോഹാരിത ആസ്വദിക്കാൻ കഴിയുന്ന ഒരുവനു ആ പുഷ്പത്തിലൂടെ വെളിപ്പെടുന്ന സ്രഷ്ടാവിന്റെ മനോഹരമായ മുഖത്തെയാണ് ദർശിക്കാൻ കഴിയേണ്ടത്. അതുകൊണ്ട് പ്രകൃതിയോട് കവികൾ വച്ചു പുലർത്തിയിരുന്നതുപോലുള്ള ഒരു ആസ്വാദക - സൗന്ദര്യരാത്മക സമീപനമല്ല, മറിച്ച് ജീവന്റെ ഘടനയിൽ പ്രകടമാകുന്ന സൗന്ദര്യത്തെക്കാൾ ജീവന്റെ പരിശുദ്ധിയിലാണ് ആത്മീയതയിലൂന്നിയ പരിസ്ഥിതി സൃഷ്ടി ആധിപത്യ ചിന്താഗതി നമ്മേ കൊണ്ടെത്തിക്കുന്നത്.

"ആരാണീ ദൈവം? ഞാൻ ഭൂമിയോടു ചോദിച്ചു "ഞാനല്ല ആ ദിവ്യശക്തി" ഭൂമി ഉത്തരം പറഞ്ഞു. പ്രകൃതിയിലുള്ള എല്ലാ വസ്തുക്കളോടും ഞാനീ ചോദ്യം ആവർത്തിച്ചു. എല്ലാവരും ഒരേ ഉത്തരം നൽകി. ഞാൻ കടലിനോടും, അടിത്തട്ടിലുള്ള ജീവികളോടും, ഇഴജന്തുക്കളോടും ചോദിച്ചു. "ഞങ്ങൾ നിങ്ങൾ അന്വേഷിക്കുന്ന ദൈവമല്ല. ഉന്നതങ്ങളിൽ അന്വേഷിക്കുക" അവർ ഉത്തരം നൽകി. ആഞ്ഞടിക്കുന്ന കാറ്റിനോടും, വായുവിനോടും, അന്തരീക്ഷത്തിലെ മുഴുവൻ വസ്തുക്കളോടും ഞാനീ ചോദ്യം ആവർത്തിച്ചു. "ഞങ്ങൾ ദൈവമല്ല" അവരും പറഞ്ഞു. ഞാൻ ആകാശത്തോടും, ചന്ദ്രനോടും, ജ്യോതിർഗോളങ്ങളോടും ചോദിച്ചു. "ഞങ്ങളാരും നിങ്ങൾ അന്വേഷിക്കുന്ന ദൈവമല്ല." അവർ പറഞ്ഞു. പഞ്ചേന്ദ്രിയങ്ങളുടെ വഴിത്താരയിൽ നിറഞ്ഞു നില്ക്കുന്ന എല്ലാ വസ്തുക്കളേയും ഞാൻ വിളിച്ചപേക്ഷിച്ചു. "എന്റെ ദൈവത്തെ എനിക്കു കാണിച്ചുതരു. അവനെകുറിച്ച് എന്നോടു പറയൂ." അവയെല്ലാം അത്യുച്ചത്തിൽ ഒരു കാര്യം ഉദ്ഘോഷിച്ചു. "ഞങ്ങളെല്ലാം അവന്റെ സൃഷ്ടിമാത്രമാണ്". എന്റെ അന്തഃക്കരണത്തിന്റെ ഇടനാഴിയിൽ സദാ മന്ത്രിച്ചുകൊണ്ടിരുന്ന എന്റെ ചോദ്യത്തിന് എത്രയോ മനോഹരമായ ഉത്തരമാണ് അവർ നൽകിയത്" (വി. അഗസ്തിൻ)

സൃഷ്ടിയുടെ പതനവും വീണ്ടെടുപ്പും

ആദാമിന്റെ പാപം മൂലം ഭൂമി ശപിക്കപ്പെട്ടു (ഉല്പത്തി 3:17). സൃഷ്ടിയുടെ പരിശുദ്ധിയിൽ നിന്നുള്ള ഭൂമിയുടെ ദാരുണമായ പതനമായിരുന്നു അത്. പ്രകൃതിക്ഷോഭങ്ങൾ അന്നുമുതൽ മനുഷ്യനെ വേട്ടയാടുന്നു. ഉല്പത്തികാലത്ത് വെള്ളത്തിന്റെയോ, മണ്ണിന്റെയോ, വായുവിന്റേയോ മലിനീകരണത്തെക്കുറിച്ച്

ശേഷം 14-ാം പേജിൽ

ഭർത്താവിനെ സ്നേഹിക്കുവാൻ എന്തു ചെയ്യണം

ചോദ്യം : എന്റെ വിവാഹം കഴിഞ്ഞിട്ടു 15 വർഷമായി 2 കുഞ്ഞുങ്ങളുണ്ട്. എന്റെ പ്രശ്നം ഭർത്താവിനെ ശരിയായി സ്നേഹിക്കുവാൻ കഴിയുന്നില്ല എന്നതാണ്. ഞങ്ങൾ തമ്മിൽ പുറമെ വഴക്കൊന്നുമില്ല. സ്നേഹമായി എപ്പോഴും പെരുമാറുന്നു. എന്നാൽ ഉള്ളിന്റെ ഉള്ളിൽ ഏതോ ഒരകൽച്ച ഇപ്പോഴും നിൽക്കുന്നു. ഇതു തെറ്റാണെന്നറിയാം. മാറ്റണമെന്ന് അഗ്രഹമുണ്ട്. എന്നാൽ സാധിക്കുന്നില്ല. ഒരു പ്രതിവിധി ചൂണ്ടിക്കാണിച്ചാൽ കൊള്ളാം.

ഷീല കൊട്ടാരക്കര

ഉത്തരം : 15 വർഷം ഭാര്യയായിട്ടും 2 കുഞ്ഞുങ്ങളുടെ മാതാവായിട്ടും ഭർത്താവിനെ ഉള്ളുതുറന്ന് സ്നേഹിക്കാൻ കഴിയുന്നില്ല എന്നത് വേദനാജനകമാണ്. എന്നാലും കുടുംബജീവിതത്തിൽ പൊട്ടിത്തെറി ഒന്നും ഉണ്ടാകാതെ പുറമെ സ്നേഹമായി തന്നെ കഴിയുവാൻ സാധിക്കുന്നു എന്നത് വലിയ കാര്യം തന്നെ. അതിന്റെ അർത്ഥം നിങ്ങൾ തമ്മിൽ പറഞ്ഞു തീർക്കാനാവാത്ത വിധമുള്ള പ്രശ്നങ്ങൾ ഇല്ലെന്നുള്ള സൂചനയാണുള്ളത്. എന്നിരുന്നാലും ആഴമേറിയ സ്നേഹത്തിലേക്കു എന്തുകൊണ്ടു വരുവാൻ സാധിക്കുന്നില്ല എന്നത് ആഴത്തിൽ പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. കാര്യവും കാരണവും തമ്മിൽ ഒരു ബന്ധം ഉണ്ടാകുമല്ലോ. കാരണം കണ്ടെത്തുവാനുള്ള പൊതുവായ ചിലതത്വങ്ങളെ എനിക്കു വിശദീകരിക്കാനാവുകയുള്ളു. യഥാർത്ഥ കാരണം നിങ്ങൾ തന്നെ കണ്ടെത്തണം. വിവാഹജീവിതത്തിനുമുൻപ് പങ്കാളിയെക്കുറിച്ച് പല പ്രതീക്ഷകൾ എല്ലാവർക്കും കാണും. ഇതിൽ പൊരുത്തപ്പെടാവുന്നവയും അല്ലാത്തതുമായ പ്രതീക്ഷകൾ ഉണ്ട്. ഉദാഹരണത്തിന് സൗന്ദര്യവും, വിദ്യാഭ്യാസവും, സമ്പത്തും ഒക്കെ ലക്ഷ്യം വെച്ചു എന്നിരിക്കട്ടെ. ഇതിൽ വിദ്യാഭ്യാസവും സമ്പത്തും ഒത്തുവന്നപ്പോൾ സൗന്ദര്യം കുറഞ്ഞാലും സാരമില്ല എന്ന് മനസ്സ് പൊരുത്തപ്പെട്ടു. ഈ പൊരുത്തപ്പെടൽ ഇല്ലാതെ വന്നാൽ മനസ്സ് പൂർണ്ണമായും പങ്കാളിയോട് ഇഴുകിച്ചേരുകയില്ല. നിങ്ങളിലും പൊരുത്തപ്പെടാത്ത ഏതോ പ്രതീക്ഷകൾ ബാക്കിനിൽക്കുന്നുണ്ടാവാം. ഇവ ഭർത്താവിന് മാറ്റാൻ സാദ്ധ്യതയുള്ളതാണെങ്കിൽ, സ്നേഹത്തോടും സൗമ്യതയോടും കൂടി ചൂണ്ടിക്കാട്ടിയാൽ മാറ്റാൻ സാധിച്ചു എന്നിരിക്കാം. എന്നാൽ ഭർത്താവിനു തന്നെയും മാറ്റാനാകാത്ത എന്തെങ്കിലും പ്രതീക്ഷകളാണ് നിങ്ങൾ വച്ചു പുലർത്തുന്നതെങ്കിൽ, അവനിങ്ങൾ തന്നെ മാറ്റിയെടുക്കുവാൻ തയ്യാറാകണം. കുടുംബത്തെക്കുറിച്ചുള്ള ദൈവീകാടിസ്ഥാനവും നിങ്ങളെ ഇതിന് സഹായിക്കും.

15 വർഷമായി കൂടെതാമസിക്കുന്ന ഭർത്താവിനെ നിങ്ങൾക്കായി ഒരുക്കിയിരുന്നതാണെന്ന് പൂർണ്ണമായും വിശ്വസിക്കണം. പോരെങ്കിൽ അയാളിൽ നിന്ന് വേദനാജനകമായി ഒന്നും നിങ്ങൾക്കു ഉണ്ടായിട്ടില്ലല്ലോ. ഭർത്താവിനെ വെറുക്കുവാൻ ഒരു കാരണവും ഉണ്ടാകാത്ത നിലയ്ക്ക് അയാളെ പൂർണ്ണമായും സ്നേഹിക്കുക എന്നത് ദൈവീക കല്പന തന്നെയാണ്. ബലഹീനതകളോടുകൂടി സ്നേഹിക്കുവാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ഭാര്യാ, ഭർത്തൃ സ്നേഹത്തിന് ഒരു ദൈവീകാടിസ്ഥാനം കൂടി ഉണ്ടെങ്കിലേ പൂർണ്ണതയിലേക്കു വളരുകയുള്ളൂ ആ കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഒന്നാമത്, ഈ അകൽച്ചയുടെ കാരണം ബുദ്ധിപരമായി കണ്ടെത്തുക. അതിൽ ഭർത്താവിന് മാറ്റം വരുത്താവുന്ന കാര്യമാണെങ്കിൽ ചൂണ്ടിക്കാട്ടുക. അല്ലെങ്കിൽ നിരുപാധികമായി ഭർത്താവിനെ സ്നേഹിക്കുക എന്നത് ദൈവീക കല്പനയായി മനസ്സിലാക്കി ആ തലത്തിലേക്കു ഉയരുവാൻ പ്രാർത്ഥനാപൂർവ്വം ശ്രമിക്കുക. സ്വയം ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ കുടുംബത്തിന്റെ ദൈവീകോദ്ദേശ്യം മനസ്സിലാക്കിയിട്ടുള്ള ഈ കൗൺസലറെ കണ്ടു സംഭാഷണം നടത്തുന്നത് നന്നായിരിക്കും.

◆

13-ാം പേജിൽ നിന്നു തുടർച്ച....

ആരെങ്കിലും ചിന്തിച്ചിരുന്നോ? ചില രാസവസ്തുക്കൾ ചെറിയ അളവിൽ പോലും ആരോഗ്യത്തിന് ഹാനികരമാണെന്ന് ഇന്ന് തെളിഞ്ഞിരിക്കുന്നു. മലിനീകരണം ആദ്യം നടക്കുന്നത് മനുഷ്യന്റെ മനസ്സിലാണ്. പിന്നിടാണത് മനുഷ്യന്റെ ഭൗതിക ജീവിതത്തിലേക്ക് വ്യാപിക്കുന്നത്. പാപമാണിതിനു നിദാനം. പാപവും മലിനീകരണവും പിശാചിന്റെ രണ്ടു കരങ്ങളാണ്. മോക്ഷം ലഭിക്കാൻ വിധിക്കപ്പെട്ട ഈ സൃഷ്ടി ദൈവപുത്രന്റെ വെളിപാടിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നുവെന്ന് വി. പൗലോസ് സാക്ഷീകരിക്കുന്നു.

"സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്ന് വിടുതലും, ദൈവ മക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കുകീഴ്പെട്ടിരിക്കുന്നു." (റോമർ 8:20)

സർവ്വ സൃഷ്ടിയും ഒരുദിവസം പാപത്തിന്റെ നുകത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുകയും രൂപാന്തരപ്പെടുകയും ചെയ്യും.. ആ പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി സൃഷ്ടി "ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു" വെന്ന് വി. പൗലോസ് പറയുന്നു. ഈ ആത്മീയതയാണ് നമുക്ക് പ്രതീക്ഷ നൽകുന്നത്.

മനുഷ്യന്റെ ആദ്ധ്യാത്മിക ചിന്താമണ്ഡലത്തിൽ വിപ്ലവകരമായ ഒരു വ്യതിയാനത്തിന്റെ തരംഗങ്ങൾ പരിസ്ഥിതിയുടെ ആത്മീയത സൃഷ്ടിച്ചിരിക്കുന്നു. സൃഷ്ടിയുടെ രാജപാതയിൽ ഇന്നുവരെ അവഗണിക്കപ്പെട്ടിരുന്ന ഇടവഴികളിലൂടെ ഇതു മനുഷ്യനെ നയിക്കുകയും പരമാണു മുതൽ അഖിലാണ്ഡത്തിന്റെ അതിർത്തികൾ വരെയുള്ള എല്ലാതലങ്ങളിലും ഈശ്വര സാന്നിദ്ധ്യം അനുഭവിക്കുന്നതിന് അവനെ ഇതു സഹായിക്കുകയും ചെയ്യുന്നു. സമകാലീനശാസ്ത്രം വെളിച്ചത്തുകൊണ്ടുവരുന്ന പുതിയ അറിവുകളെ ആവാഹിച്ചു കൊണ്ടുതന്നെ സംഭ്രാന്തിജനകവും ഭയാനകവുമായ ഈ ലോകത്തിന്റെ രക്ഷയ്ക്കും നിലനില്പ്പിനും ആവശ്യമായ ഒരു പുതിയ സുവിശേഷം നൽകുക എന്ന ധർമ്മമാണ് ഇക്കോസ്പിരിചാലിറ്റി ചെയ്യുന്നത്.

(അടുത്തതിൽ "മനുഷ്യൻ പ്രകൃതിയുടെ ഭാഗമോ?)"

●

യേശുവും ശിശുക്കളും

ഫാ. റ്റി. ജെ. ജോഷ്വാ

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ". മർക്കോ. 10:14

സുവിശേഷങ്ങളിൽ നിന്നു വെളിവാകുന്ന ഒരു വസ്തുത യേശുവിന്റെ ശുശ്രൂഷയിലും ഉപദേശത്തിലും ശിശുക്കൾക്ക് സമുന്നതമായ സ്ഥാനം നൽകിയിരുന്നു എന്നതാണ്. ഇത് അന്നത്തെ സമകാലിക സമൂഹത്തിന്റെ വീക്ഷണവും ആചാരങ്ങളും, കണക്കിലെടുക്കുമ്പോഴാണ് കൂടുതൽ വ്യക്തമാകുന്നത്.

ശിശുക്കളെ സംബന്ധിച്ച് പഴയനിയമത്തിലും യഹൂദാചാരങ്ങളിലും കാണുന്ന വസ്തുതകൾ ആദ്യമേ പരിശോധിക്കാം ശിശുക്കൾ ദൈവത്തിന്റെ ദാനമായിട്ടും ദൈവാനുഗ്രഹത്തിന്റെ അടയാളമായിട്ടും പഴയനിയമപാരമ്പര്യം കരുതി. ശിശുക്കളുടെ ആധിക്യം അനുഗ്രഹാധിക്യമെന്നേ എടുത്തുള്ളു. മാത്രമല്ല അത് ആനന്ദത്തിനും സംതൃപ്തിക്കും കാരണവുമായിരുന്നു. "മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ നൽകുന്ന പ്രതിഫലവും തന്നെ.. അവരെക്കൊണ്ട് ആവനാഴിക നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ" സങ്കീ. 127:3-5; "നിന്റെ മക്കൾ നിന്റെ മേശയ്ക്കും ചുറ്റും ഒലിവുതൈകൾ പോലെ ഇരിക്കും. യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും." (സങ്കീ 128:3-6) മക്കളില്ലാത്ത അവസ്ഥ ദൗർഭാഗ്യമെന്നും കൃപാരാഹിത്യമെന്നും വിശ്വസിച്ചു. അബ്രഹാമിനു ദൈവം നൽകുന്ന അനുഗ്രഹത്തിൽ അവന്റെ സന്തതിപരമ്പര അനുഗ്രഹിക്കപ്പെട്ടവരാകുമെന്നാണ്.

ഇസ്രായേലിൽ ആൺ ശിശുക്കൾ ഉടമ്പടിയുടെ അടയാളമായ പരിച്ഛേദനം ഏറ്റിരുന്നു. (ഉല്പ. 17:10-14) യഹൂദ മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ യഹോവയുടെ ന്യായപ്രമാണം അഭ്യസിപ്പിക്കുവാൻ ബാധ്യസ്ഥരാണ്. "നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം." ആവ. 6:7 ശിശുക്കൾ, യഹോവയുമായുള്ള ഇസ്രായേല്യരുടെ ഉടമ്പടിയിൽ പങ്കുകാരാണ്. റാബിമാരുടെ വീക്ഷണത്തിൽ ഗർഭസ്ഥ ശിശുക്കൾ പോലും ഉടമ്പടിയോട് ഉത്തരവാദപ്പെട്ടവരാണ്.

ഗ്രേക്കോം റോമൻ സമൂഹത്തിലെ അവസ്ഥ ഇതിൽ നിന്ന് തികച്ചും ഭിന്നമായിരുന്നു. അവിടെ ശിശുക്കൾക്ക് ഒരു സ്ഥാനവും കല്പിച്ചില്ല. ഭ്രൂണഹത്യ, ശിശുക്കളെ പരിത്യജിക്കുക, ക്രൂരമായി ശിക്ഷിക്കുക മുതലായ നടപടികൾ ആ സമൂഹത്തിൽ സാധാരണമായിരുന്നു. ശിശുക്കൾക്ക് എന്തെങ്കിലും അവകാശമുള്ളതായും കരുതിയില്ല. റോമൻ ചരിത്രകാരന്മാരുടെ കൃതികളിൽ ശിശുഹത്യയെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്.



യേശുവിന്റെ വീക്ഷണവും സമീപനവും

യേശുവിന്റെ വീക്ഷണത്തിലും ഉപദേശത്തിലും ശിശുക്കൾക്ക് പ്രത്യേക പ്രാധാന്യം കല്പിച്ചിരുന്നു എന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. അവിടുത്തെ സന്നിധിയിലേക്കു കൊണ്ടുവന്ന ശിശുക്കളെ അനുഗ്രഹിക്കുകയും, അങ്ങനെയുള്ളവരുടേതാകുന്നു ദൈവരാജ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള മാതൃക ശിശുക്കളാണെന്ന് കാണിച്ചു. ദൈവരാജ്യത്തിലെ മഹത്വത്തിന്റെ (greatness) മാനദണ്ഡം ശിശുവാണെന്നു വ്യക്തമാക്കി. ശിശുക്കളെ യേശു സ്വാഗതം ചെയ്തതുപോലെ സ്വാഗതം ചെയ്യുവാൻ ശിഷ്യന്മാരോട് അവിടുന്ന് ആജ്ഞാപിക്കുന്നു. ശിശുക്കൾക്കു നൽകുന്ന സേവനം ദൈവരാജ്യശ്രേഷ്ഠതയുടെ അടയാളമായി വെളിപ്പെടുത്തുന്നു. മാത്രമല്ല, യേശുവിനെ "ദാവീദിന്റെ പുത്രൻ" എന്നു അംഗീകരിക്കുകയും അങ്ങനെ ഏറ്റു പറയുകയും ചെയ്യുന്നു.

ഇക്കാര്യങ്ങളൊക്കെ സമവീക്ഷണ സുവിശേഷങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്നു വ്യക്തമാകുന്നതാണ്. അവ ഓരോന്നായി എടുത്ത് വിശദമായ പഠനം നടത്തുകയാണ് നാം തുടർന്നു ചെയ്യുന്നത്. 1) മർക്കോ. 10:13-16; താരതമ്യപ്പെടുത്തുക മത്താ. 19: 13-15, ലൂക്കോ. 18: 15-17.

"അവൻ തൊടേണ്ടതിനു ചിലർ ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞ് അവരോട്, ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്, ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ച് അവരുടെ മേൽ കൈവച്ച്, അവരെ അനുഗ്രഹിച്ചു."

യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന ശിശുക്കളെ ശിഷ്യന്മാർ തടഞ്ഞ പശ്ചാത്തലത്തിലാണ് ശിശുക്കളെ ദൈവരാജ്യ

രജത ജൂബിലി പ്രോജക്റ്റ് - ഭവനദാനം

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക ഷാർജയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിട്ട് 2003-ൽ ഇരുപത്തഞ്ച് വർഷം പൂർത്തിയാകുകയാണ്. രജത ജൂബിലിയുടെ ഭാഗമായി മൂന്ന് പ്രോജക്ടുകൾ ഇടവക ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിൽ ഒരു പ്രോജക്റ്റായ ഭവനദാനം, ഇരുപത്തഞ്ച് ഭവനങ്ങൾ നിർദ്ധനരായിട്ടുള്ള അർഹരായ ഓർത്തഡോക്സ് അംഗങ്ങളെ കേരളത്തിലുള്ള ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷകർ സ്വീകരിച്ച് തെരഞ്ഞെടുക്കുന്നതാണ്. മൂന്നു ഘട്ടങ്ങളായിട്ടായിരിക്കും ഈ പ്രോജക്റ്റ് (2001 – ൽ 7 ഭവനങ്ങൾ, 2002–ൽ 7 ഭവനങ്ങൾ, 2003 – ൽ 11 ഭവനങ്ങൾ) പൂർത്തികരിക്കുന്നത്. ഒരു ഭദ്രാസനത്തിന് കുറഞ്ഞത് ഒരു വീട് എന്ന കണക്കിലാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ ഡിസംബർ 15-ാം തീയതിക്കകം താഴെ പറയുന്ന നിബന്ധനകൾക്കു വിധേയരായിട്ടുള്ള കേരളത്തിന്റെ വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും (കൊച്ചി, അങ്കമാലി, കുന്നംകുളം, കണ്ടനാട്, സുൽത്താൻബത്തേരി, മലബാർ, ഇടുക്കി) അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷ അയയ്ക്കേണ്ട വിലാസം

To,
The vicar,
Ref: SJP - 2003
St. Gregorios Orthodox Church
P.O. Box: 2229
Sharjah, UAE.

നിബന്ധനകൾ

1. ഏറ്റവും കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും അപേക്ഷകന്റെ പേരിൽ തീരാധാരം ഉണ്ടായിരിക്കേണ്ടതും, കരം അടച്ച രസീതിന്റെ കോപ്പി അപേക്ഷയോടൊപ്പം അയച്ചതരേണ്ടതുമാണ്.
2. വിധവമാർ അംഗ വൈകല്യമുള്ളവർ, വിവാഹ പ്രായമായ പെൺമക്കൾക്കുള്ള രോഗികളായ മാതാപിതാക്കൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
3. ബന്ധപ്പെട്ട ഗവ. ഓഫീസിൽ നിന്നും വാർഷീക വരുമാനത്തിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
4. ഇടവക മാനേജിംഗ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി ബഹു. ഇടവക വികാരി ശുപാർശ ചെയ്ത് അപേക്ഷ അയക്കേണ്ടതാണ്.
5. ഷാർജ ഇടവക നൽകുന്ന ഡ്രോയിംഗ് പ്രകാരം മാത്രമായിരിക്കണം വീടു പണിയേണ്ടത്. വീടിനു ചിലവിടുന്ന പരമാവധി തുക Rs. 60,000/– ആയിരിക്കും.
6. കുറഞ്ഞത് 5 വർഷമെങ്കിലും വീട് കൈമാറ്റം ചെയ്യുകയില്ല എന്ന് അപേക്ഷകനും ആ ഇടവകയുമായി ഒരു ഉടമ്പടി നടത്തേണ്ടതും, അപേക്ഷ പരിഗണിക്കുന്ന പക്ഷം ആയതിന്റെ രേഖ അയച്ചുതരേണ്ടതുമാണ്.
7. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൻ കൂടിനടക്കുന്ന ഇടവകയിലെ ബഹു. വികാരിയുടെയും, മാനേജിംഗ് കമ്മറ്റിയുടെയും പൂർണ്ണ ഉത്തരവാദിത്വത്തിൽ വീടു പണി നടത്തേണ്ടതാകുന്നു.
8. ഒരിടവകയിൽ നിന്നും ഒരു അപേക്ഷ മാത്രമേ ഷാർജ ഇടവക സ്വീകരിക്കയുള്ളു. വീടു പണിയുടെ പുരോഗതി അറിയിക്കുന്നതനുസരിച്ച്, പണം, അപേക്ഷകന്റെ ഇടവകയുടെ പേരിൽ 3 ഗഡുക്കളായി (50%, 25%, 25%, എന്ന അനുപാത്തിൽ) അയച്ചുതരുന്നതായിരിക്കും. വീടു പണിയുടെ കാലാവധി 6 മാസമായിരിക്കും.

ഇരുപത്തഞ്ച് വീടുകളുടെ ഔദ്യോഗീകമായ താക്കോൽ ദാനം 2003 ജൂലൈ മാസത്തിൽ പരുമല പള്ളി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന പൊതു സമ്മേളനത്തിൽ നടത്തപ്പെടുന്നതായിരിക്കും.

എന്ന്

ഷാർജാ സെന്റ് ഗ്രീഗോറിയ്സ് ഇടവകയ്ക്കുവേണ്ടി
വികാരി
ഫാ. ജോൺ ഡാനിയേൽ

കൺവീനർ
പി. ഓ. ഫിലിപ്പ്

ത്തോടു ബന്ധപ്പെടുത്തിയുള്ള ഉപദേശം അവിടുന്നു നടത്തുന്നത്. ശിഷ്യന്മാർ എന്തുകൊണ്ടു തടഞ്ഞു എന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. ശിശുക്കൾ അപ്രധാനർ എന്നു കരുതിയതു കൊണ്ടാണോ? ഗുരുവിന്റെ സമയം കവർന്നെടുക്കുന്നതിലുള്ള അമർഷം നിമിത്തമാണോ? നിശ്ചയമില്ല. ഏതായാലും ശിഷ്യന്മാരുടെ പ്രവർത്തനം യേശുവിന് ഇഷ്ടമായില്ല. അവിടുന്നു "കോപിച്ചു" (മുഷിഞ്ഞു) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. യേശു കോപിച്ച മറ്റൊരു സന്ദർഭം കാണുക. മർക്കോ. 3:5 ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങളിൽ നിന്നു ശിശുക്കളെ അകറ്റുന്നത് യേശുവിന് അഹിതമായിരുന്നു. അവിടുന്നു രണ്ടുകാര്യങ്ങൾ ആജ്ഞാപിക്കുന്നു: "ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ; അവരെ തടയരുത്." അനന്തരം അവിടുന്ന് ശിശുക്കളെ കരങ്ങളിൽ എടുത്ത് അവരുടേമേൽ കൈവച്ച് അവരെ അനുഗ്രഹിക്കുന്നു. ഈ പ്രവൃത്തികൾക്കുശേഷമാണ് ദൈവരാജ്യം ശിശുക്കളുടേതാകുന്നു എന്നു പ്രസ്താവിച്ചത്. ദൈവരാജ്യത്തിൽ ശിശുക്കളെ സ്വീകരിക്കുന്നതിനെക്കുറിച്ച് ഇതിനെക്കാൾ ശക്തമായ പ്രസ്താവന വേറെയില്ല എന്നു പറയാം.

ദൈവരാജ്യത്തെപ്പറ്റി യേശു പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ ഇതിനോടു ബന്ധപ്പെടുത്തി ചിന്തിക്കണം "ഭാഗ്യാവസ്ഥയെപ്പറ്റി" (Beatitude) യുള്ള പ്രസ്താവനയാണിത്: ദരിദ്രരായനിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങൾക്കുള്ളതാകുന്നു. ഇപ്പോൾ വിശക്കുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ തൃപ്തരാകും. ഇപ്പോൾ കരയുന്നവരായ നിങ്ങൾ ഭാഗ്യമുള്ളവർ, നിങ്ങൾ ചിരിക്കും (ലൂക്കോ. 6:20–23; മത്താ. 5:3–12) ദരിദ്രരുടെയും, വിശക്കുന്നവരുടെയും കഷ്ടപ്പെടുന്നവരുടെയും സാമൂഹ്യ സ്ഥിതിയിൽ ശിശുക്കൾ പങ്കുകാരാണ്. അവർ ഭാഗ്യവാന്മാരെന്നു യേശു വിളിക്കുന്നു. അതുകൊണ്ടാണ് അവരെ ദൈവരാജ്യത്തിലേക്കു സ്വാഗതം ചെയ്യാൻ നിർദ്ദേശിച്ചത്. സാമൂഹ്യതലത്തിൽ ഏതുമില്ലാത്തവരാണ് ശിശുക്കൾ. അവർക്ക് യേശുവിന്റെ ഹൃദയത്തിൽ പ്രത്യേക സ്ഥാനമുണ്ട്. അവർ ദൈവരാജ്യത്തിന്റെ അവകാശികളാണ്.

ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ശിശുക്കളെ സ്നാനപ്പെടുത്തി സഭയിൽ ചേർക്കുന്നതിനെ ന്യായീകരിക്കുന്ന വേദപണ്ഡിതന്മാരുണ്ട്. ഈ സംഭവം സുവിശേഷത്തിൽ ചേർക്കുന്നതിന്റെ കാരണം തന്നെ സുവിശേഷം രചിക്കുന്ന കാലത്ത് ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിരുന്നതിനാൽ ശിശുക്കളെ സ്നാനപ്പെടുത്തുന്നതിനുള്ള സാധൂകരണം യേശുവിന്റെ ഈ പ്രസ്താവനയിൽ കണ്ടെത്തുകയായിരുന്നു എന്നു പല പണ്ഡിതന്മാരും കരുതുന്നു.

ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള മാതൃക ശിശുക്കൾ

ശിശുക്കൾ ദൈവരാജ്യം സ്വീകരിക്കുന്നവർ എന്നു മാത്രമല്ല, അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന്റെ മാതൃകകളുമാണ്. കർത്താവു കല്പിക്കുന്നു "ദൈവരാജ്യത്തെ ശിശു എന്ന പോലെ കൈക്കൊള്ളാത്തവർ ആരും ഒരുനാളും അതിൽ കടക്കുകയില്ല" മർക്കോ. 10:15. ഇത് വളരെ പ്രാധാന്യം അർഹിക്കുന്ന പ്രസ്താവനയാണ്. യഹൂദപാരമ്പര്യങ്ങളിലോ ലിഖിതങ്ങളിലോ ഒരിടത്തും മുതിർന്നവർക്കു മാതൃക ശിശുവാണെന്നു കാണുകയില്ല. ഗ്രേക്കോ റോമൻ സംസ്ക്കാരത്തിൽ ശിശുവിനോടു താരതമ്യപ്പെടുത്തുക എന്നതു തന്നെ തികച്ചും അധിക്ഷേപാർഹമാണ്.

ഏതർത്ഥത്തിലാണ് ശിശുക്കൾ മുതിർന്നവർക്കു മാതൃകയാകുന്നത്? ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? ഒന്നിലധികം വ്യാഖ്യാനത്തിന് വക നൽകുന്നുണ്ട്. മുതിർന്നവർ ശിശുവിനു തുല്യമായ നിലവാരം പുലർത്തണമെന്നാകും. ശിശുവിന്റെ ഒന്നുമില്ലായ്മയുടെയും എളിമയുടെയും ഭാവം സ്വീകരിക്കണമായിരിക്കാം. ശിശുവിനു സ്വയമായി അവകാശപ്പെടുവാൻ ഒന്നുമില്ല. യഹൂദവീക്ഷണത്തിൽ ന്യായപ്രമാണം അനുഷ്ഠിക്കുന്നവൻ ദൈവരാജ്യത്തിനവകാശി എന്നാണ് കരുതിയത്. അത് ഒരുവന്റെ നേട്ടത്തെ അഥവാ പ്രവൃത്തിയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഒരു ശിശുവിന് ഒന്നും നേട്ടമായിട്ടോ സ്വന്തം പ്രവൃത്തിയായിട്ടോ അവകാശിക്കുവാനില്ല. "ശിശുവിനെപ്പോലെ" എന്നു പറയുമ്പോൾ "ന്യായപ്രമാണത്തിന്റെ അനുസരണത്താലോ, അതിനോടുള്ള കടപ്പാടിനാലോ അല്ല ദൈവരാജ്യം അവകാശമാക്കുന്നത് എന്നുള്ള അർത്ഥമാകാം.

ദൈവരാജ്യം ഒരു ദാനമാണ്. അത് ഔദാര്യമായി നൽകപ്പെടുന്നതാണ്. ശിശുവിനെപ്പോലെ അതു സ്വീകരിക്കണമെന്നു പറയുമ്പോൾ പൂർണ്ണമായി ദൈവകൃപയിൽ ആശ്രയമർപ്പിക്കുന്ന അനുഭവം സൂചിപ്പിക്കുന്നു. മുതിർന്നവർ ശിശുക്കളെ മാതൃകയാക്കേണ്ടത്, ദൈവരാജ്യം ദൈവകൃപയാൽ ലഭിക്കുന്നു എന്നുള്ള മനോഭാവം കൈക്കൊള്ളുന്നതിനാലാണ്.

(തുടരും)

കവിത

സ്മരണാർച്ചന

പീത്തോമാ

വചനത്തിൽ ശുശ്രൂഷകനിടയൻ മാർ ഗ്രീഗോറിയോസ്
താതനുടോർമ്മയെ ബഹുമാനത്തോടാഘോഷിക്കാം.
അനുകരിച്ചിടുവാൻ തവ വിശ്വാസവുമാജീവിതവും
അനുഗമിച്ചിടുവാൻ കൃപകൾക്കടിയാർ പ്രാർത്ഥിക്കുന്നു.

വിശ്വാസത്തിൽ കർത്താവേശുവിലമർത്യത പൂണ്ടോൻ
വിശ്വസികളാം സാക്ഷികളൊന്നിച്ചർത്ഥിച്ചീടും.
ലൗകിക വാസത്തിന്നവശേഷം ക്രിസ്തുവിലാകയാൽ
ഐഹികരടിയാർക്കായ് തൻ പ്രാർത്ഥന മുക്തിയതേകും

നീതികൃതരെ ദൈവം നോക്കുകന്നാഹ്വാനത്തിൽ
ഉത്തരമരുളും, ഫലവത്താകും, അപ്രാർത്ഥനകൾ
മോശായഹറോൻ ശമുവേലിയയിവരുടെ വിളികൾ
ക്കുത്തരമരുളിയ ദൈവം നീക്കും കഷ്ടതയെല്ലാം.

(അഗ്നിമയന്മാരാരേ നോക്കി വിറച്ചീടുന്നൂ... പോലെ)
എബ്രാ. 13:7, യോഹ 11:6, ഫിലി. 1:23, യോഹ 13:24
യാക്കോ. 5:16, സങ്കീ. 34:15,16, 99:6

പരുമലപള്ളി കൂദാശയോടനുബന്ധിച്ചു നടന്ന ദീപശിഖാ പ്രയാണം, കൂദാശാ, പൊതുസമ്മേളനം മുതലായവയുടെ ചിത്രങ്ങൾ



ദീപശിഖാപ്രയാണം കോട്ടയത്തെത്തിയപ്പോൾ



ദീപശിഖ പ. ബാവാതിരുമേനി ഏറ്റുവാങ്ങി പരുമലപള്ളിയിൽ കത്തിക്കുന്നു.



പൊതുസമ്മേളന ഉദ്ഘാടനം ബഹു. ഗവർണർ ഡോ. പി. സി. അലക്സാണ്ടർ നിർവ്വഹിക്കുന്നു.



പുതുക്കിപ്പണിത കബറിടം



ദീപശിഖാപ്രയാണത്തെ അഭി. തോമസ് മാർ കൂറിലോസ് സ്വീകരിക്കുന്നു. (മലങ്കര കാത്തലിക്)




ദീപശിഖാപ്രയാണം പരുമലപള്ളിയിലെത്തിയപ്പോൾ



കൂദാശയുടെ അവസാനം കുരിശ് വാഴ്ത്തുന്നു



പെരുന്നാൾ ആശീർവാദം



പഴയപള്ളി



പുതിയപള്ളി





ഭക്തജനങ്ങൾ

ചിത്രങ്ങൾക്ക് കടപ്പാട് റോക്കി ജോർജ്ജ് മനോരമ

മില്ലേനിയം യൂത്ത് കോൺഫറൻസ് ഡെൽഹി - ഒരു പുതിയ അനുഭവം

ഫാ. ഡോ. ഒ. തോമസ്

യുവജന പ്രസ്ഥാനത്തിന്റെ പല മീറ്റിംഗുകളിൽ സംബന്ധിച്ചിട്ടുണ്ടെങ്കിലും അവയിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു സെപ്റ്റം. 29 മുതൽ ഒക്ടോ. 2 വരെ നടന്ന ഡെൽഹിയിലെ മില്ലേനിയം മീറ്റിംഗ്.

ബാഹ്യകേരളത്തിലെ നാലുഭദ്രാസനങ്ങളിൽ നിന്നും എത്തിയ ഇരുനൂറുയുവാക്കളും ഡൽഹിയിൽ നിന്നു വിശ്വാസികളും ചേർന്ന് ഏകദേശം 500 പേർ ഹോസ്കാസിലെ സെ. മേരീസ് കത്തീഡ്രൽ വകയായ സെ. പോൾസ് സ്ക്കൂളിൽ സംബന്ധിക്കുകയുണ്ടായി. ഡൽഹി ഭദ്രാസനാധിപൻ അഭിവന്ദ്യ ജോബ് മാർ പീലക്സീനോസ് തിരുമേനി ആദിയോടന്ത്യം വരെ കോൺഫറൻസിൽ സംബന്ധിച്ച് നേതൃത്വം നൽകിയത് യുവാക്കൾക്ക് വളരെ പ്രോത്സാഹനമായി അനുഭവപ്പെട്ടു.

അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം രാജ്യസഭാ ഡെപ്യൂട്ടി ചെയർ പേർസൺ ഡോ. നജ്മഹത്തുള്ളയാണ് ഉദ്ഘാടനം ചെയ്തത്. പ്രൗഢമായ സദസ്സിൽ ലോകസഭാംഗവും പ്രമുഖ വാഗ്മിയുമായ ശ്രീ. ജയ്പൽ റഡ്ഡിയും സാമ്പത്തിക ശാസ്ത്രജ്ഞർ ശ്രീ. റ്റി. കെ. ഉമ്മനും അങ്കമാലി ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായും ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു.

മുഖ്യ ചിന്താവിഷയം 'അസ്ഥിരതയുള്ള ലോകത്തിന് സ്ഥിരിതയുള്ള ആദ്ധ്യാത്മിക ദർശനം' എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. തിരുമേനി, തെരഞ്ഞെടുത്ത വിഷയത്തെപ്പറ്റി ആമുഖപ്രഭാഷണവും അദ്ദേഹം തന്നെ തടത്തി. ദൈവീകാനുഭവമാണ് സ്ഥിരതയുള്ള അദ്ധ്യാത്മിക ദർശനത്തിന്റെ കാതൽ എന്ന് അദ്ദേഹം വ്യക്തമാക്കി. നാഗ്പൂർ വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ ഏബ്രഹാം ഫിലിപ്പും കോട്ടയം സെമിനാരിയിലെ ഫാ. ഒ. തോമസ്സുമാണ് മുഖ്യ ചിന്താവിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ എടുത്തത്. ഗ്ലോബലൈസേഷനും, മാർക്കറ്റ് ഇക്കോണമിയും, ഇവയുടെ വക്താക്കളായി വർത്തിക്കുന്ന മീഡിയായുമൊക്കെ സൃഷ്ടിക്കുന്ന അസ്ഥിരതകളെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിരുന്നു. ശാസ്ത്ര സാങ്കേതിക വളർച്ച സൃഷ്ടിച്ചിരിക്കുന്ന പരിസ്ഥിതി മലിനീകരണവും ഗ്രാമീണജനതയുടെയും, പട്ടണങ്ങളിലെ ചേരികളിൽ വസിക്കുന്ന ജനകോടികളുടെയും, അടിച്ചമർത്തപ്പെടുന്ന ആദിവാസികളുടെയും, സ്ത്രീകളുടെയും ഒക്കെ പ്രശ്നങ്ങൾ അംഗങ്ങൾ മനസ്സിലാക്കുവാൻ ശ്രമിച്ചു. ഗ്രൂപ്പ് ചർച്ചകൾ വളരെ സജീവമായിരുന്നു. മദ്യമയക്കുമരുന്നുകളുടെ വിപരീത ഫലങ്ങളെപറ്റി ബഹു. ജോണി ജോർജച്ചൻ യുവാക്കളെ വ്യക്തമായി മനസ്സിലാക്കിക്കൊടുത്തു. ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷന്റെ അഖിലേന്ത്യാ സെക്രട്ടറിയായ ഡോ. മാണിജേക്കബ്, ഉപരിവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ദർശനങ്ങളെ വിശദമാക്കി ചിന്തോദ്ദീപകമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽ വിജയികളായി പ്രവർത്തിക്കുന്ന ശ്രീമതി. ലില്ലിജോർജ്ജ് (സോണിയാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി വി. ജോർജിന്റെ സഹധർമ്മിണി) വൈസ് അഡ്മിറൽ പി. ജെ. ജേക്കബ്, ശ്രീ. കെ. റ്റി. ചാക്കോ ഐ. എ. എസ്, ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റ് എന്നിവരുമായുള്ള അഭിമുഖം യുവാക്കൾക്ക് ജീവിതത്തേക്കുറിച്ച് പുതിയ ഉൾക്കാഴ്ച ലഭിക്കുവാൻ പര്യാപ്തമായി. ധ്യാനയോഗത്തിനും വി. കുർബാനയ്ക്കും, പ്രധാന കാർമ്മികത്വം വഹിച്ചത് അഭിവന്ദ്യ ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായാണ്. ഗ്രൂപ്പുചർച്ചകളുടെ വെളിച്ചത്തിൽ, ക്രിയാത്മകമായ തീരുമാനങ്ങൾ എടുക്കുകയും, അവ പ്രാവർത്തികമാക്കുമെന്ന് സമാപന സമ്മേളനത്തിൽ പ്രതിജ്ഞയെടുക്കുന്നതും പുതുമയാർന്നതായിരുന്നു. സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുന്നതിലും, അവയുടെ ആവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നതിലും, പ്രത്യേകമായ താല്പര്യം ഈ മറുനാടൻ യുവാക്കൾക്കു കൂടുതലായി ഉണ്ടെന്നു തോന്നി. നാട്ടിലെ ക്ലാസുകളേക്കാളും അച്ചടക്കം പ്രകടമായിരുന്നു. രാത്രിപ്രാർത്ഥനയ്ക്കും, ആരാധനയ്ക്കും, നിർബന്ധം കൂടാതെതന്നെ യുവാക്കൾ സജീവമായി പങ്കെടുത്തു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സുപ്രീംകോടതി ജഡ്ജിയായി ഈയിടെ നിയമിതനായ ശ്രീ. കെ. ജി. ബാലകൃഷ്ണനാണ് മുഖ്യ സന്ദേശം നൽകിയത്.



മില്ലേനിയം യൂത്ത് കോൺഫറൻസ് ഉത്ഘാടനം:- [illegible] ഡോ. ഏബ്രഹാം മാർ സേവേറിയോസ്, [illegible] ജെയ്പാൽ റെഡ്ഡി എം. പി., ഡോ. നജ്മ ഹെപ്തുള്ള, [illegible] മാർ പീലക്സീനോസ്, പ്രൊഫ. റ്റി. കെ. ഉമ്മൻ, ഫാ. [illegible]

മലങ്കര ഓർത്തഡോക്സ് സഭയുടെ അനുമോദനങ്ങൾ അറിയിച്ചുകൊണ്ട് അദ്ദേഹത്തെ സദസ്സ് സ്വാഗതം ചെയ്തു. നാലു ദിവസത്തെ ക്ലാസ്സ് വിജയകരമാക്കുവാൻ വളരെപ്പേർ അദ്ധ്വാനിച്ചിട്ടുണ്ട്. അഭിവന്ദ്യ ജേക്കബ് മാർ പീലക്സീനോസ് തിരുമേനി, സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഷാജി മാത്യുസച്ചൻ, അസി. വികാരി നൈനാൻ ഫിലിപ്പച്ചൻ, ജനറൽ കൺവീനർ അലക്സാണ്ടർ ദാനിയേൽ ഐ. പി. എസ്., ഭദ്രാസന സെക്രട്ടറി ഫാ. എം. സി. പൗലൂസ്, ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി ശ്രീ. മാമ്മൻ മാത്യു ശ്രീമതി ലില്ലി ജോർജ്ജ് തുടങ്ങിയവരുടെ നേതൃത്വം എടുത്തുപറയേണ്ടിയിരിക്കുന്നു. അസ്ഥിരതയുള്ള ലോകത്ത് സ്ഥിരതയുള്ള ആദ്ധ്യാത്മിക ദർശനം ദൈവീകസ്വഭാവത്തിലേക്കുള്ള ആയിത്തീരലിൽക്കൂടി സാദ്ധ്യമാവുമെന്നുള്ള തിരിച്ചറിവോടുകൂടി യുവാക്കൾ തലസ്ഥാന നഗരിയോട് വിടപറയുമ്പോൾ, ഇനിയും ഇതുപോലെയുള്ള കൂടിച്ചേരലുകൾക്കായി ദാഹിക്കുന്നു എന്ന് അവരുടെ മുഖങ്ങൾ വ്യക്തമാക്കുന്നുണ്ടായിരുന്നു.

♦



നിങ്ങൾ ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടണം - പരിശുദ്ധന്റെ അഭ്യർത്ഥന

മത്തായി മാമ്പള്ളിൽ

"**മ**രിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുകയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ നമ്മുക്കെല്ലാവർക്കും പിതാവാകേണ്ടതിനു" (റോമർ4:17) ജീവിതത്തെ ക്രമീകരിക്കുകയും, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ പിതാക്കന്മാരുടെ പിതാവായി പ. പരുമല തിരുമേനി "ദൈവത്തിന്റെ സിംഹാസനത്തിൽ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു." (വെളി. 7:15). വിശ്വാസികളായ ജനത്തിനു വേണ്ടി മദ്ധ്യസ്ഥത നടത്തുന്നു. "വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം കൊടുത്തു." (റോമ. 4:20) "ശരീരത്തിൽ വസിച്ചപ്പോഴും ശരീരം വിട്ടപ്പോഴും ദൈവത്തെ പ്രസാദിപ്പിക്കുന്നു." (2 കോരി. 5:9)

"വിശ്വസിക്കുന്നവനു സകലവും കഴിയും" (മർക്കോ. 9:23) എന്നുള്ള യേശുവിന്റെ കല്പന അനുസരിച്ച് ദൈവപ്രസാദം നേടി, ഇന്നും ദൈവത്തെ ആരാധിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ആയുഷ്ക്കാലം മുഴുവനും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ച പ. പരുമലതിരുമേനിയിൽ കൂടി ദൈവത്തിന്റെ നീണ്ട അത്ഭുത പരമ്പരകൾ കാണുവാൻ സാധിക്കും - രോഗികളെ സുഖമാക്കി, കൊടുങ്കാറ്റിനെ ശാസിച്ചു, തിരമാലകളെ അടക്കി, മഴയെ വിലക്കി, സൂര്യനെ മൂടി, പിശാചുക്കളെ ഓടിച്ചു, കലഹങ്ങളെ ശമിപ്പിച്ചു, വഴക്കുകളെ ഇല്ലാതാക്കി, ദൈവവചനം ഘോഷിച്ചു, അനേകരെ യേശുവിലുള്ള വിശ്വാസത്തിൽ നേടിയെടുത്തു. അതുകൊണ്ടു "മരിക്കുന്നതു എനിക്കു ലാഭം" "ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു" (2 കോരി. 5:8) എന്നു പഠിപ്പിച്ച വി. പൗലോസിനെപ്പോലെ, ജീവിത കാലത്തു പരിപാലിച്ച, ദൈവപ്രസാദം നേടിയ പരുമല തിരുമേനി ഇന്നും ദൈവത്തെ ആരാധിക്കുന്നു. "കൃപയുടെയും നീതി ദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശു ക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും" (റോമ. 5:17).

ജീവിതകാലത്തു പരുമല തിരുമേനി ദൈവത്തിന്റെ സഭയുടെ ഒരു വലിയ നിക്ഷേപമായിരുന്നു. ജീവിത ശേഷം തിരുമേനിയുടെ തിരുശേഷിപ്പുകൾ ദൈവത്തിന്റെ സഭയുടെ ഒരു വലിയ നിക്ഷേപമാകുന്നു. "നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലോ. 3:3) എന്ന പ്രകാരം രാപ്പകൽ ദൈവത്തെ ആരാധിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്യുന്ന വിശുദ്ധന്റെ തിരുശേഷിപ്പുകൾ മൂലം ഇന്നും ധാരാളം അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിനാൽ പരിശുദ്ധന്റെ ചരമദിനം ദേശത്തിന്റെ പെരുനാൾ കൂടിയാണ്. അദ്ദേഹത്തിന്റെ കബറിടം സന്ദർശിക്കുന്നതും തിരുശേഷിപ്പുകൾ വണങ്ങുന്നതും വേദപുസ്തകാധിഷ്ഠിതവും അനുഗ്രഹവുമാണ്.

അനേകായിരങ്ങളെ, ഇതരമതവിശ്വാസികളെ, പ. പരുമല തിരുമേനി യേശു ക്രിസ്തുവിങ്കലേക്ക് ആകർഷിച്ചു. ക്രിസ്തുവിന്റെ രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്തി കൊടുത്തു. ക്രിസ്തുവിൽ അവരെ സ്നാനപ്പെടുത്തി, ക്രിസ്തുവിന്റെ സഭയോടു ചേർത്തു. "ദൈവത്തിന്റെ സുവിശേഷ ഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടതിന് ദൈവം നല്കിയ കൃപനിമിത്തം" (റോമ. 15:15) ക്രിസ്തു നല്കിയ ദൗത്യം നിർവ്വഹിച്ചു. അങ്ങനെ "ക്രിസ്തു ഞാൻ മുഖാന്തിരം ജാതികളുടെ അനുസരണത്തിനായിട്ടു വചനത്താലും പ്രവർത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തി കൊണ്ടും പരിശുദ്ധാത്മാവിന്റെയും ശക്തി കൊണ്ടു പ്രവർത്തിച്ചു." (റോമ. 15:18)

"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്' (ഫിലി. 1:21,23) എന്നു പഠിപ്പിച്ച വി. പൗലോസിനെപ്പോലെ, പരുമല തിരുമേനിയും മരണം മുൻകൂട്ടി കാണുകയും സംസാരിക്കുകയും അതിനായി ഒരുങ്ങുകയും ചെയ്തു. ഇന്നും അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മയും മദ്ധ്യസ്ഥതയും അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിക്കുന്നു.


പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാചിക്കുമ്പോഴും, അദ്ദേഹത്തിന്റെ നാമത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുമ്പോഴും വിശ്വാസികളുടെ ദൈവത്തിലുള്ള വിശ്വാസം വർദ്ധിക്കുന്നു. ഗോത്ര പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരെപ്പോലെ പരുമല തിരുമേനി ദൈവത്തിന്റെ അഭിഷക്തനും ദൈവജനത്തിന്റെ പിതാവുമാണ്.

"ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു. അവൻ മരിച്ചവരുടെ ദൈവം അല്ല, ജീവനുള്ളവരുടെ ദൈവം അത്രേ (മർക്കോസ് 12: 26–27) എന്നരുളി ചെയ്തു യേശു ക്രിസ്തുവിന്റെ കല്പന പ്രകാരം പരുമല തിരുമേനിയോടുള്ള മദ്ധ്യസ്ഥതയിൽക്കൂടി ജീവനുള്ള ദൈവത്തെയാണ് നാം ആരാധിക്കുന്നത്.

പ. പരുമല തിരുമേനിയുടെ ഓർമ്മ കഴിക്കുന്ന ജനക്കൂട്ടത്തോട് വിശുദ്ധൻ ഇപ്രകാരം ആവശ്യപ്പെടുന്നു, "നിങ്ങൾ (എനിക്കു വേണ്ടി), ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടു കൂടെ പോരാടേണം" (റോമ. 15:31) ഇതു നമുക്കു അനുഗ്രഹത്തിനായിരിക്കട്ടെ.

എക്യുമെനിക്കൽ പാത്രിയർക്കീസ് കേരളം സന്ദർശിക്കുന്നു

കോട്ടയം: ലോകമെങ്ങുമുള്ള ബൈസന്റയിൽ (ഗ്രീക്ക്) പാരമ്പര്യത്തിലുള്ള 25 കോടിയോളം പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവരുടെ ആത്മീയ നേതാവും കോൺസ്റ്റന്റീനോപ്പിൾ എക്യുമെനിക്കൽ പാത്രിയർക്കീസുമായ ബർത്തലോമിയോ ഒന്നാമൻ നവംബർ 17 മുതൽ 20 വരെ പരിശുദ്ധ കാതോലിക്കാബാവായുടെ ക്ഷണം സ്വീകരിച്ച് കേരളം സന്ദർശിക്കുന്നതാണ്.



ടർക്കിയിലെ ഇംബ്രോസ് ദ്വീപിൽ 1940–ൽ ജനിച്ച ഇദ്ദേഹം 1961–ൽ ശെമ്മാശനും 1969–ൽ വൈദികനും ആർക്കിമാൻഡ്രേറ്റുമായി. ഇതിനിടെ രണ്ടു വർഷം ടർക്കിഷ് ആർമിയിൽ സേവനമനുഷ്ഠിക്കുകയും തുടർന്ന് റോമിലും ജനീവായിലെ ബൊസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും ഉപരി പഠനം നടത്തുകയും ചെയ്തു. 1973–ൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ആദ്യം ടർക്കിയിലെ ഫിലാഡൽഫിയായിലും പിന്നീട് കാൽസിഡോനിലും ഭദ്രാസനാധിപനായി. ഡമട്രിയസ് പാത്രിയർക്കീസ് കാലം ചെയ്തതിനെ തുടർന്ന് 1991 നവംബർ രണ്ടിന് ക്രിസ്തുശിഷ്യനായ വിശുദ്ധ അന്ത്രയോസിന്റെ പിൻഗാമിയായി, കോൺസ്റ്റാന്റീനോപ്പിളിലെ 270–ാമത്തെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.

പൗരസ്ത്യ ക്രൈസ്തവലോകത്തെ ഏറ്റവും പ്രമുഖനായ മേലദ്ധ്യക്ഷനാണ് എക്യുമെനിക്കൽ പാത്രിയർക്കീസ്. കുസ്തന്തീനോപ്പോലീസ് സുന്നഹദോസ് (എ.ഡി. 381) ആണ് ഇവിടുത്തെ ബിഷപ്പിന് പാത്രിയർക്കീസ് പദവി നൽകിയത്. കൽക്കദൂൻ സുന്നഹദോസ് (എ.ഡി. 451) ഇവിടുത്തെ ബിഷപ്പിന് റോമിലെ ബിഷപ്പിനോട് (പോപ്പ്) അടുത്ത സ്ഥാനം നൽകി. എ. ഡി. 587–ലാണ് "എക്യുമെനിക്കൽ പാത്രിയർക്കീസ്" എന്നറിയപ്പെട്ടു തുടങ്ങിയത്. റഷ്യ, ജോർജ്ജിയ, യുക്രെൻ, ബലാറസ്, റുമേനിയ, ബൾഗേറിയ, യുഗോസ്ലാവിയാ, ഗ്രീസ്, സൈപ്രസ് തുടങ്ങിയ രാജ്യങ്ങളിൽ ബൈസന്റയിൻ ഓർത്തഡോക്സ് ക്രൈസ്തവർക്കാണ് ഭൂരിപക്ഷം. ഈ രാജ്യങ്ങളിലെ പത്രിയർക്കീസുമാരും മെത്രാപ്പോലീത്താമാരും ആർച്ച് ബിഷപ്പുമാരും ഇദ്ദേഹത്തെ സമന്മാരിൽ മുമ്പായി പരിഗണിക്കുന്നു. ഇരുപതിൽപരം സഭകളാണ് ഈ വിഭാഗത്തിലുള്ളത്. എക്യുമെനിക്കൽ പാത്രിയർക്കേറ്റിൽ 35 ലക്ഷം സഭാംഗങ്ങൾ ഉണ്ട്.

സഭകളുടെ ലോക കൗൺസിൽ ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മറ്റി പ്രസിഡന്റായും എക്സിക്യൂട്ടീവ് – സെൻട്രൽ കമ്മറ്റികളിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അനേകം യൂണിവേഴ്സിറ്റികളിൽ നിന്ന് ബഹുമതി ഡോക്ടറേറ്റ് നേടിയിട്ടുള്ള ഇദ്ദേഹം മൂന്നുവർഷം മുമ്പ് അമേരിക്ക സന്ദർശിച്ചപ്പോൾ കോൺഗ്രസ് സമ്മേളനത്തെ അഭിസംബോധന ചെയ്തിരുന്നു.

പ. പാത്രിയർക്കീസ് ബാവായുടെ കേരളത്തിലെ സന്ദർശന പരിപാടികൾ

നവംബർ 17: 5.00 P.M. നെടുമ്പാശ്ശേരിയിൽ സംസ്ഥാന അതിഥിയായി സംസ്ഥാന ബഹുമതികളോടെ സ്വീകരണം.
6.30 – 7.30 കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റർ സന്ദർശനം.
8.30 – 10.30 ഗ്രീക്ക് എമ്പസി കൊച്ചിയുടെ വകസ്വീകരണം.
രാത്രിയിൽ കോട്ടയത്തെത്തുന്നു.

നവംബർ 18: 9.30–12.30 കോട്ടയം പഴയസെമിനാരിയിൽ.
2.30 – 5.30 വരെ കോട്ടയത്തും പരിസര പ്രദേശങ്ങളിലുള്ള പഴയ പള്ളികൾ സന്ദർശിക്കുന്നു.
7.30 – വിവിധ സഭാദ്ധ്യക്ഷന്മാരുമൊത്ത് ഡിന്നർ ദേവലോകം കാതോലിക്കേറ്റ് അരമന.

നവംബർ 19: 7.00 A.M. പരുമലപള്ളിയിൽ വി. കുർബ്ബാന.
10.30 നിരണത്തു പള്ളിയിൽ സ്വീകരണം.
1.00 പരുമലസെമിനാരിയിൽ വച്ച് മാനേജിംഗ് കമ്മറ്റി അംഗങ്ങളോടൊന്നിച്ച് ലഞ്ച്.
2.30 പൊതുസമ്മേളനം. പ. ഔഗേൻബാവായുടെ ചരമ രജത ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം

നവംബർ 20: മടക്കയാത്ര.



സണ്ണി ജോസഫ്
കുളനട

ഞായർദിന ചിന്തകൾ

ഫാ. ജോസഫ് സാമുവേൽ കറുകയിൽ

ഹൂദോസ് ഈത്തോഞ്ഞായർ
(സഭയുടെ പ്രതിഷ്ഠാദിനം)
വി. യോഹന്നാൻ 10.22–38

സഭയുടെയും ദേവാലയത്തിന്റെയും ക്രിസ്തീയഭവനത്തിന്റെയും ദൈവഭവനമായ നമ്മുടെ ഓരോരുത്തരുടെയും പ്രതിഷ്ഠാ ദിവസമാണിന്ന്. പുതുക്കം പുനഃപ്രതിഷ്ഠ എന്നെല്ലാം ഈ വാക്കിന് അർത്ഥമുണ്ട്. യേശുക്രിസ്തു യറുശലേമിൽ പ്രതിഷ്ഠോത്സവം നടന്ന ശീതകാലത്ത് കടന്നു ചെന്നപ്പോൾ തന്നെ വളഞ്ഞ് സംസാരിച്ചവരോട് പറയുന്ന വാക്കുകളാണ് ഈ വേദഭാഗത്ത് കാണുന്നത്.



പല സാഹചര്യങ്ങൾകൊണ്ടും ഇടിഞ്ഞു പൊളിഞ്ഞും പോയിരിക്കുന്ന ദേവാലയങ്ങളായ നമ്മുടെ ഭവനങ്ങൾ, വിശ്വാസികൾ, ഇടവകകൾ, സഭ പുനഃപ്രതിഷ്ഠ ചെയ്യേണ്ട ദിവസമാണിന്ന്. നമ്മുടെ പ്രതിഷ്ഠ പുതുക്കണം.

നെഹമ്യാവ് പുസ്തകം 2:17 ൽ പ്രവാചകന്റെ ആഹ്വാനം ശ്രദ്ധിക്കുക യെറുശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കുന്നു നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലോ. വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതെ വണ്ണം യെരുശലേമിന്റെ വാതിൽ പണിയുക എന്നു പറഞ്ഞു. വിവിധ സാഹചര്യങ്ങളാൽ നമ്മുടെ പൊളിഞ്ഞും കരിഞ്ഞും വെന്തും കിടക്കുന്ന അവസ്ഥകൾക്ക് മാറ്റം സംഭവിക്കുവാൻ ഇനിയും നിന്ദാപാത്രമാകാതിരിക്കാൻ പലതും പണിയേണ്ടതുണ്ട്. അതിനായി പുനഃപ്രതിഷ്ഠ ആവശ്യമാണ്. കർത്താവ് യറുശലേമിൽ തന്റെ അടുത്ത് വളഞ്ഞവരോടു പറയുന്നു എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന എന്റെ പ്രവർത്തികൾ എനിക്കു സാക്ഷ്യമാകുന്നു. പ്രതിഷ്ഠ ഏതിലൊക്കെ ആവശ്യമാണെന്നു ചിന്തിക്കാം.

1. ദൈവനാമത്തിൽ ചെയ്യുന്ന പ്രവർത്തികളിൽ പുനഃപ്രതിഷ്ഠ ആവശ്യം.

"എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവർത്തികൾ എനിക്കു സാക്ഷ്യം ആകുന്നു" (യോഹ. 10:25) ദൈവനാമത്തിൽ ചെയ്യുന്ന പ്രവർത്തികൾ ക്രൈസ്തവസാക്ഷ്യം വഹിക്കുന്നുവോ എന്ന് സ്വയ പരിശോധന ചെയ്ത് അവ പുനഃപ്രതിഷ്ഠ നേടേണ്ടതാണ്. നാം ആരംഭിച്ചിട്ടുള്ളതും, സ്ഥാപകനേതാക്കന്മാർ വിഭാവനം ചെയ്തതുമായ പലപ്രസ്ഥാനങ്ങളും അവയുടെ ഉദ്ദേശലക്ഷ്യത്തിൽ നിന്ന് അകലെയല്ലേയെന്ന് ചിന്തിക്കേണ്ടതാണ്. അത്തരം പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ നമുക്ക് ക്രൈസ്തവസാക്ഷ്യത്തിന്, അഥവാ സഭാ സാക്ഷ്യത്തിന് ഉതകുന്നുവോ. നീ ആരാണ്? എന്ന ചോദ്യത്തിനുള്ള കർത്താവിന്റെ മറുപടിയാണിത്. നാം ആര് എന്ന് ലോകം അറിയുന്നത് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടാകണം. നമ്മുടെ പ്രസംഗങ്ങൾ കൊണ്ടു മാത്രമല്ല. നിന്റെ പേരിൽ ചെയ്യുന്ന വെറും വേലകൾ ആയി പ്രവർത്തനങ്ങൾ അധഃപതിക്കുന്നതിനാൽ സാക്ഷ്യം നഷ്ടപ്പെട്ട, കാരാംശം നഷ്ടപ്പെട്ട ഉപ്പുപോലെ ഉപ്പുതൂണുകളായി കാണപ്പെടുവാൻ ഇടയാകുന്നു. അതിനാൽ നമ്മുടെ ദൈവനാമത്തിൽ ഉള്ള പ്രവർത്തനങ്ങൾക്ക് ഒരു പുനഃപ്രതിഷ്ഠ ആവശ്യം. പ്രതിഷ്ഠാനാം പുതുക്കണം.

2. ശബ്ദം കേൾക്കയും അനുഗമിക്കുകയും ചെയ്യേണ്ട ആടുകൾ

കർത്താവു അറിയിക്കുന്നു എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു അവർ എന്നെ അനുഗമിക്കുന്നു. ദൈവം ഇടയനും നാം ആടുകളും എന്ന ചിന്ത പലവിധത്തിൽ വേദപുസ്തകം വിശദീകരിക്കുന്നുണ്ട്. ദൈവശബ്ദം കേൾക്കയും അനുഗമിക്കുകയും ചെയ്യേണ്ട ആടുകൾക്ക് ഇന്ന് കേൾക്കാൻ മറ്റെന്തെല്ലാം ശബ്ദങ്ങൾ ഉണ്ട്. പക്ഷെ ഈ ശബ്ദ കോലാഹലങ്ങൾക്കിടയിൽ ദൈവശബ്ദത്തിന് കാതോർക്കാൻ തയ്യാറല്ലാതെ പോകുന്ന ആടുകൾ നാശ

ഞായർദിന ചിന്തകൾ

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അഥവാ ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ച് കടന്നു പോകുവാൻ അടുത്തു വരുന്ന ജനം, വിവിധ മാനസിക അവസ്ഥകളുമായിട്ടാണ് ആരാധനയിൽ സംബന്ധിക്കുന്നത്. വി. കുർബ്ബാനയുടെ മദ്ധ്യേ ലഭിക്കുന്ന. ആത്മ പ്രചോദിത വചനങ്ങൾ ആരാധനയിൽ കൂടുതൽ പങ്കു ചേരുവാനും പുതിയ ദർശനത്തോടും, ആത്മീയ ഉൾക്കാഴ്ചയോടും കടന്നു പോകുവാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. സമയം നഷ്ടപ്പെടുത്തുവാനുള്ള ഒരു അവസരമായി പ്രസംഗസമയം ആകാതിരിക്കട്ടെ. വിശ്വാസികൾക്ക് നന്നായി ഒന്നുമയങ്ങുവാനുള്ള അവസരമായി പ്രസംഗസമയം തീരാതിരിക്കട്ടെ. യാന്ത്രികമായ ഒരു അനുഭവമായി ആരാധന തീരാതിരിക്കട്ടെ. സുദീർഘമായ പ്രസംഗങ്ങൾക്ക് ഞായറാഴ്ച ആരാധന മദ്ധ്യേയുള്ള ശുശ്രൂഷ തീരാതിരിക്കട്ടെ. സാധാരണക്കാരുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി അതാതു ദിവസത്തെ ക്രമീകരിക്കപ്പെട്ടിരിക്കുന്ന വേദവായനക്ളുടെ അടിസ്ഥാനത്തിൽ ഓരോ ഞായറാഴ്ചയും ചിന്തിക്കുവാനുള്ള ചില ചിന്തകൾ കുറിക്കട്ടെ.

ത്തിന്റെ പാതയിലേക്ക് ഓടുന്നു. ഗദരദേശത്തെ പന്നികൾ ഓടുന്ന പോലെ ഓടുന്നു. പക്ഷെ ചെന്നു പതിക്കുന്നത് കടുംതൂക്കത്തോടെ നടുക്കടലിലേക്കാണെന്ന് ഓർത്തിരിക്ക. അവന്റെ ശബ്ദം കേൾക്കുന്നവർ അവനെ അനുഗമിക്കണം. അവനെ അനുഗമിക്കുന്നത് അത്ര ആനന്ദദായകം ആയിരിക്കയില്ല. കാരണം, അവ ത്യാഗത്തിന്റെ, വേദനയുടെ, കഷ്ടതയുടെ, താഴ്മയുടെ, വിനയത്തിന്റെ, ക്രൂശിന്റെ, അനുസരണത്തിന്റെ, ശിക്ഷണത്തിന്റെ പാതയാണ്, അതിനായി പ്രതിഷ്ഠിക്കാം.

3. അനുഗമിച്ചാൽ നിത്യജീവൻ ലഭിക്കുന്നു.

അവനെ അനുഗമിക്കുന്നവരെ അവൻ നിത്യജീവനിലേക്കു നയിക്കുന്നു. ശവപ്പെട്ടിവരെയുള്ള ഒരു ജീവിതമല്ല അവൻ വാഗ്ദാനം ചെയ്യുന്നത്. പിന്നെയോ എന്നേക്കും ജീവിക്കുന്ന അനുഭവം കല്ലറയിൽ നിൽക്കാത്ത ജീവിതം അവനിൽ വിശ്വസിക്കുന്നവൻ, അനുഗമിക്കുന്നവൻ മരിച്ചാലും ജീവിക്കും, നിത്യജീവനായി നമ്മെ പ്രതിഷ്ഠിക്കാം.

4. ദുഷ്ടങ്കൽ നിന്ന് കാക്കുന്ന ഇടയൻ

ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിയ്ക്കയില്ല. അവന്റെ കരങ്ങളിൽ ആടുകൾ സുരക്ഷിതരാണ്. ദുഷ്ടങ്കൽ നിന്നു നമ്മെകാക്കുന്ന ഇടയൻ. ചെന്നായ്ക്കളോടു പോരാടുന്ന ഇടയൻ, വടിയും കോലും കൊണ്ട് പരിപാലിക്കുന്നു. പക്ഷെ ഇടയന്റെ കയ്യിൽ ഒതുങ്ങിയിരുന്ന് അവന്റെ കൈക്കലെ ആടുകളായിരിക്കാം. അപ്പോൾ പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും രാത്രിയിലെ അവസ്ഥയിൽ നിന്നും അവൻ പരിപാലിക്കും. അതിന് അവന്റെ കൈയിൽ നമ്മെ സമർപ്പിക്കാം പ്രതിഷ്ഠിക്കാം.

സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ (രക്ഷാകർതൃദിനം)
വി. ലൂക്കോസ് 1: 1-25

യറുശലേം ദേവാലയത്തിൽ പൗരോഹിത്യ ശുശ്രൂഷ ചെയ്തുവന്ന അബിയാക്കൂറിൽ സഖറിയാ എന്ന വൈദീകന്റെയും ഭാര്യ അഹറോന്റെ പുത്രിമാരിൽ ഒരാളായിരുന്ന എലിസബെത്തിന്റെയും ജീവിതത്തിൽ ദൈവം പ്രവർത്തിച്ച ഒരു സംഭവം വിശദീകരിക്കുന്നതാണ് ഇന്നത്തെ വേദഭാഗം വി. ലൂക്കോസ് 1: 1-25 വരെ വാക്യങ്ങളിലൂടെ വ്യക്തമാക്കുന്ന ചില ചിന്തകൾ.

1. ദൈവീകജീവിതം നയിക്കുന്നവർക്കും സ്വകാര്യ ദുഃഖങ്ങളുണ്ടാവാം.

അവർ ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എങ്കിലും അവർക്കു മക്കളില്ല എന്ന ദുഃഖം അവശേഷിച്ചിരുന്നു. ദുഃഖങ്ങൾ മനുഷ്യ ജീവിതത്തിന്റെ ഭാഗമാണ്. ദുഃഖങ്ങൾ ഇല്ലാത്ത ജീവിതം മനുഷ്യ ജീവിതമായി കർത്താവു പഠിപ്പിക്കുന്നില്ല. നല്ല കുടുംബ പശ്ചാത്തലത്തിൽ നിന്നുള്ളവരായിരുന്നു രണ്ടു പേരും. പക്ഷെ ദുഃഖങ്ങൾ മാറുന്നതിന് അതു കാരണമല്ലായിരുന്നു. ദൈവീകരായ മനുഷ്യരെയെല്ലാം അലട്ടിയിരുന്ന ദുഃഖങ്ങൾ തിരുവചനത്തിൽ ഉടനീളം വിശദമാക്കുന്നുണ്ട്. സ്വകാര്യ ദുഃഖങ്ങൾ ഉള്ളതിനാൽ അവരുടെ ദൈവീക ജീവിതം ശരിയല്ലാ എന്നോ അവരുടെ വിശ്വാസം പൂർണ്ണമല്ലാ എന്നോ, അവർ കപടഭക്തരാണ് എന്നോ നാം വിലയിരുത്തരുത്. അവരെ വിധിക്കയുമരുത്.

2. ധൂപപ്രാർത്ഥനയിലൂടെ ദൈവം സംസാരിക്കുന്നു.

ധൂപപ്രാർത്ഥന ഒരു പ്രാർത്ഥനയാണോ? ദൈവം സംസാരിക്കാനും ദൈവത്തോടു സംസാരിക്കാനും ഈ പ്രാർത്ഥനാ രീതി പര്യാപ്തമാണോ? ധൂപപ്രാർത്ഥനയിൽ വല്ല ആത്മീയതും ഉണ്ടോ? ഈ പുകകൊണ്ട് എന്തു പ്രയോജനം എന്നീ വിധം ചിന്തിക്കുന്നവർ ഇന്ന് ഉണ്ട്. എന്നാൽ ആരാധനയിലെ പ്രധാന ശുശ്രൂഷയാണ് ധൂപപ്രാർത്ഥന. നമ്മെ സംബന്ധിച്ചിടത്തോളം ഇവ മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. ഈ പ്രാർത്ഥനകളിലൂടെ ഉയരുന്നത് സകല ശുദ്ധിമാന്മാരുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനകൾ കൂടെയാണ്. വെളിപ്പാട്. 8:3,4 വാക്യങ്ങൾ കാണുക. ധൂപ വർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കൈയ്യിൽ നിന്നു ദൈവസന്നിധിയിലേക്കു കയറി സഖര്യാ പുരോഹിതന്റെ ധൂപ പ്രാർത്ഥനയിലൂടെ ദൈവം തന്നോടു സംസാരിക്കുകയും സ്വകാര്യ ദുഃഖത്തിന് അറുതി വരുത്തുകയും ചെയ്യുന്നു. എനിക്കു മക്കളില്ലേ എന്നു നിലവിളിക്കുന്ന വൈദികനെയും ബസ്ക്യാമ്മയേയും ഇവിടെ കാണുന്നില്ല. പക്ഷെ ദുഃഖം ഉള്ളിൽ പേറി ആഴമായ അനുഭവത്തോടെ ശുശ്രൂഷ ചെയ്യുന്ന ഒരു വൈദികനെ ഇവിടെ കാണാം. ദൈവം ഹൃദയത്തിന്റെ ആവശ്യകത കണ്ട് ഉത്തരമരുളുന്നു.

ഞായർദിന ചിന്തകൾ

3. ധൂപാർപ്പണ സമയം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ജനം

പുരോഹിതൻ ധൂപാർപ്പണം നടത്തുമ്പോൾ ജനം തങ്ങൾക്ക് നിൽക്കുവാൻ നിയമിച്ചിട്ടുള്ള സ്ഥാനത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ആരാധനയുടെ ശക്തിയും അനുഭവവും അതാണ്. ധൂപപ്രാർത്ഥനാസമയം ജനം പുറത്തുപോയി എന്നോ, പൊതുയോഗവിഷയങ്ങൾ ചർച്ച ചെയ്യുകയായിരുന്നു എന്നോ. കൈക്കാരനും കമ്മറ്റിക്കാരനും, നേതാക്കളും പള്ളി ഓഫീസിലിരുന്നു പണം പിരിക്കുകയായിരുന്നു എന്നോ കമ്മറ്റിക്കുള്ള അജണ്ട നിശ്ചയിക്കുകയായിരുന്നു എന്നോ, ദേവാലയത്തിനു പുറത്ത് അവർ തന്നത്താൻ "ധൂപം"(പുക) അർപ്പിക്കുകയായിരുന്നു എന്നോ അല്ല എന്ന സത്യം ഓർക്കുക. വൈദീകനും ജനവും ഒന്നിച്ചു പ്രാർത്ഥിക്കുന്ന അനുഭവമാണിത്. അവിടെ ദൈവദർശനം ഉണ്ടാകും അവിടെ മാലാഖമാരുടെ സാന്നിദ്ധ്യം ഉണ്ടാകും. അവിടെ ദൂതന്മാർ ഇറങ്ങി വരും. അവിടെ സ്വകാര്യ ദുഃഖങ്ങൾക്ക് അറുതി വരും. അവിടെ ഹൃദയവിചാരങ്ങൾ ദൈവം കാണും. അതിനാൽ ധൂപപ്രാർത്ഥന പ്രാർത്ഥനാനുഭവമാക്കുക.

4. ജനത്തിന്റെയിടയിലെ നിന്ദനീക്കുന്ന കർത്താവ്

വാർദ്ധക്യത്തിലായിരുന്ന എലിസബത്ത് ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കുമെന്നും അവൻ വലിയവനാകും എന്നും അവൻ കർത്താവിങ്കലേക്കു അനേകരെ തിരിക്കും എന്നും അവൻ മുഖാന്തിരം സന്തോഷവും ഉല്ലാസവും ഉണ്ടാകും എന്നും. മറ്റുമുള്ള വാർത്ത പൊടുന്നനവെ വിശ്വസിക്കുവാൻ സഖരിയ്യാവിനു പ്രയാസം ഉണ്ടായെങ്കിലും

എലിസബേത്ത് ഗർഭം ധരിച്ചു. ജനത്തിന്റെയിടയിൽ എനിക്കുണ്ടായിരുന്ന നിന്ദ കർത്താവു നീക്കി എന്ന എലിസബെത്തിന്റെ പ്രതികരണം കൊണ്ടു മനസ്സിലാക്കാം. അവൾ എത്രയോ നിന്ദിതയായിരുന്നു. മക്കളില്ലാ എന്നത് ഒരു ദൈവഹിതമായി കാണാം എങ്കിലും അന്നത്തെ അവസ്ഥ ഇന്നത്തേതിൽ നിന്നും വ്യത്യസ്ഥമായിരുന്നു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലചതയ്ക്കും എന്ന പ്രവചനം അഥവാ വാഗ്ദത്തം ഉള്ളതിനാൽ ഓരോ സ്ത്രീയും താൻ പ്രസവിക്കുന്ന സന്തതിയായിരിക്കും അവ എന്ന ആശയോടെ കാത്തിരുന്നു. എന്നാൽ മക്കളില്ലാത്തവർക്ക് ഒരിക്കലും അതിന് സാധ്യതയേയില്ല എന്നതിനാലും ആരാധിക്കുന്ന ഈ കുടുംബത്തിന് നിന്ദ സഹിക്കേണ്ടി വന്നിരുന്നു. എന്നാൽ നിന്ദയെ നീക്കുന്ന ഒരു കരുണാമയനെ എലിസബെത്ത് കണ്ടുമുട്ടി. അവൾ ഒരു സാധാരണ മകനെയല്ല. ദൈവത്തിനു വഴിയൊരുക്കുന്നവനെ തന്നെ വഹിക്കുവാനും പരിശുദ്ധാത്മാവ് ഉള്ളത്തിൽ വെച്ചു തന്നെ നിറയുന്ന മകനെ പ്രസവിക്കുവാനും ഉള്ള ഭാഗ്യം ലഭിച്ചു.

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ.
വി. ലൂക്കോസ് 1: 26-38

നസ്രത്തിലെ എളിയ ഗ്രാമത്തിൽ യൗസേഫിനു വിവാഹം നിശ്ചയിച്ചിരുന്ന മറിയം എന്ന വനിതയുടെ അടുത്തേക്ക് ദൈവദൂതൻ കടന്നു ചെന്ന് മശിഹായുടെ തിരുജനനത്തിന് അവളെ തെരഞ്ഞെടുക്കുന്ന കാര്യം അറിയിക്കുന്ന വലിയ ദിവസമാണന്ന്.

1. വി. മറിയം കൃപ ലഭിച്ചവൾ

ദൂതൻ അറിയിച്ചു. കൃപലഭിച്ചവളെ നിനക്കു വന്ദനം നിനക്കു ദൈവത്തിൽ നിന്നു കൃപ ലഭിച്ചിരിക്കുന്നു. ഒരു വൻ കാര്യം സാധിക്കുവാൻ പോകയാണ്. സമൂഹത്തിൽ നിന്ന് നിന്ദയും പരിഹാസവും ഏറ്റുവാങ്ങുവാൻ പോകയാണ്. ഇതുവരെയും ഉണ്ടായിരുന്ന അനുഭവത്തിൽ നിന്ന് വ്യത്യസ്തമായ ഒരനുഭവത്തിലേക്ക് കടക്കുവാൻ പോകയാണ്. വിവാഹം നിശ്ചയിച്ച പുരുഷൻ തെറ്റിദ്ധരിക്കാൻ പോകയാണ്. ഇത്തരം സാഹചര്യങ്ങളിൽ ഭയപ്പെടാതെ നിൽക്കുവാൻ. ദൗത്യം പൂർത്തിയാക്കുവാൻ ദൈവകൃപയാണ് ആവശ്യം. കൃപകൂടാതെ യാതൊരു വൻ കാര്യങ്ങളും ചെയ്‌വാൻ നമുക്കാവില്ല. അവന്റെ കൃപയാണ് നമ്മെ നിർത്തുന്നത്. അനേക സ്ത്രീകൾ യിസ്രയേലിന്റെ വീണ്ടെടുപ്പുകാരനായി വരുന്ന ഒരു മശിഹായ്ക്കുവേണ്ടി കാത്തിരുന്നു. അവനെ പ്രസവിക്കുവാനുള്ള ഭാഗ്യാവസ്ഥ ലഭിച്ചത് നിഷ്ക്കളങ്കയായ ഈ കന്യകയ്ക്കാണ്. ഭാരങ്ങളിൽ പിടിച്ചു നിർത്തിയത് ഈ കൃപയാണ്.

2. അത്യുന്നതന്റെ ശക്തി അനുഭവിച്ചവൾ.

നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവൻ അത്യുന്നതാകും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല തുടങ്ങിയ കാര്യങ്ങൾ ദൂതൻ അറിയച്ചപ്പോൾ സ്വഭാവികമായുള്ള സംശയം വി. മറിയം ഉണർത്തിച്ചതിനുള്ള മറുപടി പരി. ആത്മാവ് നിന്റെ മേൽവരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ വരും എന്നാണ്. അത്യുന്നതന്റെ ശക്തി ശരിയായി പിൽക്കാലത്ത് അനുഭവിക്കുവാൻ ഇടയായി. ഗർഭധാരണത്തിനുമാത്രമുള്ള ശക്തിയായിരുന്നില്ല. ഇത്. ഒരു മാതാവ് എന്ന നിലയിൽ യൗസേഫിനോടൊപ്പം പല സ്ഥലത്തും ഉള്ള യാത്രയിൽ ക്രൂശിലെ വേദനിക്കുന്ന അനുഭവത്തിനു മുമ്പിൽ എല്ലാം അത്യുന്നതന്റെ ശക്തി അനുഭവിക്കാൻ വി. മറിയത്തിനു സാധിച്ചു.

3. മരണത്തെ മുമ്പിൽ കണ്ട് തീരുമാനമെടുത്തവൾ.

അവിവാഹിതയായ ഒരു സ്ത്രീയിൽ ഇപ്രകാരം സംഭവിച്ചാൽ പരസ്യമായി കല്ലെറിഞ്ഞു കൊല്ലപ്പെടാവുന്ന സ്ഥിതിയാണെങ്കിലും മരണത്തെമുമ്പിൽ കണ്ട് തീരുമാനമെടുത്തവളാണ് വി. മറിയാം അതാണ് സമർപ്പണം. ഫറവോനോടു ചെന്ന് വിവരം അറിയിച്ച് ജനത്തെ നയിക്കുവാനുള്ള ദൈവനിയോഗം കേട്ട മോശ ഒഴികഴിവുകൾ പറഞ്ഞു. നിനവയിലേക്കു പോകുവാൻ ദൈവനിയോഗം ലഭിച്ച യോന തർസൂസിലേക്കു പോയി. യെശയ്യാവ് ആകട്ടെ തന്റെ അയോഗ്യതകളെ ഓർത്ത് എനിക്ക് അയ്യോ കഷ്ടം എന്നു പറഞ്ഞു. എന്നാൽ ദൈവനിയോഗം ലഭിച്ച ഉടനെ വരാവുന്ന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് തീരുമാനമെടുത്ത സമർപ്പിതയായിരുന്നു വി. മറിയം ഈ സമർപ്പണം ജീവിതത്തിൽ ഉടനീളം കണ്ടു.

ഞായർദിന ചിന്തകൾ

4. സമർപ്പണം വാക്കുകളിൽ ഒതുങ്ങിയില്ല.

നമ്മുടെ സമർപ്പണം പലപ്പോഴും വാചകങ്ങളിൽ മാത്രം ഒതുങ്ങുന്നു എന്നെ സമർപ്പിക്കുന്നു. പൂർണ്ണമായി അർപ്പിക്കുന്നു. കാഴ്ചയായി അർപ്പിക്കുന്നു എന്നീ വാചകങ്ങൾ നാം ഉരുവിടുമ്പോൾത്തന്നെ സമർപ്പണത്തിന്റെ ബാലപാഠങ്ങൾ പോലും ശീലിക്കാതെ കടന്നു പോകുന്നതായികാണാം. ഏതു പ്രവർത്തനവും ഭംഗിയാകണമെങ്കിൽ സമർപ്പിതരായ ചിലരെങ്കിലും ഉണ്ടായേ മതിയാകൂ.

5. സ്ഥാനത്തിലല്ല ത്യാഗത്തിൽ ഇഷ്ടപ്പെട്ട വി. മറിയം

സ്ഥാനമാനങ്ങൾക്കായുള്ള വെമ്പൽ ഇന്ന് എല്ലാരംഗങ്ങളിലും കാണാം. എന്നാൽ സ്ഥാനത്തോടു ചേർന്ന ത്യാഗം വഹിക്കാൻ തയ്യാറുള്ളവരുടെ എണ്ണം തുലോം വിരളം. വേദനകൾ മറ്റുള്ളവന്റെ തലയിലേക്കു തള്ളിക്കൊണ്ട് സ്ഥാനങ്ങൾ ഉറപ്പിക്കുവാൻ വെമ്പൽ കൊണ്ടുള്ള മനുഷ്യസമൂഹം വി. മറിയാമിന്റെ ത്യാഗവശം കാണേണ്ടതാണ്.

6. ദൈവയിഷ്ഠത്തിന് അർപ്പിക്കപ്പെട്ട വി. മറിയം

നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ അവ സംഭവിക്കട്ടെ എന്ന് തീരുമാനമെടുത്ത മറിയം നാം ആവശ്യത്തിനു ആവശ്യമില്ലായിടത്തും, അവസരത്തിലും അനവസരത്തിലും പറയുന്ന ഒരു ഭംഗിവാക്കാണ് ദൈവയിഷ്ടം. ലാഭനഷ്ടങ്ങൾ നോക്കിലാഭം എന്ന് ഉറപ്പുവരുത്തിയാൽ അവ ദൈവയിഷ്ടം എന്നും ലാഭകരം അല്ലായെന്നു കണ്ടാൽ ദൈവഹിതം അല്ലാ എന്നും വിധിയെഴുതുന്ന നാം ദൈവയിഷ്ടത്തിന്റെ അർത്ഥം കാറ്റിൽ പറത്തുകയും തള്ളുകയും ചെയ്യുമ്പോൾ വി. മറിയം ലാഭനഷ്ടങ്ങൾ നോക്കാതെ ദൈവയിഷ്ടത്തിന് അർപ്പിച്ചവൾ നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പ്രതിവചിച്ചു.

□

20–ാം ചരമവാർഷികം

4–11–2000



തങ്കായി

(C.E. ALEXANDER)

ചുങ്കത്തിൽ പറമ്പിൽ

വാഴൂർ

Inserted by

ഭാര്യ: അമ്മിണി

മക്കൾ: ഡെന്നി, ബിന്നി

10–ാം ചരമവാർഷികം

24–10–2000



മറിയാമ്മ നൈനാൻ

നെടുവേലിൽ

തുമ്പമൺ

Inserted by

കൊച്ചുമകൾ: സൂര്യമറിയം ഏബ്രഹാം

ചങ്ങനാശ്ശേരി

ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ IOL കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്‌വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986–ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053–ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488–ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, **M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

വർക്കി ആശാൻ എന്ന ആനപ്പാപ്പി

കെ. വി. മാമ്മൻ

തൊണ്ണൂറുവർഷങ്ങൾ പറന്നുപോയി. മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പഴയസെമിനാരിയിൽ നിന്ന് ഇറക്കിവിട്ടു സെമിനാരി കൈവശപ്പെടുത്തുന്നതിനുവേണ്ടി നാട്ടുകാരിൽ ചിലരുടെ ഉപദേശമനുസരിച്ചു വിദേശിയായ അബ്ദുള്ളാപാത്രിയർക്കീസ് അകാരണമായി മുടക്കെന്ന പൈശാചിക ആയുധം പ്രയോഗിക്കുന്നു. സഭയിൽ കക്ഷിവഴക്കു തലപൊക്കുന്നു അക്ഷരാർത്ഥത്തിൽ ചരിത്രം ഉറങ്ങുകയും ഉണർത്തുകയും ചെയ്യുന്ന കണ്വാശ്രമസമാനമായ പഴയസെമിനാരിയെ ഒരരഞ്ഞാണം കണക്കെ ചുറ്റി ഒഴുകുന്ന–മറ്റൊരു മാലിനി നദിയായ മീനച്ചിലാറിലൂടെ കോടിക്കണക്കിനു ഘനയടി ജലം ഇതിനകം ഒഴുകിപ്പോയി. പക്ഷെ ഒരിക്കൽ മാത്രമേ മീനച്ചിൽ ആറുരക്ത പങ്കിലമായിട്ടുള്ളു. മെത്രാപ്പോലീത്തായുടെ അംഗരക്ഷകനേതാവായ വർക്കി ആശാൻ എന്ന ആനപ്പാപ്പിയുടെ കൊലപാതകം മൂലമാണു മീനച്ചിലാറ്റിലും സഭാ ചരിത്രവാഹിനിയിലും രക്തന്ചര വികലർന്നത്.

ആരാണ് ഈ ആനപ്പാപ്പി?

സഭാംഗങ്ങൾക്ക് ഇന്ന് വികലമായ ചിത്രമാണദ്ദേഹത്തെപ്പറ്റി ലഭിച്ചിട്ടുള്ളത്. അതു തിരുത്തിയേതീരൂ. അല്ലെങ്കിൽ അതു വലിയ തെറ്റാണ്. വർക്കി വറുഗീസ് എന്ന ആനപ്പാപ്പി തിരുവല്ലാ പെരിങ്ങര സ്വദേശിയും മട്രിക്കുലേഷൻ വരെ പഠിച്ച ശേഷം സർക്കാർ സർവീസിൽ കല്ലൂപ്പാറയിൽ അദ്ധ്യാപകനായിരുന്നദ്ദേഹവും തികഞ്ഞ സഭാ സ്നേഹിയും അരോഗദൃഢഗാത്രനായ ഒരു മല്ലനും ആയിരുന്നു. കക്ഷിവഴക്കിന്റെ പേരിൽ എതിരാളികൾ വട്ടശ്ശേരിൽ തിരുമേനിയെ ഉപദ്രവിക്കാനും സെമിനാരിയിൽ നിന്ന് ഇറക്കി വിടാനും ചിലർ കരുനീക്കങ്ങൾ നടത്തിയപ്പോൾ തിരുമേനിയുടെ സംരക്ഷണത്തിനുവേണ്ടി തിരുവല്ലയിലെ സമുദായ പ്രമാണികൾ നിയോഗിച്ചവരുടെ നേതാവായിരുന്നു ആനപ്പാപ്പി. കാരയ്ക്കൽ ഇടവകയിൽ നിന്നു മൂന്നു പേരെയാണു കോട്ടയത്തേക്കു വിട്ടത്. അതിൽ ആ ജാനുബാഹുവായിരുന്ന ആനപ്പാപ്പിയെ വക വരുത്താതെ മെത്രാപ്പോലീത്തായെ പുറത്താക്കാനും സെമിനാരി പിടിച്ചെടുക്കാനും അനുയായികളെ ആട്ടിയോടിക്കാനും സാധ്യമല്ലെന്നു കണ്ടവരും മീനച്ചിലാറിന്റെ അക്കരയിൽ താമസിച്ചവരുമായ ചില പ്രമാണികൾ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അങ്ങാടിയിലുള്ള ഏതാനും മുസ്ലിംകളെ വാടകയ്ക്ക് എടുത്തിരുന്നു. ഇവർ ചതിപ്രയോഗത്തിലൂടെ 35 വയസ്സായിരുന്നു പാപ്പിയുടെ കുതികാലിൽ ആറ്റിൽവച്ച് വെട്ടികുരുതികഴിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും നാലു പിഞ്ചു മക്കളും അനാഥരായി.

ദൈവത്തിന്റെ അഭിഷിക്തനായ മെത്രാപ്പോലീത്തായുടെ രക്ഷയ്ക്കു വേണ്ടി വന്ന സഭാ സ്നേഹിയെ വധിച്ചപ്പോൾ ഒരളവിൽ അദ്ദേഹത്തിനു രക്തസാക്ഷിത്വ പരിവേഷം ലഭിച്ചു എന്നാണു മെത്രാപ്പോലീത്തായുടെ പ്രൈവറ്റു സെക്രട്ടറി ആയിരുന്ന മണലിൽ ദിവ്യ ശ്രീ യാക്കോബു കത്തനാർ സാക്ഷിക്കുന്നത്. അതുകൊണ്ടാണു "ആനപ്പാപ്പി" എന്ന പുസ്തകം മർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വദിനമായ ഡിസംബർ 21നു പ്രകാശനം ചെയ്യുന്നത്. സഭയെ തർക്കത്തിൽ കുടുക്കുകയും മെത്രാപ്പോലീത്തായെ പീഢിപ്പിക്കുകയും പാപ്പിയെ വധിക്കുകയും സാമ്പത്തിക ശക്തിയും സ്വാധീനവും കൊണ്ടു കോടതികളിൽ കൊലക്കേസിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുകയും ചെയ്തവർക്കു ദൈവം നൽകിയ കടുത്ത ശിക്ഷയും ദൃക്സാക്ഷികളുടെ മൊഴികളിലൂടെ വെളിച്ചത്തു വരുന്നു. അധികം ആരും അറിയാത്തതും. സഭാ ചരിത്രത്തിന്റെ താളുകളിലും പ്രായമുള്ളവരുടെ വായ്മൊഴികളിലും സാക്ഷികളുടെ സാക്ഷ്യങ്ങളിലും മറ്റും ചിതറിക്കിടക്കുന്നതുമായ വസ്തുതകളാണ് "ആനപ്പാപ്പി" യുടെ ഉള്ളടക്കം കഴമ്പില്ലാത്ത കക്ഷിവഴക്കുണ്ടാക്കി ഒരു നൂറ്റാണ്ടായി സഭയെ നശിപ്പിക്കാൻ ശ്രമം തുടർന്നുകൊണ്ടിരിക്കുന്നവർക്കു ലഭിക്കുന്ന ശിക്ഷ സഭാംഗങ്ങളെ ഇത്തരം ദുഷ്ചെയ്തകളിലേക്കു മേലിൽ തിരിച്ചുവിടാതിരിക്കാൻ പ്രേരിപ്പിക്കും. അതിനുതകുന്ന ജീവചരിത്രമാണ് ആനപ്പാപ്പി. കെ. സി. മാമ്മൻ മാപ്പിള, ബഥനി മാർ ഈവാനിയോസ്, സെഡ് എം പാറേട്ട് ആനപ്പാപ്പിയുടെ 90 വയസ്സുള്ള മകൾ കുട്ടിയമ്മ ഒൻപതുവയസ്സുള്ള അക്ക എന്ന ബാലിക, പാറേട്ട് മാത്യൂസ് കത്തനാർ മണലിൽ യാക്കോബ് കത്തനാർ മുതലായവരുടെ സ്മരണകൾ ആനപ്പാപ്പിയെന്ന സഭാചരിത്ര പ്രധാനമായ ജീവിതചരിത്രത്തെ ധന്യമാകുന്നു.

കിട്ടാവുന്ന ആധികാരിക രേഖകൾ ശേഖരിച്ചാണു, പുലിക്കോട്ടിൽ അഡ്വ. പി. സി. മാത്യു (കുന്നംകുളം) വും ഞാനും കൂടി 'ആനപ്പാപ്പിയെ' അണിയിച്ചൊരുക്കുന്നത്. പ. കാതോലിക്കാ ബാവായുടെ ആശംസയും റവ. ഡോ. ജോസഫ് ചീരന്റെ സഭാചരിത്രാധിഷ്ഠിതമായ അവതാരികയും ചതുർ വർണ്ണകവറും നെറ്റിപ്പട്ടം കണക്കെ പുസ്തകത്തെ വളരെ ആകർഷകമാക്കിയിരിക്കുന്നു. മുൻകൂർ പണമടച്ചവർക്കു മാത്രം പുസ്തകം ലഭിക്കുന്ന സംവിധാനം സ്വീകരിച്ചിട്ടുള്ളതിനാൽ പ്രകാശനം ചെയ്തശേഷം ഇതു സഭവക ബുക്കുഡിപ്പോകളിലും മറ്റും എത്തുന്നതല്ല. 60 രൂപ വിലയുള്ള "ആനപ്പാപ്പി" യുടെ പ്രത്യേകതകളിൽ ഒന്നാണിത്. ❑

കാതോലിക്കേറ്റിന്റെ കാവൽഭടൻ

(പ. ഔഗേൻ ബാവ)

പ. ഔഗേൻബാവായുടെ ചരമ ജൂബിലി ദിനമായ 2000 ഡിസംബർ 8നു കോടനാട്ടുവച്ചു പ്രകാശനം ചെയ്യുന്നു. മർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരുന്ന പ. ഔഗേൻബാവായുടെ പരിഷ്കരിച്ച സമ്പൂർണ്ണസചിത്ര ജീവചരിത്രം ചതുർവർണ്ണകളർ കവർ

അവതാരിക: ബാവായുടെ മുൻ സെക്രട്ടറി ഫാ. ടി. ജി. സഖറിയ

വില 50 രൂപ. **പ്രീ പബ്ലിക്കേഷൻ** (നവംബർ 25 വരെ)

വില 35 രൂപ മാത്രം പത്തു കോപ്പിക്ക് 300 രൂപ

ഗ്രന്ഥ കർത്താവും പ്രസാധകനും

കെ.വി. മാമ്മൻ,

കോട്ടയ്ക്കൽ പബ്ലിക്കേഴ്സ്

മാങ്ങാനം, കോട്ടയം –18

ഫോൺ: 578936

പരുമലപള്ളി കൂദാശ: ചില പാഠങ്ങൾ

തോമസ് മാർ അത്താനാസ്യോസ്

പരിശുദ്ധ പരുമലതിരുമേനിയുടെ ഭൗതിക ശരീരം സ്ഥിതിചെയ്യുന്ന പരുമല സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി പുതുക്കി പണിതതിന്റെ കൂദാശ 2000 ഒക്ടോബർ 27, 28 തീയതികളിൽ നടത്തി. കൂദാശാ ചടങ്ങുകളിൽ നിന്നും അതിന്റെ ക്രമീകരണങ്ങളിൽ നിന്നും ചില പാഠങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട് അവയെപ്പറ്റി ചില കാര്യങ്ങൾ പ്രതിപാദിക്കുവാനാണ് ശ്രമിക്കുന്നത്.


1. നോമ്പോടുകൂടിയ ഒരുക്കം

പരുമലപള്ളിയുടെ കൂദാശയ്ക്കു മുമ്പ് വിശ്വാസികളെല്ലാം നോമ്പ് ആചരിക്കണമെന്നു കല്പിച്ചു, പ. കാതോലിക്കാബാവാ തിരുമേനി ഒരു കല്പന പുറപ്പെടുവിക്കുകയുണ്ടായല്ലോ. നോമ്പും ഉപവാസവും പൗരസ്ത്യ ആത്മീയതയുടെ മുഖമുദ്ര ആണ്. നോമ്പിലും ഉപവാസത്തിലും കൂടി കൂദാശയിലേക്ക് കടന്നത് ഒരു ശ്രേഷ്ഠമായ മാതൃകയാണ്. ഇടവകകൾ പുതിയ ദേവാലയം നിർമ്മിച്ച് കൂദാശചെയ്യുമ്പോൾ ഇത് അനുവർത്തിക്കാവുന്ന ഒരു കാര്യമാണ്.

പ. കാതോലിക്കാ ബാവാ തിരുമേനിയുടെയോ ഇടവക മെത്രാപ്പോലീത്താമാരുടെയോ കല്പന ഇല്ലാതെ കൂദാശാകർമ്മത്തെപ്പറ്റി ചർച്ചചെയ്യാൻ കൂടുന്ന ആലോചനായോഗത്തിൽ വച്ചു തന്നെ ഇടവക ജനങ്ങൾക്ക് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയുന്നതാണ്. ഇനിയും എല്ലാ പള്ളി കൂദാശകൾക്കും മുമ്പായി ഇടവകയിൽപ്പെട്ടവർ ഏതാനും ദിവസം നോമ്പ് ആചരിക്കുന്ന രീതി സഭയിൽ വളർന്നു വന്നു കാണുവാൻ ആഗ്രഹിക്കുന്നു.

2. കൂദാശാ ശുശ്രൂഷകൾക്കു മുമ്പുള്ള ഒരുക്കം

നമ്മുടെ ആരാധനയോളം മനോഹരവും ഹൃദ്യവുമായ ഒരുആരാധനാക്രമം മറ്റൊരു സഭയിലുമില്ല. എന്നാൽ ശുശ്രൂഷകൾ വളരെ വികലമായി തീരുന്നില്ലേ എന്നു സംശയിക്കുന്നു. പരുമലപ്പള്ളിയുടെ കൂദാശയ്ക്കുമുമ്പായി ആരാധനയുടെ ക്രമീകരണങ്ങൾ ചെയ്യുകയും അതിനുവേണ്ടി പ്രാത്യേകം തയ്യാറാക്കിയ ഗായക സംഘത്തിന്റെ റിഹേഴ്സൽ പല പ്രാവശ്യം എം. പി. ജോർജ്ജ് കത്തനാരുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു. ഇത്രയും അധികം അംഗങ്ങൾ ഭാഗഭാക്കാകുന്ന ഒരു ഗായക സംഘം ഇതിനു മുമ്പ് സഭയിൽ ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. അതുപോലെ തന്നെ നമ്മുടെ റമ്പാച്ചന്മാരെയും കോർ എപ്പിസ്കോപ്പന്മാരെയും മറ്റു ചുമതലക്കാരെയും നേരത്തെ തന്നെ തെരഞ്ഞെടുത്ത് അവരുടെ ചുമതലകൾ അവരെ നേരത്തെ തന്നെ അറിയിക്കുന്ന ഒരു ക്രമീകരണം സഭയിൽ ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ എന്നും തോന്നുന്നില്ല. കൂദാശയിൽ പങ്കെടുക്കുന്ന മേല്പട്ടക്കാർക്കും അവരുടെ ചുമതലകൾ നേരത്തെ തന്നെ വിഭാഗിച്ച് കൊടുക്കുകയുണ്ടായി. ഇതിന് മുമ്പ് മൂറോൻ കൂദാശയ്ക്കും കാതോലിക്കാസ്ഥാനാരോഹണത്തിനും ചില ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഇത്രയും ക്രമീകൃതമായ രീതിയിൽ ഒന്നും നടന്നിട്ടില്ല. ആരാധന മനോഹരമാക്കി തീർക്കുവാൻ നമുക്ക് സാധിക്കും എന്നൊരു പാഠവും പരുമലപള്ളി കൂദാശയിൽ നിന്നും ലഭിക്കുന്നു



3. മേല്പട്ടക്കാരെ എഴുന്നെള്ളിച്ചുള്ള ഘോഷയാത്ര വേണ്ടെന്നുവച്ചത്

നമ്മുടെ പല പള്ളികളുടെയും കൂദാശയ്ക്കു മുമ്പായി നടക്കുന്ന ഏറ്റവും 'പ്രധാനപ്പെട്ട' ചടങ്ങ് മേലദ്ധ്യക്ഷന്മാരെ എഴുന്നള്ളിച്ചുകൊണ്ടുള്ള ഘോഷയാത്രയാണ്. വിശ്വാസികൾക്ക് സഭയോടും മേലദ്ധ്യക്ഷന്മാരോടുമുള്ള സ്നേഹബഹുമാന പ്രകടനങ്ങൾക്കുള്ള കൂട്ടായ ഒരു സംരംഭമാണ് ഇതെങ്കിലും പലപ്പോഴും ഈ സംരംഭം ലക്ഷ്യം വിട്ടുപോകുന്നുണ്ട്. കുറേ ആളുകളെങ്കിലും മദ്യപിക്കാറുണ്ട്. പള്ളിയുടെ പണം ഇതിന്റെ പേരിൽ ധൂർത്തടിക്കാറുണ്ട്. പള്ളിയുടെ കൂദാശാകർമ്മത്തിന് എത്തുന്ന മേല്പട്ടക്കാരെ കത്തിച്ച മെഴുകുതിരികളോടെ വിശ്വാസികൾ പള്ളിയുടെ പ്രധാന കവാടത്തിൽ നിന്നും മദ്ബഹായിലേക്ക് ആനയിക്കുന്ന നമ്മുടെ പാരമ്പര്യം നിലനിർത്തിക്കൊണ്ടു പോകുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരുമലപള്ളിയുടെ കൂദാശയോട് അനുബന്ധിച്ച് ഈ 'പ്രാധാന ചടങ്ങ്' വേണ്ടെന്നുവച്ചത് സഭാമക്കൾക്ക് സൽബുദ്ധി തെളിയുന്നതിന്റെ ലക്ഷണമായി ഞാൻ കാണുന്നു. ഈ മാതൃകയും നമുക്ക് ഒരു പാഠമായി സ്വീകരിക്കാവുന്നതാണ്.

4. കാര്യനിർവ്വഹണത്തിനു സ്വീകരിച്ച ശാസ്ത്രീയ ഭരണ നിർവ്വഹണരീതി (Professional Management)

നമ്മുടെ സഭയ്ക്ക് ഇതുവരെ ലഭിച്ചിട്ടില്ലാത്ത ഒന്നാണ് പ്രൊഫഷണൽ മാനേജ്മെന്റ്. ഭരണനിർവ്വഹണത്തിനു വേണ്ടി ഭരണഘടനയിൽ നാം വിഭാവനം ചെയ്തിട്ടുള്ള പല സമിതികളും കൂടി ശബ്ദകോലാഹലത്തോടു കൂടി ചില തീരുമാനങ്ങൾ എടുക്കുന്നതാണ് ഇപ്പോഴത്തെ രീതി. ആ

തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ചുമതലക്കാർ തന്നെ വിമുഖത കാണിക്കുന്നുണ്ട്. അടുത്തയോഗത്തിൽ മുൻ തീരുമാനം മാറ്റിമറിക്കാറുമുണ്ട്. ഇതിനു വിപരീതമായ ഒരു ഭരണ നിർവ്വഹണമാണ് പരുമല കൂദാശയിൽ നാം കണ്ടത്. എല്ലാ കാര്യങ്ങളിലും ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ദൃശ്യമായിരുന്നു. അതിന്റെ സൽഫലങ്ങൾ നാം അനുഭവിച്ചറിയുകയും ചെയ്തു.

ദീപശിഖാപ്രയാണം നിശ്ചിത സമയത്തു തന്നെ നിർദ്ദിഷ്ഠ സ്ഥലങ്ങളിൽ എത്തിച്ചേർന്നത് പ്രത്യേകം എടുത്തപറയേണ്ട ഒരു സംഗതിയാണ്. ദീപശിഖാപ്രയാണം. പള്ളികൂദാശാ, പൊതുസമ്മേളനം, എന്നിവയിൽ ക്രമീകൃതമായ പ്രവർത്തനങ്ങളാണ് നടന്നത്. കാര്യനിർവ്വഹണത്തിലെ ഈ ശാസ്ത്രീയ ഭരണ നിർവ്വഹണരീതി 21-ാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ഭരണക്രമത്തിന്റെ മുഖമുദ്രയായിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

5. ഒരു അത്മായക്കാരൻ കാട്ടിയ മാതൃക

പരുമലവച്ചു കൂടിയ സെൻട്രൽ കമ്മറ്റിയിൽ ജനറൽ കൺവീനർ ശ്രീ. കെ. എം. മാത്യുവിന്റെ ആമുഖ പ്രസംഗത്തിൽ വന്ന ഒരു പരാമർശം ചിലർക്ക് പ്രയാസം ഉണ്ടാക്കിയ സാഹചര്യത്തിൽ പ്രസ്താവനയിലെ ഒരു പദപ്രയോഗം ഔദ്യോഗിക രേഖയിൽ നിന്നും നീക്കം ചെയ്യുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്ത വസ്തുത ഒരു നല്ല മാതൃകയായി ഞാൻ കാണുന്നു. മലയാള മനോരമയുടെ പത്രാധിപരും സാമൂഹ്യ സാംസ്ക്കാരികനായകനുമായ ജനറൽ കൺവീനർ ശ്രീ. കെ. എം. മാത്യുവിന്റെ ഈ മാതൃക സഭയിലെ വൈദിക സ്ഥാനികൾക്കുപോലും ഒരു മാതൃകയാണ്. അദ്ദേഹത്തിന്റെ സഹിഷ്ണുതാമനോഭാവമാണ് കൂദാശയോട് അനുബന്ധിച്ചുള്ള എല്ലാ ചടങ്ങുകളും വിജയത്തിൽ എത്തിച്ചത്. ചില ചടങ്ങുകളുടെ ഫോട്ടോ എടുത്ത അവസരത്തിൽ ചില നേതാക്കന്മാർ ഫോട്ടോയിൽ സ്ഥാനം പിടിക്കുന്നതിന് തിക്കിത്തിരക്കിയപ്പോൾ ശ്രീ. കെ. എം. മാത്യു ദൂരെ മാറി നിൽക്കുന്നതും ഞാൻ കാണുകയുണ്ടായി. പ്രധാനചുക്കാൻ പിടിക്കുന്ന വ്യക്തി മറ്റുള്ളവരെ മുമ്പിലേക്കു വിട്ട് പുറകിൽ മാറി നിൽക്കുന്ന ഒരു മാതൃക! ഈ വിധത്തിൽ ത്യാഗബുദ്ധിയോടെ നേതാക്കന്മാർ പ്രവർത്തിക്കുന്ന മേഖലയിൽ മാത്രമെ വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

പരുമലപ്പള്ളിയുടെ കൂദാശയിൽ നിന്നും നമുക്ക് ലഭിച്ച പാഠങ്ങൾ 21-ാം നൂറ്റാണ്ടിലെ മലങ്കര സഭയുടെ വളർച്ചയുടെ മുഖമുദ്രയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

□

ആദ്ധ്യാത്മിക ശക്തിയിൽ നിറഞ്ഞ മഹായോഗി

ഡോ. പി. സി. അലക്സാണ്ടർ

പുതുക്കിപ്പണിത പരുമല പള്ളി കൂദാശയിൽ സംബന്ധിച്ചപ്പോൾ സ്വർഗ്ഗീയമായ അനുഭൂതി ലഭ്യമായി. മഹാ പരിശുദ്ധനായ പരുമല പുണ്യവാളനാണ് ഇവിടെ കബറടങ്ങിയിരിക്കുന്നത്.

ബഹുസഹസ്രം ജനങ്ങൾ ഈ മഹാ സമ്മേളനത്തിൽ പങ്കെടുക്കുന്നത് ഒരു മഹായോഗിയോടുള്ള അഗാധമായ ഭക്തി പ്രകടനമാണ്. മുളന്തുരുത്തിയിലെ വെട്ടിക്കൽ നിന്ന് ഭക്തിദ്യോദകമായ ഘോഷയാത്രയും തുടർന്ന് നടന്ന പരുമല പള്ളി കൂദാശയും സഭാ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി തീർന്നിരിക്കുന്നു.

പരുമല തിരുമേനിയുടെ വ്യക്തിത്വം പൗരസ്ത്യ സഭയുടെ ദർശനങ്ങളിൽ കേന്ദ്രീകൃതമായിരുന്നു. ഒരു പൗരസ്ത്യ ക്രൈസ്തവ സഭയുടെ ശക്തിക്ക് മൂന്ന് കാര്യങ്ങൾ ആവശ്യമാണ്.

1. ആരാധനയിൽ അധിഷ്ഠിതമായിരിക്കണം.

പരുമല തിരുമേനി ആരാധനയ്ക്ക് മുഖ്യപ്രാധാന്യം നൽകി. എന്റെ മാതൃ ഇടവകയായ പുതിയകാവ് പള്ളിയിൽ പരുമല തിരുമേനി താമസിച്ച് ആദ്ധ്യാത്മിക നവോത്ഥാനത്തിന് നേതൃത്വം നൽകിയ കാര്യം പഴമക്കാരിൽ നിന്നും ഞാൻ കേട്ടിട്ടുണ്ട്.

പരുമല തിരുമേനി ആരാധന നടത്തുമ്പോൾ രൂപാന്തരപ്പെടുന്ന വ്യക്തിയായിത്തീരും. ആരാധനയിൽ മുഴുവനായി അലിഞ്ഞുചേർന്നിരുന്നു. പൂർണ്ണമായും ആരാധനയിൽ ലയിച്ചുള്ള ദൈവിക ശുശ്രൂഷയാണ് നിർവ്വഹിച്ചത്. പരുമല തിരുമേനി ആരാധനയ്ക്കുള്ള പ്രാധാന്യം ശരിക്കും മനസ്സിലാക്കിയിരുന്നു. ആരാധനയ്ക്ക് മുമ്പ് പ്രത്യേക തയ്യാറെടുപ്പിലും നടപടിക്രമത്തിലും നിഷ്കർഷ പുലർത്തി. ആരാധനയുടെ നിഷ്ഠ തെറ്റിച്ചിരുന്ന ശിഷ്യന്മാരെ കഠിനമായി ശിക്ഷിച്ചു. ആരാധനയിൽ കൂടി ആദ്ധ്യാത്മിക അനുഭവം ഉൾക്കൊള്ളണമെന്ന പൗരസ്ത്യ സഭയുടെ പ്രത്യേകത പരുമല തിരുമേനി ആർജ്ജിച്ചിരുന്നു.

2. സ്നേഹത്തിൽ അധിഷ്ഠിതമായ സേവനം. സ്നേഹത്തിൽ അധിഷ്ഠിതമായ സേവനം പൗരസ്ത്യ സഭയുടെ പ്രത്യേകതയാണ്. സഭ ധന്യമാകുന്നത് സേവനം കൊണ്ടാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിൽ തത്വശാസ്ത്രങ്ങൾക്കും ദൈവശാസ്ത്രങ്ങൾക്കുമല്ലായിരുന്നു പ്രാധാന്യം. മനുഷ്യർ വിസ്മരിച്ച മൗലിക തത്വങ്ങൾ പുനർ നിർവചിക്കുകയായിരുന്നു ക്രിസ്തു ചെയ്തത്. അദ്ദേഹം പുതിയ ദൈവരാജ്യത്തെ നിർവചിക്കുന്നുണ്ട്. എനിക്കു വിശന്നു; അപ്പം നൽകി. ദാഹിച്ചു; കുടിപ്പാൻ നൽകി. നഗ്നനായിരുന്നു; ഉടുപ്പിച്ചു. രോഗിയായിരുന്നു; വന്നു കണ്ടു. തടവിലായിരുന്നു; ആശ്വാസം നൽകി. സ്നേഹത്തിന്റെയും സേവനത്തിന്റെയും വളരെ ലളിതമായ നിർവചനമാണിത്.

യേശു ക്രിസ്തു വിഭാവനം ചെയ്ത

ശേഷം 31-ാം പേജിൽ

Announcement of Vacancies

The Christian Medical Association of India (CMAI) **requires programme staff.**
Ideal candidate would be with:

* A postgraduate degree, preferably in Journalism/English Literature or equivalent
* High level of communication skills an communication-related experience with NGOs, magazines, newspapers or other relevant experience
* Experiece and interest in issues related to health and development, preferably with NGOs
* Computer Sawy (MS Office, knowledge of PageMaker usefull)

The individual should be able to:

* Handle correspondence and budgets, Liaise with the press and electronic media

Attractive compensation

Please apply with CV & samples of Publications/production to:

The General Secretary
Christian Medical Association of India
Plot 2, A-3, Local Shopping Centre
Janakpuri, NewDelhi 110 058
Fax: 91-11-5598150, E-mail: cmai@cmai.org

2ND DEATH ANNIVERSARY

28-10-2000



EASO ANDREWS (KUNJUMON)

OOLAMACKAL, VAZHOOR

Inserted by:
Wife & Children

9TH DEATH ANNIVERSARY

LIJU VARGHESE

(Mannooparampil, Karuvatta)

27-2-1975



17-11-1991

Who Plucked this flower?
"THE MASTER"

Inserted by:
Mr. George Varghese, Mrs. Leela Varghese,
Miss. Leena Varghese
17/1/ Old Air India Colony
Kalina, Santacruz (E), Mumbai

29-ാം പേജിൽ നിന്നു തുടർച്ച

ദൈവരാജ്യത്തിന്റെ നിർവചനം വളരെ ലളിതമായി ജനങ്ങളെ പഠിപ്പിച്ചു. ഇത് പാലിക്കപ്പെടുമ്പോൾ വാഗ്ദത്തം ചെയ്തിട്ടുള്ള സ്വർഗ്ഗീയ അനുഭവങ്ങൾക്ക് നാം അർഹരായിത്തീരും.

പരുമല തിരുമേനിയുടെ ജീവിതവും സ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞ സേവനമാതൃകകളായിരുന്നു. ആരെങ്കിലും പണം ചോദിച്ചാൽ പരുമല തിരുമേനി നൽകിയിരുന്നു. കീശയിൽ കൈയിട്ട് ഉള്ളതു മുഴുവനായി നൽകിയിരുന്നു എന്ന് കേട്ടിട്ടുണ്ട്.

ഓർത്തഡോക്സ് സഭ ആർക്കും നാലു കാശു കൊടുക്കുകയില്ല എന്ന ദുഷിച്ച പാരമ്പര്യം ഇപ്പോൾ മാറിയിട്ടുണ്ട്. ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രിഗോറിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നിവരുടെ പ്രവർത്തനഫലമായി സഭയുടെ പ്രതിച്ഛായയ്ക്ക് മാറ്റം വന്നിട്ടുണ്ട്. സാമൂഹ്യ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിഞ്ഞു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ സഭ പരുമല തിരുമേനിയുടെ മാതൃകകൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സന്നദ്ധമാകണം. ദൂരദർശനമുള്ള പുതിയ പന്ഥാവുകൾ തുറക്കുവാൻ സഭയ്ക്ക് ഇനിയും കഴിയണം.

3. ആത്മീയ ശക്തിയാൽ നയിക്കപ്പെടണം. ആത്മീയ വിഷയങ്ങളിലുള്ള അറിവല്ല; അനുഭവം ജീവിതത്തിലുണ്ടാകണം. പുസ്തകങ്ങൾ ധാരാളം വായിച്ചാൽ ആത്മീയ കാര്യങ്ങൾ മനസ്സിലാക്കാം. എന്നാൽ പുസ്തകങ്ങളിൽ നിന്നുള്ള പാണ്ഡിത്യമല്ല; യഥാർത്ഥ ക്രിസ്തീയ ജീവിതശൈലിയാണ് ജീവിതത്തിലുണ്ടാകേണ്ടത്. പ്രാർത്ഥനയുടെയും തപസ്സിന്റെയും ത്യാഗസന്നദ്ധതയുടെയും ആയിരിക്കണം ആ ജീവിത ശൈലി.

ഗുഹകളിലും പർവ്വതങ്ങളിലുമായി ആത്മീയ ജീവിതം നയിക്കുന്നവരുണ്ട്. എന്നാൽ പരുമല തിരുമേനി ജനസമൂഹത്തിൽ താമസിച്ച് ആദ്ധ്യാത്മിക മാതൃക കാണിച്ചു കൊടുത്തു. സാധാരണക്കാരോട് ഒപ്പം ജീവിച്ചു. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ സഹകരിച്ചു. ഇത് പരുമല തിരുമേനിയുടെ ഒരു ജീവിത ശൈലിയായിരുന്നു.

പരുമല തിരുമേനി ദൈവവുമായി ദൈനംദിനം സംസർഗ്ഗം ചെയ്തു. ഒരിക്കലും ഒരു മതത്തിൽ തന്നെ ഒതുങ്ങി നിന്നില്ല. പരുമല തിരുമേനിയുടെ അടുക്കൽ ജാതിമത ഭേദമെന്യേ നിരവധി ആളുകൾ എത്തിയിരുന്നു. ലോകത്ത് ജീവിച്ചിരുന്നു എങ്കിലും പരുമല തിരുമേനിയിൽ ലൗകികം മാറിപ്പോയിരുന്നു. ആദ്ധ്യാത്മിക ജീവിത പ്രകാശം നിറഞ്ഞതായിതീരുന്നത് ലൗകികം മാറിപ്പോകുമ്പോഴാണ്.

പരുമലയിലെ വസ്തുവകകൾ എല്ലാം ശിഷ്യനായ പുന്നൂസ് റമ്പാനെ ഏല്പിക്കുന്ന കല്പനയിൽ പരുമല തിരുമേനി ഇപ്രകാരം പറഞ്ഞു:

'പ്രിയനെ, പരുമലയിൽ എനിക്കുള്ളതെല്ലാം ഞാൻ പ്രിയനെ ഭരമേൽപ്പിക്കണമെന്ന് ഇന്ന് ദൈവം നമുക്ക് ആലോചന ചെയ്തിരിക്കുന്നു'. ദൈവവുമായി പരുമല തിരുമേനി നിത്യസംസർഗ്ഗം ചെയ്തിരുന്നു. ആദ്ധ്യാത്മിക ശക്തിയിൽ നിറഞ്ഞ മഹായോഗിയായിരുന്നു പരുമല തിരുമേനി.

പരുമല തിരുമേനിയുടെ ദിവ്യതേജസ്സിന്റെ ദിവ്യപ്രഭ ഉൾക്കൊണ്ട മൂന്നു പ്രഗൽഭരായ ശിഷ്യന്മാരാണ് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ്, കടവിൽ പൗലോസ് മാർ അത്താനാസിയോസ് എന്നിവർ. എന്നാൽ നിർഭാഗ്യമെന്നു പറയാം, കാലം കഴിഞ്ഞപ്പോൾ വട്ടശ്ശേരിൽ തിരുമേനിയും കല്ലാശ്ശേരിൽ തിരുമേനിയും വാദിയും കടവിൽ പൗലോസ് മാർ അത്താനാസിയോസ് പ്രതിയുമായി തീർന്നു.

ഭാരതത്തിന്റെ പ്രത്യേകത മതസഹിഷ്ണുതയാണ്. ഇന്ത്യൻ ഓർത്തഡോക്സ് സഭയും മത സഹിഷ്ണതയും സാഹോദര്യവും പരിപാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പരുമല തിരുമേനി വളർത്തിയെടുത്ത ആദ്ധ്യാത്മിക പാരമ്പര്യം സഭയിൽ വളർന്നു വരണം.

വളരെ ഭംഗിയായി പരുമല പള്ളി കൂദാശയും ഈ സമ്മേളനവും നടക്കുന്നതു കണ്ട് പരുമല തിരുമേനി സന്തോഷിക്കും, നിശ്ചയം. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

(പരുമല പള്ളി കൂദാശയ്ക്കു ശേഷം നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്ത് പരുമലയിൽ നടത്തിയ പ്രഭാഷണം. 28 ഒക്ടോബർ 2000)

സമ്പാദകൻ: ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

വൈദിക ചരമം



വടക്കൻമണ്ണൂർ, പുറകുളത്ത് വെരി. റവ. എം.ഇ. ഈപ്പൻകോർ എപ്പിസ്ക്കോപ്പാ (84) നിര്യാതനായി. വടക്കൻമണ്ണൂർ സെന്റ് തോമസ് ഇടവകയിൽ കബറടക്കി.

ജനനം 26-6-1917, ഇന്റർ മീഡിയറ്റിനുശേഷം റ്റി.റ്റി.സി. പാസ്സായി. വൈദിക സെമിനാരി പഠനത്തിനുശേഷം, 1947-ൽ വിവാഹിതനായി, സഹധർമ്മിണി കാരാപ്പുഴ തിരുവാതുക്കൽ ശ്രീ. റ്റി. പി. ജോണിന്റെ മകൾ റിബേക്കാമ്മ. 1948 -ൽ വൈദികനായി. വടക്കൻമണ്ണൂർ, കാരാട്ടുകുന്നേൽ വേളൂർ, മീനടം, പാമ്പാടി തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ചു. മക്കൾ: മറിയാമ്മ, ഏലിയാമ്മ, ശോശാമ്മ, റിബേക്കാമ്മ, ആനി, ഈപ്പൻ.

ഒന്നാം റാങ്ക്

എം. ജി യൂണിവേഴ്സിറ്റി ബി. എസ്. സി. പരീക്ഷയിൽ മാത്തമാറ്റിക്സിന് ഒന്നാം റാങ്ക് നേടിയ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് വിദ്യാർത്ഥിനി പുളിവേലിൽ മഞ്ജു സൂസൻ തോമസ്.



ഇതേ കോളജിലെ കെമിസ്ട്രി പ്രഫസറായിരുന്ന പി. തോമസിന്റെയും പത്തനംതിട്ട കെ. എസ്. ബി. യിൽ സീനിയർ സൂപ്രണ്ടായിരുന്ന സാറാമ്മയുടെയും ഇളയ മകളും, പുളിവേലിൽ ദാനിയേൽ അച്ചന്റെ കൊച്ചുമകളുമാണ്

അഖില മലങ്കര ഉപന്യാസ മത്സരം

ഇടവങ്കാട്: സെന്റ് മേരീസ് ഓർത്ത്ഡോക്സ് പള്ളിയിലെ എം. പി. എം. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുജയന്തി മഹാജൂബിലിയോടനുബന്ധിച്ച് 21-ാം നൂറ്റാണ്ടിലെ ക്രൈസ്തവ ദൗത്യം എന്ന വിഷയത്തെ ആസ്പദമാക്കി അഖിലമലങ്കരാടിസ്ഥാനത്തിൽ ഒരു ഉപന്യാസ മത്സരം നടത്തുന്നു. മലങ്കരസഭയിലെ 45 വയസിൽ താഴെയുള്ള എല്ലാ യുവതീയുവാക്കൾക്കും പങ്കെടുക്കാം. ഉപന്യാസം 10 പേജിൽ കുറയരുത്. ഉപന്യാസം ഡിസംബർ 15-നു മുമ്പായി യുവജന പ്രസ്ഥാനം സെക്രട്ടറിയുടെ പേർക്ക് താഴെ പറയുന്ന അഡ്രസിൽ അയച്ചുതരേണ്ടതാണ്.

ശ്രീ. സഞ്ചു ജോൺ,
ചെറുവള്ളിൽ ഹൗസ്
തോനയ്ക്കാട് പി.ഒ.
ചെറിയനാട്
പിൻ-689511
ഫോൺ - 0479-351222
451155

ഓറീസാ ഭവന നിർമ്മാണ പദ്ധതിയ്ക്ക് നാലു വീടുകൾ

മലങ്കരസഭ ഒറീസ്സായിൽ നടത്തുന്ന ഭവനനിർമ്മാണ പദ്ധതിയുടെ ബറോഡ മാർ ഗ്രീഗോറിയോസ് ഇടവക 4 വീടുകൾക്കുള്ള പണം, (1,60,000) അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ഏല്പിച്ചു. ഇടവകയിൽ ന്നു 1 ഉം ഇടവകയോടനുബന്ധിച്ചുള്ള ബേസിക് സ്ക്കൂൾ - ൽ നിന്നു 1 ഉം എൽദോഴ്സ് അംഗങ്ങൾ ചേർന്നു 1 ഉം 4 പേർ ചേർന്ന 1 ഉം ഇങ്ങനെ 4 വീടുകൾക്കുള്ള പണമാണ് ശേഖരിച്ച് അഭി. തിരുമേനിയെ ഏൽപ്പിച്ചത്. മാർച്ചിൽ ഇവിടെ നടത്തിയ കൺവെൻഷൻ തിരുമേനി നേതൃത്വം നൽകി. കൂടാതെ ബേസിൽ സ്ക്കൂളിന്റെ ആനുവൽ ഡേ ബോംബെ ഭദ്രാസനത്തിന്റെ ഏകദിന സമ്മേളനവും അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഫാ. തോമസ് മ്യാലിൽ ഇവിടെ ഇടവക വികാരിയായും സ്ക്കൂളുകളുടെ ചെയർമാനായും സേവനം അനുഷ്ഠിക്കുന്നു.

വായനക്കാരുടെ കത്തുകൾ

മലങ്കരസഭയ്ക്ക് ഇംഗ്ലീഷ് പതിപ്പ് അത്യാവശ്യം

മലങ്കരസഭ സെപ്റ്റംബർ ലക്കത്തിൽ വന്ന എഡിറ്റോറിയൽ വളരെ ശ്രദ്ധേയമായിരുന്നു. എല്ലാപ്രാവശ്യത്തേയും എഡിറ്റോറിയൽ ആനുകാലിക പ്രാധാന്യം ഉള്ളതാകയാൽ അവ വിടാറില്ല. മലങ്കരസഭ മാസികയ്ക്ക് ഇടയ്ക്കുണ്ടായിരുന്ന തളർച്ച ഇപ്പോൾ മാറി - ഇത് നല്ല നിലവാരം പുലർത്തുന്ന ഒരു മാസികയായി വളരുന്നതിൽ സന്തോഷമുണ്ട്.


എന്നാൽ ഈ കത്ത് എഴുതുവാനുള്ള സാഹചര്യം മറ്റൊന്നാണ്. ബഹു. കുറിയാക്കോസ് ശെമ്മാശ്ശൻ Out side Kerala Diocese ലെ പലപള്ളികളിലും പോയി - ഇവിടെയും വന്ന് Subscribers നെ വർദ്ധിപ്പിച്ചു. 5-10 വർഷങ്ങളിലേക്ക് Subscription കൊടുത്തവർ, തങ്ങളുടെ മക്കളുടെ പേരിലാണ് പലരും കൊടുത്തിരിക്കുന്നത്. എന്നാൽ മലയാളം എഴുതുവാനും വായിക്കുവാനും അറിയില്ലാത്ത ഇവരുടെ മക്കൾക്ക് ഈ മാസികയിൽ വായിച്ചു മനസ്സിലാക്കുവാൻ ആകെയുള്ളത് English - ൽ ഒരു article മാത്രം! മലങ്കരസഭ; മാസികയിൽ ബാഹ്യകേരള പംക്തി എന്നോ വിദേശ പംക്തി എന്നോ ഉള്ള കോളം കൂടി ഇതിൽ ഉൾപ്പെടുത്തി English ലോ Hindi യിലോ നല്ല article ചേർത്താൽ ഇവർക്കു കൂടി ഇതു പ്രയോജനപ്പെടുത്താമായിരുന്നു.

കൂടാതെ ഭാവിയിൽ കേരളത്തിനു പുറത്തും ഇന്ത്യക്കു വെളിയിലുമായി "മലങ്കരസഭയുടെ" ഒരു എഡിഷൻ കൂടി പുറത്തിറക്കുന്നതു ചിന്തിക്കുന്നതു നന്നായിരിക്കും. അപ്പോൾ മലങ്കരസഭ മാസികയെ സ്ഥിരമായി സഹായിക്കുന്ന പല ആളുകളും മറുനാട്ടിൽ നിന്നും ഉണ്ടാകുമല്ലോ. ഈ എഴുതിയ കാര്യങ്ങൽ മാസികയുടെ എഡിറ്റോറിയൽ ബോർഡ് സഗൗരവം ചിന്തിച്ച് വേണ്ടതു പ്രവർത്തിച്ചാൽ പുറം നാടുകളിൽ സ്ഥിരം താമസിക്കുന്ന മലങ്കര സഭാമക്കളുടെ അടുത്ത തലമുറയെ കുറെയൊക്കെ പ്രയോജനപ്പെടുത്തുവാൻ മലങ്കരസഭയ്ക്കു സാധിക്കും. എല്ലാ ആശംസകളും നേരുന്നു.

ഫാ. യൗനാൻ മുളമൂട്ടിൽ

ഇനിപണംവേണ്ട:- *മാർ ഒസ്താത്തിയോസ്*

പരുമല ഒക്ടോ.28 മലങ്കര ഓർത്തഡോക്സ് സഭ ഏറ്റെടുത്ത ഒറീസാ പുനരധിവാസ പദ്ധതിക്ക് ഇനിയും പണം ആവശ്യമില്ലെന്ന് മാർ ഒസ്താത്തിയോസ് അറിയിച്ചു. ഒരു കോടി രൂപ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചത്. ഇതു വരെ ഒരു കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. ഭവനങ്ങളുടെ പണിയും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. 42 ഭവനങ്ങൾ പൂർണ്ണമായി പണിതീർത്തു. 192 ഭവനങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.



കട്ടക് ഡിസ്ട്രിക്ടിലെ ഇന്ദിരാഗ്രാമത്തിൽ പണിത ഭവനങ്ങളിൽ ചിലത്

യാത്രയയപ്പ്.

ഫാ. കെ. ഗീവർഗീസ് (ഷിബു അച്ചന്) ദേവലോകം അരമന ചാപ്പലിൽ ഒക്ടോബർ ഒന്നാം തീയതി ഞായറാഴ്ച വി. കുർബ്ബാനയെ തുടർന്ന് യാത്രയയപ്പു നൽകി. പ്രസ്തുത സമ്മേളനത്തിൽ പ. ബാവാ തിരുമേനി അദ്ധ്യക്ഷം വഹിച്ചു. ബസ്സേലിയോസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. ജോൺ മാത്യു അരമന മാനേജർ ഫാ. റ്റി. ജി. സഖറിയ എന്നിവർ പ്രസംഗിച്ചു. വർഗീസച്ചൻ സമുചിതമായി മറുപടി പ്രസംഗം ചെയ്തു.

ഫാ. സി. സി. ജോൺ ദേവലോകം അരമന അസ്സി. മാനേജർ



കൊട്ടാരക്കര സെ. ഗ്രീഗോറിയോസ് ഹയർസെക്കന്ററി സ്ക്കൂളിൽ സുറിയാനി അദ്ധ്യാപകനായി നിയമിതനായ ദേവലാകം അരമന അസ്സി. മാനേജർ റവ. ഫാ. കെ. ഗീവർഗീസിനു പകരം അസ്സി. മാനേജരായി കൊല്ലം ഭദ്രാസന അരമന മാനേജരായിരുന്ന റവ. ഫാ. സി. സി. ജോണിനെ പ. ബാവാ തിരുമേനി നിയമിച്ചു. ഓക്ടോബർ ഒന്നാം തീയതി ഫാ. ജോൺ അരമനയിൽ എത്തി ചാർജ്ജെടുത്തു.

ഫാ. പി. എ. ശമുവേൽ സ്മാരക പ്രസംഗ മത്സരം

തുമ്പമൺ ഭദ്രാസന കിഴക്കൻ മേഖല ദേവാലയങ്ങളുടെ മുഖ്യ ശില്പിയായിരുന്ന ദിവംഗതനായ ഫാ. പി. എ. ശമുവേലിന്റെ സ്മരണയെ നിലനിർത്തുവാൻ തണ്ണിത്തോട് ഡിസ്ട്രിക് യുവജന പ്രസ്ഥാനം ആരംഭിച്ചതാണ് ഫാ. പി. എ. ശമുവേൽ സ്മാരകപ്രസംഗ മത്സരം. ഈ വർഷത്തെ മത്സരം നവംബർ 5-ാം തീയതി തണ്ണിത്തോട് സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടത്തി.

വനിതാ സമ്മേളനം

ബോംബെ ഭദ്രാസന ത്തിലെ മർത്തമറിയം സമാജത്തിന്റെ ബോംബെറീജിയന്റെ സമ്മേളനം ഈ ഒക്ടോബറിൽ ദാദർ സെന്റ് മേരീസ് ചർച്ച് ഹാളിൽ വച്ച് നടക്കുകയുണ്ടായി.

പ്രാർത്ഥനയ്ക്കു ശേഷം സമാജം വൈസ് പ്രസിഡന്റ് ബഹു. യൗനാൻ മുളമൂട്ടിൽ അച്ചൻ ആമുഖ പ്രസംഗം നടത്തി. ശ്രീമതി ഷൈലാ ഹൈററ്റായും ഡോ. ഐസക് ജോണും പ്രസംഗിച്ചു.

അടുത്ത മൂന്ന് വർഷത്തേക്ക് മലാഡ് സോണിന് സോണൽ സെക്രട്ടറിയായി ശ്രീമതി. പ്രിൻസസ് ബാബുവിനെയും ബോംബെ റീജിയണൽ സെക്രട്ടറിയായി ശ്രീമതി മറിയാമ അലക്സാണ്ടറിനെയും ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

മീറ്റിംഗിൽ ഡോ. സൂസി മാത്യു, സ്വാഗതവും, അന്നാമ്മ വർഗീസ്കൃതജ്ഞതയും പറഞ്ഞു.

ഭൂമിയിൽ ദൈവരാജ്യം പണിയുവാൻ ശ്രമിച്ച പരിഷ്കർത്താവ് പത്രോസ് മാർ ഒസ്താത്തിയോസ്- മാർ സേവേറിയോസ്

ഭൂമിയിൽ ദൈവരാജ്യം എങ്ങനെ നടപ്പാക്കുവാൻ കഴിയുമെന്ന് പരീക്ഷിച്ചു നോക്കിയ സാമൂഹ്യ പരിഷ്ക്കർത്താവായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി എന്ന് സ്ലീബാദാസ സമൂഹം പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി അഭിപ്രായപ്പെട്ടു.

ജനറൽ സെക്രട്ടറി ഫാ. എം. റ്റി. ശാമുവൽ റിപ്പോർട്ടവതരിപ്പിച്ചു. സമ്മേളനത്തിൽ വെരി. റവ. ജോൺ വി. ജോൺ കോറെപ്പിസ്ക്കോപ്പാ, ഡോക്ടർ തോമസ് അമ്പാടൻ, എസ്സ്. കെ. അടൂർ എന്നിവർ ആശംസാ പ്രസംഗം നടത്തി. രാവിലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ അന്തോനിയോസ് തിരുമേനി വി. കുർബാന അർപ്പിച്ചു. സമ്മേളനത്തിൽ വികാരി റവ. ഫാ. കെറ്റി. ഏലിയാസ് സ്വാഗതവും ഫാ. എം. റ്റി. ശാമുവൽ നന്ദിയും പറഞ്ഞു. പതിവുപോലെ സുവിശേഷഘോഷയാത്രയും നടത്തി. 13നു ബുധനാഴ്ച രാവിലെ പ്രസിഡന്റ് തിരുമനസ്സ് കൊണ്ട് വി. കുർബാന അർപ്പിച്ച് സമൂഹത്തിന്റെ പതാക ഉയർത്തി ആഘോഷ പരിപാടികൾ സമാരംഭിച്ചു. തുടർന്ന് വി. കുർബാനയെ കുറിച്ച് ഫാ. ജോസി ജേക്കബും പ്രാർത്ഥനകളുടെ വിവിധ രീതിയെകുറിച്ച് ഡോക്ടർ മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പരിപാടികളിലെല്ലാം വൈസ്പ്രസിഡന്റ് വെരി. റവ. റ്റി. വി. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ സന്നിഹിതനായിരുന്നു.

സൺഡേസ്കൂൾ വാർത്താ

1) അദ്ധ്യാപക പരിശീലന പരിപാടി

സണ്ടേസ്ക്കൂൾ ഇത്രയധികം വളർച്ചയും അഭിവൃദ്ധിയും പ്രാപിച്ചിട്ടില്ലാത്ത ആദ്യകാലങ്ങളിൽ അദ്ധ്യാപക പരിശീലന ക്യാമ്പ് ഒരാഴ്ച നീണ്ടു നിൽക്കുന്നതായിരുന്നു. മുഴുവൻ സമയവും ക്യാമ്പിൽ താമസിക്കണമെന്ന് നിഷ്കർഷമുണ്ടായിരുന്നു. ബൈബിൾ, വേദശാസ്ത്രം, സഭാചരിത്രം എന്നിവയ്ക്കു പുറമേ ബാലമന:ശാസ്ത്രം, ബോധനരീതിയുടെ സാങ്കേതിക വശങ്ങൾ എന്നിവയും പഠനത്തിൽ ഉൾപ്പെടുത്തിയിരുന്നു. അന്നും എല്ലാ വർഷവും ക്ലാസ്സുകൾ ഞാൻ എടുത്തിട്ടുള്ളതാണ്.

ഇന്ന് സണ്ടേസ്ക്കൂളുകൾ വളരെ വർദ്ധിച്ചു അതോടൊപ്പം അദ്ധ്യാപകരുടെ സംഖ്യയും. അതു കൊണ്ട് ഇപ്പോൾ ഓരോ ഭദ്രാസനത്തിലും പരിശീലന പരിപാടി ക്രമീകരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ അതാണ് നല്ലത്. എന്നാൽ ഇന്നത്തെ സംവിധാനത്തിൽ പലപോരായ്മകളും ചൂണ്ടിക്കാണിക്കുവാനുണ്ട്.

1) ദിവസങ്ങളുടെ അപര്യാപ്തത: മിക്ക ഭദ്രാസനങ്ങളും മൂന്നു ദിവസമായി പരിമിതപ്പെടുത്തുന്നു. ചിലയിടങ്ങളിൽ രണ്ടു ദിവസങ്ങളേയുള്ളു അതിൽ ആദ്യത്തെ ദിവസം "ഉൽഘാടനസമ്മേളനവും", അവസാന ദിവസത്തിൽ സമാപന സമ്മേളനവും സമയം കുറെ അപഹരിക്കും. ക്യാമ്പുകളായി നടത്തുന്നതിന്റെ പ്രയോജനം 'പകൽ ക്ലാസ്സുകൾ' മാത്രമായി നടത്തിയാൽ ലഭിക്കയില്ല.

2) പഠനവിഷയങ്ങൾ: ബാലമനഃശാസ്ത്രം, ബോധനസമ്പ്രദായം എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ ഇന്നില്ല. പഠിപ്പിക്കുവാൻ വരുന്നവരുടെ ഇഷ്ടത്തിനു വിഷയം വിട്ടുകൊടുക്കാതെ ഇന്നയിന്ന വിഷയങ്ങൾ എന്നു നേരത്തേ നിശ്ചയിച്ച് അതനുസരിച്ച് അദ്ധ്യാപകരെ ക്രമീകരിക്കണം.

3) ബി. എഡ്, ട്രയിനിംഗ്, എന്നീ കോഴ്സുകൾ കഴിഞ്ഞ അദ്ധ്യാപകർ വളരെ കുറവാണ്. അങ്ങനെയുള്ളവർ ഇടവകകളിൽ ഉണ്ടെങ്കിലും അവർ സണ്ടേസ്ക്കൂൾ അദ്ധ്യാപനത്തിനു സന്നദ്ധരാവാറില്ല.

ബോധനത്തിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും, ബാലമനഃശാസ്ത്രത്തെക്കുറിച്ചു മുള്ള ക്ലാസ്സുകൾ ഓരോ പരിശീലന പരിപാടിയിലും ഉൾപ്പെടുത്തണം. മോഡൽ ക്ലാസ്സ്, കിട്ടി സിസംക്ലാസ്സ് എന്നിവ, ഡിസ്ട്രിക്ട് സമ്മേളനങ്ങളിൽ ക്രമീകരിക്കണം. അവ വളരെ പ്രയോജനം ചെയ്തും.

"ഉൽഘാടന സമ്മേളനം" "സമാപന സമ്മേളനം" - എന്നിവയ്ക്ക് ആശംസാപ്രസംഗം ചെയ്യാൻ, പഞ്ചായത്തു മെമ്പർ, എം. എൽ. എ; അതുപോലെ ഒട്ടേറെപ്പേരെ സ്റ്റേജിൽ അണി നിരത്തുന്നത് നിശ്ചയമായും ഒഴിവാക്കണം. നമ്മുടെ മുമ്പിലുള്ള സമയം എത്രയും പ്രയോജനപ്രദമായി നടത്തുക എന്നതാണ് നാം ലക്ഷ്യമാക്കേണ്ടത്. കേവലം ഒരു "പരിപാടി" നടത്തുകയല്ലേ നമ്മുടെ ലക്ഷ്യം.

2) ഇടവകതലത്തിൽ നടത്താവുന്ന രണ്ടു മത്സരങ്ങൾ:-

നമ്മുടെ ഒരു സണ്ടേസ്ക്കൂൾ പരീക്ഷണം എന്നവണ്ണം പെയിന്റിങ്ങിന് മത്സരം സംഘടിപ്പിച്ചും ജൂണിയേഴ്സ്, സീനിയേഴ്സ് എന്ന രണ്ടു വിഭാഗങ്ങളായിട്ടായിരുന്നു. ഓരോ വിഭാഗത്തിനും ഓരോ വിഷയം നൽകി. മത്സരം വമ്പിച്ച വിജയമായിരുന്നു. കുട്ടികൾക്ക് വലിയ ഉത്സാഹവും ആവേശവും പ്രകടിപ്പിച്ചു. മാതാപിതാക്കളിലായിരുന്നു ഇക്കാര്യത്തിൽ സന്തോഷവും താല്പര്യവും അധികം കാണപ്പെട്ടത്.

മറ്റൊരു മത്സരം വാക്യം വേഗത്തിൽ എടുത്തു ഭംഗിയായി വായിക്കുന്നതിനായിരുന്നു. ഇത് ഇപ്പോൾത്തന്നെ ചില സണ്ടേസ്ക്കൂളുകളിൽ നടത്തുന്നതായിട്ടറിയാം. കുഞ്ഞുങ്ങൾ വേദപുസ്തകം നിത്യം വായിക്കുന്നതിനും, അതിലെ പുസ്തകങ്ങൾ ഏതൊക്കെയെന്നും എവിടെയെല്ലാമെന്നും മനസ്സിലാക്കുന്നതിനും ഈ മത്സരം സഹായിക്കുന്നു. വിദേശങ്ങളിലുള്ള നമ്മുടെ സണ്ടേസ്ക്കൂൾ കുഞ്ഞുങ്ങൾ ഇക്കാര്യത്തിൽ നാട്ടിലെ കുട്ടികളെക്കാൾ വളരെ മുമ്പിലാണെന്ന് എനിക്കു സാക്ഷിക്കുവാൻ കഴിയും. പ്രോട്ടസ്റ്റന്റു വിഭാഗങ്ങളിൽ ഓരോ, കുട്ടിക്കും ഓരോ വേദപുസ്തകം ഉണ്ടായിരിക്കും. അതുകൊണ്ട് അവർ അതു കൂടുതലായി ഉപയോഗപ്പെടുത്തും.

3) ഒരുനല്ല സമ്മാനം

സണ്ടേസ്ക്കൂൾ അദ്ധ്യാപകരുടെ വിവാഹം ഗൃഹപ്രവേശനം, മുതലായ സന്ദർഭങ്ങളിൽ നൽകുവാൻ ഒരു നല്ല സമ്മാനം ഇപ്പോൾ എം. ഒ. സി. പബ്ലിക്കേഷൻസ്, ദേവലോകം, കോട്ടയം, ഒരുക്കിയിരിക്കുന്നു. വേദപുസ്തകം, പാട്ടുപുസ്തകം, കുടുംബാരാധനക്രമം കുർബാനക്രമം എന്നിവയ്ക്കു പുറമേ ക്രിസ്തീയ കുടുംബജീവിതത്തിനാവശ്യമായ പ്രബോധനം നൽകുന്ന "കുടുംബവേദി" എന്ന പുസ്തകവും ചേർത്ത് ആകർഷമായ ഒരു "കിറ്റ്ബോക്സ്" ആയി നൽകുന്നു. ഇരുനൂറു രൂപാ മാത്രമേ വിലയുള്ളു. അകർഷകവും പ്രയോജനപ്രദവുമായ ഈ "ഉപഹാരം" ലഭ്യമാണെന്ന വസ്തുത അറിയിക്കുന്നു.

4) പുതിയ ഭാരവാഹികൾ

ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭദ്രാസനഡയറക്ടർ, അദ്ധ്യാപക പ്രതിനിധി, ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറന്മാർ തുടങ്ങിയവരുടെ കാലാവധി ഈ വർഷം അവസാനിക്കുകയാണ്. പുതിയഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും ഉൾക്കൊള്ളുന്ന വിജ്ഞാപനം ചുമതലപ്പെട്ട എല്ലാവർക്കും അയച്ചുകൊടുക്കുന്നതാണ്. അർപ്പണബോധമുള്ളവരും സേവനതല്പരരും, കാര്യശേഷിയുള്ളവരുമായ പ്രവർത്തകർ രംഗത്തുണ്ടായാൽ പ്രസ്ഥാന പ്രവർത്തനം സുഗമമായി പുരോഗമിക്കും. അതുകൊണ്ട് പ്രാർത്ഥനാ പൂർവ്വം ഇക്കാര്യത്തിൽ ശ്രദ്ധിച്ചു പ്രവർത്തക്കേണ്ടിയിരിക്കുന്നു.

ആശംസകളോടെ

ഫാ. റ്റി. ജെ ജോഷ്വ


SECOND DEATH ANNIVERSARY

NOVEMBER 14, 2000

In Everloving Memory of

MRS. MARY ZACHARIA

June 26, 1906



Nov. 14, 1998

" I have fought the good fight, I have finished the race, I have kept the faith, Now there is in store for me the crown of righteousness, which the Lord will award to me on that day" 2 Timo 4:7,8

BABOO / BABY, CHARLIE / SARO, ALEX / PREMA
GRANDCHILDREN & GREAT GRAND CHILDREN

Mannilzach Bhavan
Thekkemala
Kozhencherry

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000

THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

നാലാം ഓർമ്മ പെരുന്നാൾ

ദേവലോകം കാതോലിക്കേറ്റ് അരമന

8-11-2000



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.